



# മസ്ദൂർ ഭാരതി

MAZDOORBHARATHI MONTHLY

തൊഴിലാളി വാർത്താ മാസിക

ഭാരതീയ മസ്ദൂർ സംഘം കേരളപ്രദേശ് മുഖപത്രം

Volume: 40 2023 APRIL Issue 4



മസ്ദൂർഭാരതി

കല്ലായ് റോഡ്, കോഴിക്കോട് – 673002

ഫോൺ : 0495 2305040

e-mail : mazdoorbharathi@gmail.com



**മുഖപ്രസംഗം** ബി.എം.എസ്. ഭാരതത്തിലെ തൊഴിലാളി ശബ്ദം 4

**ചാനൽ മേധാവി മുട്ടുമടക്കി ബി.എം.എസ്സിന്റെ ചരിത്രവിജയം** 6
മധുകുമാർ കെ.വി

ഇ.പി.എഫ് ഉയർന്ന പെൻഷൻ ഓപ്ഷൻ ആർക്കെല്ലാം നല്കാം.................9
അഡ്വ.സി.ബി.മുകുന്ദൻ

**ചരിത്രം കുറിച്ച ദേശീയസമ്മേളനം................13**
ഇ.ദിവാകരൻ

തൂക്കുമരങ്ങളെ ചുംബിച്ചുണർത്തിയ വിപ്ലവകാരികൾ..........................................17
കെ.വി.രാജേന്ദ്രൻ

ഠേംഗ്ഡിജിയുടെ ദർശനം യാഥാർത്ഥ്യമാക്കിയ എൽ 20 ..........................26
ബി.രാധാകൃഷ്ണൻ

എൽ 20 യുടെ മുദ്രാവാക്യം ഒരു ഭൂമി, ഒരുകുടുംബം, ഒരു ഭാവി....................29
ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ

**ബി.എം.എസ് പ്രമേയം..................................15**
**ആർ.എസ്.എസ്. പ്രമേയം...............................24**

വാർത്തകൾ..............................................................30

നിരീക്ഷണങ്ങൾ വിശകലനങ്ങൾ കല്ലറ അജയൻ — ഭാഷയും ചിന്തയും 21



**മസ്ദൂർ ഭാരതി**

**ഉപദേശക സമിതി**

അഡ്വ.സി.കെ.സജി നാരായണൻ
കെ.ഗംഗാധരൻ
പി.ഗോപാലൻകുട്ടി മാസ്റ്റർ
വി.രാധാകൃഷ്ണൻ
ഡോ.എം.വി.നടേശൻ
ഡോ.കെ.ആർ.രാധാകൃഷ്ണപിള്ള
കല്ലറ അജയൻ
എം.എസ്. ശ്യാംകുമാർ
കെ.വി.രാജേന്ദ്രൻ

മാനേജർ : ഇ.ദിവാകരൻ

**പത്രാധിപസമിതി**

എഡിറ്റർ : കെ.കെ.വിജയകുമാർ
അസി.എഡിറ്റർ : ടി.എം.നാരായണൻ
സബ് എഡിറ്റർ : കെ.പി.അഖിലേഷ്

സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ
ജി.കെ.അജിത്ത്
കെ.മഹേഷ്
എം.പി.രാജീവൻ

അദ്ധ്വാനം ആരാധനയാണ്

മസ്ദൂർ ഭാരതി
MAZDOORBHARATHI MONTHLY
തൊഴിലാളി വാർത്താ മാസിക

പുസ്തകം: 40 2023 ഏപ്രിൽ ലക്കം 4

# ബി. എം. എസ്. ഭാരതത്തിലെ തൊഴിലാളിശബ്ദം

**ഭാ**രതത്തിലെ ഏറ്റവും വലിയ തൊഴിലാളി പ്രസ്ഥാനമായ ഭാരതീയ മസ്ദൂർസംഘം ട്രെയ്ഡ് യൂണിയൻ രംഗത്ത് വൈകി വന്ന സംഘടനയാണ്. മറ്റ് ട്രെയ്ഡ് യൂണിയനുകൾ രാഷ്ട്രീയ താത്പര്യത്തിനനുസരിച്ച് സംഘടനയുടെ നയപരിപാടികൾ നിശ്ചയിക്കുന്ന സാഹചര്യത്തിലാണ് ഒരു പുതിയ സംഘടന വേണമെന്ന് ഒരുകൂട്ടം ദേശീയവാദികൾക്ക് ആഗ്രഹമുണ്ടായത്. അതിന്റെ ഫലമായാണ് മദ്ധ്യഭാരതത്തിലെ ഒരു പ്രമുഖ ട്രെയ്ഡ് യൂണിയൻ പ്രവർത്തകനായി മാറിയിരുന്ന രാഷ്ട്രീയ സ്വയംസേവകസംഘത്തിന്റെ പ്രചാരകനായിരുന്ന ദത്തോപാന്ത് ഠേംഗ്ഡിജിയുടെ നേതൃത്വത്തിൽ 1955 ജൂലായ് 23ന് ഭോപ്പാലിൽവെച്ച് ഭാരതീയ മസ്ദൂർസംഘം സ്ഥാപിക്കപ്പെട്ടത്.

താഴെ തലത്തിൽ പ്രവർത്തിച്ച് ചെറിയ യൂണിയനുകൾ സ്ഥാപിച്ച് പല സംസ്ഥാനസമിതികളും പ്രവർത്തനം തുടങ്ങിയതിനുശേഷം 1967-ൽ മാത്രമാണ് ബി.എം.എസ്സിന്റെ ആദ്യ ദേശീയസമ്മേളനം നടത്തിയത്. പൂർണ്ണമായും തൊഴിലാളികൾക്കുവേണ്ടി തൊഴിലാളികളാൽ നടത്തപ്പെടുന്ന തൊഴിലാളികളുടെ പ്രസ്ഥാനമായതുകൊണ്ടാണ് പാരമ്പര്യമുള്ള മറ്റു ട്രെയ്ഡ് യൂണിയനുകളെ പിന്നിലാക്കിക്കൊണ്ട് ബി.എം.എസ്. മുൻനിരയിൽ എത്തിയത്. 1995-ൽ 40-ാം വാർഷികം ആഘോഷിക്കുന്ന സമയമായപ്പോഴേക്കും ബി.എം.എസിനെ രാജ്യത്തെ ഏറ്റവും വലിയ തൊഴിലാളിപ്രസ്ഥാനമായി സർക്കാർ അംഗീകരിച്ചിരുന്നു. രാജ്യത്തെ ഏറ്റവും വലിയ തൊഴിലാളിപ്രസ്ഥാനമായിരിക്കണം അന്തർദ്ദേശീയ തൊഴിൽസംഘടനയിൽ അതാതു രാജ്യത്തെ തൊഴിലാളികളെ പ്രതിനിധീകരിക്കേണ്ടതെന്ന ഐ.എൽ.ഒ.യുടെ നിർദ്ദേശപ്രകാരം വർഷങ്ങളായി ബി.എം.എസ്സാണ് ഭാരതത്തിലെ തൊഴിലാളികളെ പ്രതിനിധീകരിച്ചുകൊണ്ട് അന്തർദ്ദേശീയ തൊഴിൽസമ്മേളനങ്ങളിൽ പങ്കെടുക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തികശക്തികളുടെ വേദിയായ ജി 20യുടെ അദ്ധ്യക്ഷപദവി ഇന്ത്യയ്ക്ക് ലഭിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് തൊഴിൽരംഗത്തു നടക്കേണ്ടുന്ന പ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കാൻ കേന്ദ്ര സർക്കാർ ബി.എം.എസ്സിനെ ചുമതലയേല്പിച്ച സന്ദർഭം കൂടിയാണിത്. ബി.എം.എസ്. ദേശീയാദ്ധ്യക്ഷൻ ഹിരൺമയപാണ്ഡ്യയാണ് എൽ 20യുടെ ചെയർമാൻസ്ഥാനം വഹിക്കുന്നത് എന്നത് ഓരോ മസ്ദൂർസംഘം പ്രവർത്തകനും ആഹ്ലാദം നല്കുന്ന വസ്തുതയാണ്.

സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിച്ചുകൊണ്ടിരിക്കുമ്പോൾ രാജ്യത്ത് അഭിമാനിക്കാവുന്ന വികസനങ്ങളാണ് നടക്കുന്നത്. 2014ൽ നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ പുതിയ ഭരണസംവിധാനം അധികാരത്തിലേറിയതിനെത്തുടർന്ന് സർവ്വമേഖലകളിലും വൻ കുതിച്ചുചാട്ടമാണ് രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇന്നേവരെ കാണാൻ കഴിയാതിരുന്ന തരത്തിൽ റോഡ്, റെയിൽ, വിമാനത്താവളങ്ങൾ എന്നിവ നവീകരിക്കുകയോ പുതുതായി നിർമ്മിക്കുകയോ ചെയ്തു കൊണ്ടിരിക്കുന്നു.

എന്തിനും ഇറക്കുമതിയെ ആശ്രയിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് വന്ദേഭാരത് ട്രെയിനുകളും മെട്രോ കോച്ചുകളുമടക്കം എല്ലാം തദ്ദേശീയമായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്. ബഹിരാകാശരംഗത്ത് മറ്റു രാജ്യങ്ങളുടെ ഉപഗ്രഹങ്ങൾകൂടി കുറഞ്ഞ ചിലവിൽ വിക്ഷേപണം നടത്തുന്ന രാജ്യമായി ഇന്ത്യ മാറിയിരിക്കുന്നു. മരുന്നുനിർമ്മാണമേഖലയിൽ ലോകരാജ്യങ്ങളെല്ലാം ഇന്ത്യയെയാണ് ആശ്രയിക്കുന്നത് എന്നത് കോവിഡ് കാലത്ത് നാം കണ്ടതാണ്. പാവപ്പെട്ടവർക്കും സാധാരണക്കാർക്കും വേണ്ടിയുള്ള ധാരാളം ക്ഷേമപ്രവർത്തനങ്ങളും കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാവർക്കും വീട്, കുടിവെള്ളം, വൈദ്യുതി, പാചകവാതകം, സാമൂഹ്യസുരക്ഷ, ആരോഗ്യപരിരക്ഷ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ തൊഴിലാളികൾ അടക്കമുള്ള സാധാരണക്കാർക്ക് ആശ്വാസം നല്കുന്നുണ്ട്.

എന്നാൽ സമ്പന്നരും ദരിദ്രരും തമ്മിലുള്ള വിടവ് കൂടിക്കൊണ്ടിരിക്കുകയാണ് എന്ന യാഥാർത്ഥ്യം കാണാതിരുന്നുകൂടാ. അതുകൊണ്ടാണ് ഭാരതീയ മസ്ദൂർസംഘത്തിന്റെ 20-ാം ത്രൈവാർഷികസമ്മേളനം രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ ഗുണം തൊഴിലാളികളടക്കമുള്ള ദരിദ്രരും സാധാരണക്കാരുമായ ജനങ്ങൾക്കും ലഭിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. രാജ്യം അവികസിതമായിരുന്ന കാലഘട്ടത്തിലാണ് തൊഴിലാളികളുടെ ദാരിദ്ര്യാവസ്ഥ പരിഹരിക്കുന്നതിന് അവർക്ക് മിനിമം വേതനം ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചത്. പല മേഖലകളിലും പല സംസ്ഥാനത്തും പലതരത്തിലാണ് മിനിമം വേതനം നിലനില്ക്കുന്നത്. ഇനിയും മിനിമം വേതനം നടപ്പാക്കപ്പെട്ടിട്ടില്ലാത്ത മേഖലകളുമുണ്ട്. ഇതെല്ലാം പരിഹരിക്കാൻ സർക്കാരിന് ബാധ്യതയുമുണ്ട്. എങ്ങിനെയെങ്കിലും നിത്യജീവിതം തട്ടിമുട്ടിക്കൊണ്ട് പോകുന്നതിനു മാത്രം പര്യാപ്തമായ മിനിമം വേതത്തിൽ ഇപ്പോഴും നിലനില്ക്കുന്നത് ശരിയല്ല. അതുകൊണ്ടാണ് ബി.എം.എസ്. ദേശീയസമ്മേളനം മിനിമം വേതനത്തിനുപകരം ജീവിത വേതനം (ലിവിംഗ് വേജ്) ഉറപ്പാക്കാനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാരിന്റെ അടിയന്തിര ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്ന് ഒൻപതു വർഷം പിന്നിടുകയാണ്. എന്നാൽ ഒരു തവണ മാത്രമാണ് ഇക്കാലത്തിനിടയ്ക്ക് ഇന്ത്യൻ ലേബർ കോൺഫറൻസ് വിളിച്ചുചേർത്തിട്ടുള്ളത്. എല്ലാ വർഷവും ചേരേണ്ട ദേശീയ തൊഴിൽസമ്മേളനം വിളിച്ചുചേർക്കാതിരിക്കുന്നതിന് പ്രത്യേകിച്ച് കാരണങ്ങളൊന്നുംതന്നെ സർക്കാർ പറയുന്നില്ല. അന്തർദേശീയ തൊഴിൽ സമ്മേളനങ്ങളിൽ സർക്കാർ പ്രതിനിധികൾ പങ്കെടുക്കാറുണ്ടെങ്കിലും അതേ മാതൃകയിൽ ദേശീയതലത്തിൽ നടക്കേണ്ട സമ്മേളനം വിളിച്ചുചേർക്കാത്തത് കുറ്റകരമായ അനാസ്ഥയാണ്. സർക്കാരിന്റെ ഈ അലംഭാവം കാരണം ത്രികക്ഷിസംവിധാനം വിവിധ വ്യാവസായിക മേഖലകളിലും സംസ്ഥാനതലങ്ങളിലുമെല്ലാം അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ ഇന്ത്യൻ ലേബർ കോൺഫറൻസ് വിളിച്ചുചേർക്കാനും ത്രികക്ഷിസംവിധാനം എല്ലാ മേഖലകളിലും ശക്തിപ്പെടുത്താനും സർക്കാർ തയ്യാറാകേണ്ടതുണ്ട്.

ലേബർകോഡുമായി ബന്ധപ്പെട്ട് ട്രെയ്ഡ് യൂണിയനുകൾക്ക് പല വിഷയങ്ങളിലും ഭിന്നാഭിപ്രായങ്ങളുണ്ട്. അതും ചർച്ച ചെയ്ത് സമവായത്തിലെത്തേണ്ടതുണ്ട്. ലേബർകോഡ് നടപ്പാക്കുന്നതു സംബന്ധിച്ചും അലംഭാവം നിലനില്ക്കുന്നുണ്ട്. അതുമൂലം സാമൂഹ്യസുരക്ഷാ കോഡിൽ പരാമർശിക്കുന്ന പല പദ്ധതികളും പ്രാവർത്തികമായിട്ടില്ല. അങ്കണവാടി-ആശാപ്രവർത്തകർ, കരാർതൊഴിലാളികൾ തുടങ്ങിയവർ വർഷങ്ങളായി ഉയർത്തുന്ന ആവശ്യങ്ങളിലും സർക്കാരിന്റെ അനുകൂല തീരുമാനങ്ങൾ ഉണ്ടാകണമെന്നും ബി.എം.എസ്. ദേശീയസമ്മേളനം ആവശ്യപ്പെട്ടിട്ടുണ്ട്. രാഷ്ട്രഹിതം,വ്യവസായഹിതം, തൊഴിലാളിഹിതം എന്ന തത്വത്തിലധിഷ്ഠിതമായി തൊഴിൽ രംഗത്ത് സക്രിയമായി പ്രവർത്തിക്കുന്ന ഭാരതീയ മസ്ദൂർസംഘം ഭാരതത്തിലെ മുഴുവൻ തൊഴിലാളികളുടെയും ശബ്ദമാണെന്ന് മനസ്സിലാക്കി പ്രവർത്തിക്കാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തയ്യാറാകണമെന്ന സന്ദേശമാണ് ബി.എം.എസ്. ദേശീയ സമ്മേളനം ഉയർത്തുന്നത്. ■

# ചാനൽ മേധാവി മുട്ടുമടക്കി
# ബി.എം.എസ്സിന്റെ ചരിത്ര വിജയം



**മധുകുമാർ കെ.വി.**
**(ബി.എം.എസ്. സംസ്ഥാന സെക്രട്ടറി)**



**പത്രപ്രവർത്തകരുടെ അഭിപ്രായ സ്വാതന്ത്ര്യവും പത്രസ്ഥാപനത്തിലെ തൊഴിൽ പീഢനവും സംബന്ധിച്ച് വാചകമടിക്കുന്ന പത്രപ്രവർത്തക യൂണിയനുകൾ ചാനൽമേധാവിക്കുമുമ്പിൽ പഞ്ചപുച്ഛമടക്കിനിന്നു. രാജ്യത്ത് കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചു എന്ന കേസിൽ കുടുങ്ങിയ സിദ്ധിക് കാപ്പനുവേണ്ടി വാദിച്ച പത്രപ്രവർത്തക യൂണിയൻ സുജയക്കുവേണ്ടി ഒരക്ഷരം മിണ്ടിയില്ല. സ്ത്രീപക്ഷവാദികളായ വനിതാ മാധ്യമ സിംഹിണികൾ സുജയയുടെ പക്ഷത്ത് നില്ക്കാനുണ്ടായിരുന്നില്ല. അവരെല്ലാം ഫാസിസ്റ്റായ ചാനൽമേധാവിക്കുമുമ്പിൽ വായമൂടിക്കെട്ടിനിന്നു.**

ഭരണഘടന ഉറപ്പുനല്കുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ കുത്തകക്കാരെന്ന് അവകാശപ്പെടുന്ന ചില മാധ്യമ മേലാളന്മാരിൽനിന്ന് അഭിപ്രായ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങ് വീണപ്പോൾ അവരെ നേർവഴിക്കു കൊണ്ടുവരാൻ തൊഴിലാളിശക്തിക്കു കഴിഞ്ഞു. അതിന് നിമിത്തമായ ബി.എം.എസ്സിന്റെ വിജയംകൂടിയാണിത്. സുജയ പാർവ്വതി എന്ന മാധ്യമ പ്രവർത്തകയെ ബി.എം.എസ്. സംഘടിപ്പിച്ച വനിതാസമ്മേളനത്തിൽ സംസാരിച്ചു എന്ന പേരിൽ പുറത്താക്കിയ 24 ന്യൂസ് ചാനലിന് രണ്ടുദിവസംകൊണ്ട് അവരെ തിരിച്ചെഴുക്കേണ്ടിവന്നു. തന്റെ അഭിപ്രായ സ്വാതന്ത്ര്യത്തിനു മുൻതൂക്കം നൽകി തൊഴിലിൽ തിരിച്ചുകയറിയ സുജയ് രാജിവെച്ചതും ചാനൽ മേധാവിക്ക് നാണക്കേടായി. മാധ്യമസ്വാതന്ത്ര്യത്തെയും അഭിപ്രായ സ്വാതന്ത്ര്യത്തെയും സംബന്ധിച്ച് പുരപ്പുറത്തുകയറി നിന്നു പ്രസംഗിക്കുന്ന മാധ്യമ മേധാവിക്കു കിട്ടിയ തിരിച്ചടി കനത്തതായിരുന്നു. ഈ സംഭവം ദേശീയ കാഴ്ചപ്പാടുകളോട് അടുപ്പം കാണിക്കുന്നവരെ പാർശ്വവല്ക്കരിക്കുകയും ഒതുക്കിക്കളയുകയും ചെയ്യുന്ന മാധ്യമസ്ഥാപനങ്ങളിലെ സ്ഥിരം തന്ത്രങ്ങൾക്കും ചരടുവലികൾക്കും ഉള്ള മുന്നറിയിപ്പുകൂടിയാണിത്.

ലോകവനിതാദിനമായ മാർ



**ബി.എം.എസ്. പരിപാടിയിൽ പങ്കെടുത്തതിന്റെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ട മാധ്യമ പ്രവർത്തക സുജയ പാർവതിയുടെ സസ്പെൻഷൻ 24 ന്യൂസ് പിൻവലിച്ചതിനെ തുടർന്ന് ബി.എം.എസ്. എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ആദരിച്ചപ്പോൾ.**

ച്ച് 8ന് ബി.എം.എസ്. എറണാകുളം ജില്ലാകമ്മിറ്റി സംഘടിപ്പിച്ച വനിതാസമ്മേളനമാണ് മാധ്യമപ്രവർത്തകയായ സുജയ പാർവ്വതി ഉദ്ഘാടനം ചെയ്തത്. കഴിഞ്ഞ ഒമ്പതുവർഷമായി രാജ്യത്ത് വലിയ വികസന കുതിപ്പാണുണ്ടായതെന്നും മറ്റു തൊഴിലാളിസംഘടനകളെപ്പോലെയോ അതിലുപരിയോ ബഹുമാനിക്കപ്പെടേണ്ട സംഘടനയാണ് ബി.എം.എസ്. എന്നുമാണ് അവർ ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞത്. സ്ത്രീകൾക്ക് ഇവിടെ ജീവിക്കാൻ പറ്റാത്ത സാഹചര്യമാണെന്നും യു.പി.യിലെയോ ഗുജറാത്തിലെയോ കാര്യമല്ല കേരളത്തിലെ കാര്യമാണിതെന്നും അവർ തുറന്നടിച്ചുപറഞ്ഞു. എന്നാൽ സ്ഥാപനത്തിൽനിന്നും അനുവാദം വാങ്ങി പങ്കെടുത്ത പരിപാടിയുടെ പേരിൽ, വിശദീകരണം പോലും ചോദിക്കാതെയാണ് സുജയ പാർവ്വതിയെ ന്യൂസ് ചാനൽ പുറത്താക്കിയത്.

സ്ഥാപനത്തിന്റെ നിലപാടുകളെ ഒരിടത്തും സുജയ ചോദ്യംചെയ്തിരുന്നില്ല. തന്റെ വ്യക്തിപരമായ അഭിപ്രായം രേഖപ്പെടുത്തുകമാത്രമാണ് ചെയ്തത്. അത് അവർക്ക് ഭാരത ഭരണഘടന ഉറപ്പുനല്കുന്ന അഭിപ്രായസ്വാതന്ത്ര്യം എന്ന അവകാശപ്രകാരമാണ് താനും. രാജ്യത്ത് മാധ്യമസ്വാതന്ത്ര്യം നിലനില്ക്കുന്നതുതന്നെ ഭരണഘടനയുടെ 19(1) എ വകുപ്പ് ഉറപ്പുനല്കുന്ന അഭിപ്രായസ്വാതന്ത്ര്യത്തിന്റെ ബലത്തിലാണ്. തൊഴിൽസ്ഥാപന മേധാവിയുടെ രാഷ്ട്രീയാഭിപ്രായം സ്ഥാപനത്തിലെ എല്ലാവരും വണങ്ങി സ്വീകരിച്ചു പോരണമെന്നത് ഫാസിസ്റ്റുരീതിയാണ്. സുജയയെ പുറത്താക്കിയതോടെ പുറത്തുവന്നത് ആ ചാനൽമേധാവിയുടെ മൂടിവെയ്ക്കപ്പെട്ട ഫാസിസ്റ്റ്മുഖമാണ്. ഒരു വശത്തു ജനാധിപത്യവും അഭിപ്രായ സ്വാതന്ത്ര്യവും പ്രസംഗിക്കുകയും മറുവശത്ത് തന്റെ രാഷ്ട്രീയാഭിപ്രായത്തോട് വിയോജിക്കുന്നവരെ പുറത്താക്കുകയും ചെയ്യുന്ന ഇരട്ടത്താപ്പാണ് കേരളജനത കണ്ടത്.

ആൾ ഇന്ത്യ ലാംഗ്വേജ് യൂണിയൻ പുനലൂരിൽ സമ്മേളനം നടത്തിയപ്പോൾ ഈ ചാനലിന്റെ മേധാവി ശ്രീകണ്ഠൻ നായർ മോദിസർക്കാരിനെ മതിവരുവോളം വിമർശിച്ചിരുന്നു. ഇടുക്കിയിൽ എ.ഐ.വൈ.എഫ്. ജില്ലാപഠനശിബിരത്തിൽ ചാനലിന്റെ അസിസ്റ്റന്റ് ന്യൂസ് എഡിറ്റർ ഉന്മേഷ് ശിവരാമൻ പങ്കെടുത്ത് ഇടതുപക്ഷ രാഷ്ട്രീയ പ്രസംഗം നടത്തിയിരുന്നു. ഇവർക്കെല്ലാമുള്ള അഭിപ്രായസ്വാതന്ത്ര്യം സുജയ പാർവ്വതിക്ക് മാത്രം അനുവദിക്കാൻ പറ്റില്ല എന്ന ഫാസിസ്റ്റ് നയമാണ് ചാനൽമേധാവി സ്വീകരിച്ചത്.

പത്രപ്രവർത്തകരുടെ അഭിപ്രായ സ്വാതന്ത്ര്യവും പത്രസ്ഥാപനത്തിലെ തൊഴിൽ പീഡനവും സംബന്ധിച്ച് വാചകമടിക്കുന്ന പത്രപ്രവർത്തക യൂണിയനുകൾ ചാനൽമേധാവിക്കുമുമ്പിൽ പഞ്ചപുച്ഛമടക്കിനിന്നു. രാജ്യത്ത് കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചു എന്ന കേസിൽ കുടുങ്ങിയ സിദ്ധിക് കാപ്പനുവേണ്ടി വാദിച്ച പത്രപ്രവർത്തക യൂണിയൻ സുജയക്കുവേണ്ടി ഒരക്ഷരം മിണ്ടിയില്ല. സ്ത്രീപക്ഷവാദികളായ വനിതാ മാധ്യമ സിംഹിണികളാരും സുജയയുടെ പക്ഷത്ത് നില്ക്കാനുണ്ടായിരുന്നില്ല. അവരെല്ലാം ഫാസിസ്റ്റായ ചാനൽ മേധാവിക്കുമുമ്പിൽ വായമൂടിക്കെട്ടിനിന്നു.

ഈ സമയത്ത് സുജയ പാർവ്വതിക്ക് നീതികിട്ടണമെന്ന ആവശ്യവുമായി ബി.എം.എസ്. പ്രക്ഷോഭത്തിനിറങ്ങി. സംസ്ഥാനവ്യാപകമായി പ്രതിഷേധപ്രകടനം നടന്നു. 24




**24 ന്യൂസ് ചാനലിന്റെ കടവന്ത്ര കോർപ്പറേറ്റ് ഓഫീസിന് മുന്നിലേക്ക് ബി.എം.എസ്. നടത്തിയ പ്രതിഷേധ മാർച്ച്.**

ന്യൂസ് ചാനലിന്റെ ഓഫീസുകൾ പ്രതിഷേധ സമരത്തിന്റെ വേദികളായി മാറി. ചാനൽ ബഹിഷ്കരിക്കാനും ലൈവ് ടെലികാസ്റ്റ് സ്ഥലത്ത് പ്രതിഷേധപ്രകടനം നടത്താനും തീരുമാനിച്ചു. പ്രതിഷേധം അലയടിക്കാൻ തുടങ്ങിയതോടെ തൊഴിലാളി ശക്തിയുടെ മുമ്പിൽ പിടിച്ചുനില്ക്കാനാവില്ലെന്നു ചാനൽമേധാവി തിരിച്ചറിഞ്ഞു. ചാനൽമുതലാളി അങ്കലാപ്പിലായി. ഒടുവിൽ സുജയ പാർവ്വതിയെ നിരുപാധികം തിരിച്ചെടുത്തുകൊണ്ട് അവർ തൊഴിലാളി പ്രതിഷേധത്തിനു മുമ്പിൽ കീഴടങ്ങി. മാധ്യമരംഗത്തെ ഫാസിസ്റ്റ് ശക്തിയുടെ കൊമ്പൊടിഞ്ഞുവെന്നുമാത്രമല്ല ഇക്കാലമത്രയും ദേശീയ സംഘടനകൾക്കുനേരെ അവർ കാണിച്ചിരുന്ന ചിറ്റമ്മനയം തിരുത്താൻ സമയമായി എന്ന് ബോധ്യപ്പെടുകയും ചെയ്തു.

ദേശീയ സംഘടനകൾക്ക് പതിത്വം കല്പിക്കുകയും അവരുടെ പരിപാടിയിൽ പങ്കെടുക്കുന്നവരെ ഒറ്റപ്പെടുത്തി ഭയപ്പെടുത്തുകയും ചെയ്യും എന്നത് കേരളത്തിൽ പൊതുവെ അംഗീകരിക്കപ്പെട്ട ഒന്നായി കരുതി വന്നിരുന്നു. അഭിപ്രായ സ്വാതന്ത്ര്യമോ പൗരാവകാശമോ പോലും അവർക്ക് നിഷേധിക്കുന്നതാണ് ജനാധിപത്യം എന്ന ധാരണയും സൃഷ്ടിച്ചിരുന്നു. ഇതിനെയാണ് സുജയ പാർവ്വതിയെ തിരിച്ചെടുക്കാൻ 24 ന്യൂസ് ചാനൽ മേധാവി നിർബന്ധിതനായതിലൂടെ തിരുത്തിക്കുറിച്ചിരിക്കുന്നത്.

കോഴിക്കോട്ട് കഴിഞ്ഞ വർഷം ബാലഗോകുലത്തിന്റെ ജന്മാഷ്ടമി മാതൃ സമ്മേളനത്തിൽ പങ്കെടുത്ത കോഴിക്കോട് മേയർ ഡോ. ബീന ഫിലിപ്പിന് പാർട്ടിയോട് മാപ്പ് പറയേണ്ടിവന്നു. കേസരിയുടെ സ്നേഹബോധി പരിപാടി ഉദ്ഘാടനം ചെയ്ത മുസ്ലിംലീഗ് എം.എൽ.എ. കെ.എൻ.എ ഖാദറിനും മാപ്പ് പറയേണ്ടിവന്നു. കൊല്ലത്തു നടന്ന ആർ.എസ്.എസ്. സർസംഘചാലകിന്റെ പരിപാടിയുടെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്ത കൊല്ലം കോർപറേഷൻ മേയർ പത്മലോചനന് മേയർ പദവിതന്നെ നഷ്ടമായി. ഈ ജനാധിപത്യ വിരുദ്ധ കീഴ്വഴക്കം തിരുത്തിക്കുറിച്ചുകൊണ്ടാണ് സുജയ പാർവതി 24 ചാനലിൽ ജോലിക്ക് തിരിച്ചു കയറിയത്. ഭാരതീയ മസ്ദൂർ സംഘത്തിന്റെ തൊഴിലാളിശക്തിയുടെ വിജയമാണിത്, ചരിത്രം തിരുത്തിക്കുറിച്ച വിജയം.

ജനാധിപത്യവിരുദ്ധ നിലപാട് സ്വീകരിക്കുന്ന ചാനലിൽ തുടരുന്നതിൽ താൽപര്യമില്ലാത്തതിനാലാവാം ജോലിയിൽ പ്രവേശിച്ചശേഷം സുജയ പാർവ്വതി രാജിവെച്ചു. തനിക്ക് പിന്തുണ നൽകിയവർക്കെല്ലാം നന്ദി രേഖപ്പെടുത്തുന്നതായി സമൂഹമാധ്യമം വഴി അറിയിക്കുകയും ചെയ്തു. ഇതും ഫാസിസ്റ്റ് ചാനൽ മേധാവിക്ക് കിട്ടിയ പ്രഹരമായി.

# ഇ.പി.എഫ്. ഉയർന്ന പെൻഷൻ: ആർക്കെല്ലാം ഓപ്ഷൻ നല്കാം



**അഡ്വ. സി.ബി.മുകുന്ദൻ**
**(പ്രസിഡന്റ് ഫ്രിസിൽ)**

**തൊഴിലുടമ ശമ്പളപരിധിക്ക് വിധേയമായി മാത്രമേ പി.എഫ്. സംഖ്യകൾ അടച്ചുവന്നിരുന്നുള്ളു. ഇപ്പോൾ ശമ്പളപരിധി നോക്കാതെ മുൻകാലയവിലേയ്ക്കുള്ള വിഹിതവും പലിശയും അടയ്ക്കാൻ തൊഴിലുടമയോ തൊഴിലാളികളോ തയ്യാറാണ്.**

• **16–11–1995** മുതലോ ശമ്പളം ഇ.പി.എഫ്. നിയമത്തിൽ കാലാകാലങ്ങളിൽ നിഷ്കർഷിച്ചുവരുന്ന ശമ്പള പരിധിയേക്കാൾ കൂടുതലായ മാസം മുതൽക്കോ ശമ്പളപരിധി നോക്കാതെ ഉയർന്ന ശമ്പളത്തിന്മേൽ തൊഴിലുടമയുടെ വിഹിതം ഇ.പി.എഫ്.ലേയ്ക്ക് (പെൻഷൻഫണ്ടിലേയ്ക്ക് ആകണമെന്നില്ല). അടച്ചുവന്നിരുന്നവർക്ക് മാത്രമാണ് ഉയർന്ന പെൻഷന് ഓപ്ഷൻ നല്കാൻ അർഹതയുള്ളു.

• അപ്രകാരം വിഹിതം അടച്ച് തുടങ്ങിയവരുടെ പിന്നീടുള്ള സേവന കാലയളവിൽ ഏതെങ്കിലും മാസങ്ങളിൽ ശമ്പളപരിധിക്ക് വിധേയമായി മാത്രം തൊഴിലുടമയുടെ വിഹിതം അടക്കാൻ ഇടവന്നാൽ അവർക്ക് ഉയർന്ന പെൻഷനുള്ള അർഹത നഷ്ടപ്പെടും.

• ശമ്പളപരിധിയേക്കാൾ കൂടുതലുള്ള ശമ്പളത്തിന്മേൽ വിഹിതം അടച്ചു തുടങ്ങിയത് 01–09–2014 നുമുമ്പായിരിക്കണം.

**1. ചോദ്യം** : സുപ്രീംകോടതി വിധിയനുസരിച്ച് 01–09–2014–നു മുമ്പ് ഓപ്ഷൻ നല്കാതെ ജോലിയിൽനിന്നും പിരിഞ്ഞുപോയവർക്ക് ഇപ്പോൾ ഓപ്ഷൻ നല്കാൻ കഴിയില്ല എന്നുപറയുന്നത് ശരിയാണോ?

**ഉത്തരം** : ശരിയല്ല. 01–09–2014–നുമുമ്പ് ജോലിയിൽനിന്നും പിരിഞ്ഞുപോയവർ അവരുടെ സേവനകാലയളവിൽ ഉയർന്ന പെൻഷന് ഓപ്ഷൻ നല്കിയിരുന്നില്ലായെങ്കിൽ അവർക്ക് സുപ്രീംകോടതിയുടെ 04–11–2022ലെ വിധിയുടെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകില്ല എന്ന് ആ വിധിയിലെ ഖണ്ഡിക 44(V)ൽ പ്രസ്താവിച്ചിട്ടുണ്ട് എന്നത് ശരിയാണ്. എന്നാൽ ആ വിധിയിൽ തന്നെ ഖണ്ഡിക 41 –ലും 44(V) ലും സുപ്രീംകോടതിയുടെ ആർ.സി. ഗുപ്ത കേസിലെ വിധി പൂർണ്ണമായും ശരിവെച്ചിട്ടുണ്ട്. ആർ.സി. ഗുപ്ത കേസിൽ പെൻഷൻ പദ്ധതിയിലെ ഖണ്ഡിക 11(3) പ്രകാരമുള്ള ഓപ്ഷൻ നല്കാൻ സമയപരിധിയില്ല എന്ന് സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ആ വിധിപ്രകാരമുള്ള നിർദ്ദേശങ്ങൾ എട്ട് ആഴ്ചക്കുള്ളിൽ നടപ്പിലാക്കണമെന്ന് 04–11–2022ലെ വിധിയിൽ സുപ്രീംകോടതി ഇ. പി.എഫ്. അധികൃതരോട് ആവശ്യപ്പെട്ടിട്ടുമുണ്ട് (ഖ

ണ്ഡിക 44(x). ആയതിനാൽ 01-09-2014നു മുമ്പ് ഓപ്ഷൻ നല്കാതെ ജോലിയിൽനിന്ന് പിരിഞ്ഞ വർക്കും ഇപ്പോൾ ഓപ്ഷൻ നല്കാവുന്നതാണ്.

**2. ചോദ്യം** : 01-09-2014നുശേഷം ജോലിയിൽ തുടർന്ന ജീവനക്കാർക്ക് ഇപ്പോൾ ഓപ്ഷൻ നല്കാമോ? അവരിൽ പലരും ജോലിയിൽനിന്നും പിരിഞ്ഞുപോയിട്ടുമുണ്ട്.

**ഉത്തരം** : 01-09-2014ന് മുമ്പ് അവരുടെ ശമ്പളം നിശ്ചിത ശമ്പളപരിധിയേക്കാളും കൂടുതലായ മാസം മുതൽക്കുതന്നെ ശമ്പളപരിധി നോക്കാതെ ഉയർന്ന ശമ്പളത്തിന്മേൽ തോഴിലുടമയുടെ വിഹിതം തുടർച്ചയായി അടച്ചുവന്നിട്ടുണ്ട്. എങ്കിൽ അവർക്ക് ഓപ്ഷൻ കൊടുക്കാം.

**3. ചോദ്യം** : മുകളിൽ പറഞ്ഞപ്രകാരം ഓപ്ഷൻ നല്കണമെങ്കിൽ 01-09-2014നുമുമ്പ് ഓപ്ഷൻ നല്കിയിട്ടുണ്ടാകരുത് എന്നുപറയുന്നത് ശരിയാണോ?

**ഉത്തരം** : ശരിയല്ല. 01-09-2014ന് മുമ്പ് ഒരു ഓപ്ഷൻ നല്കി എന്ന ഒറ്റക്കാരണത്താൽ ഇപ്പോൾ ഓപ്ഷൻ നല്കാനുള്ള അർഹത നഷ്ടപ്പെടുകയില്ല.

**4. ചോദ്യം** : 01-09-2014നുമുമ്പായി ഖണ്ഡിക 11(4) പ്രകാരമുള്ള പുതിയ ഓപ്ഷൻ നല്കാത്തവർക്ക് ഇപ്പോൾ ഓപ്ഷൻ നല്കാവുന്നതല്ല എന്ന് എന്നു പറയുന്നത് ശരിയാണോ?

**ഉത്തരം** : ശരിയല്ല. സുപ്രീംകോടതി വിധിയുടെ ഖണ്ഡിക 44(V) അനുസരിച്ച് പെൻഷൻപദ്ധതിയിലെ ഖണ്ഡികയിൽ 11(3), 11(4) എന്നിവ പ്രകാരം 04-05 -2023നു മുമ്പായി സംയുക്ത ഓപ്ഷൻ നല്കാവുന്നതാണ്.

**5. ചോദ്യം** : ഇപ്പോൾ സംയുക്ത ഓപ്ഷൻ നല്കുന്നതുമൂലം തൊഴിലുടമയ്ക്ക് പുതിയ ബാധ്യതകൾ ഉണ്ടാകാൻ ഇടയുണ്ടോ?

**ഉത്തരം** : ഇല്ല. തൊഴിലുടമ ശമ്പളപരിധി നോക്കാതെ ഉയർന്ന ശമ്പളത്തിന്മേൽ പി.എഫ്. വിഹിതം അടച്ച് വന്നിട്ടുണ്ട് എങ്കിൽ ആ സംഖ്യയിൽനിന്നും ജീവനക്കാരന് ഉയർന്ന പെൻഷൻ ലഭ്യമാക്കുന്നതിനായി ആവശ്യമുള്ള സംഖ്യ പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റുന്നതിനുള്ള ഓപ്ഷൻ മാത്രമാണ് തൊഴിലുടമ നല്കുന്നത്.

**6. ചോദ്യം** : ജോലിയിൽനിന്നും പിരിഞ്ഞുപോയ ജീവനക്കാർ അവരുടെ പി.എഫ്. അക്കൗണ്ടിലെ സംഖ്യ മുഴുവൻ പിൻവലിച്ചിട്ടുണ്ടെങ്കിൽ അവർക്ക് ഓപ്ഷൻ നല്കാമോ?

**ഉത്തരം** : നല്കാം. അവർ കൈപ്പറ്റിയ സംഖ്യയിൽനിന്നും അവർ ജോലിയിലുള്ളപ്പോൾ അവരുടെ ഉയർന്ന ശമ്പളത്തിന്മേൽ ഓരോ മാസവും പെൻഷൻ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടിയിരുന്ന സംഖ്യയും പലിശയും അവർ തിരിച്ചടക്കേണ്ടിവരും.

**7. ചോദ്യം** : ജീവനക്കാർ ശമ്പളപരിധി നോക്കാതെ അവരുടെ ഉയർന്ന ശമ്പളത്തിന്മേൽ പി.എഫ്.ലേക്ക് മാസംതോറും സംഖ്യകൾ അടച്ചുവന്നിരുന്നു. എന്നാൽ തൊഴിലുടമയുടെ വിഹിതം ശമ്പളപരിധിക്ക് വിധേയമായി മാത്രമേ അടച്ചുവന്നിരുന്നുള്ളു. അവർക്ക് ഓപ്ഷൻ നല്കാമോ?

**ഉത്തരം** : ഇല്ല. പെൻഷൻഫണ്ടിലേയ്ക്ക് സംഖ്യകൾ അടയ്ക്കേണ്ടത് തൊഴിലുടമയാണ്. തൊഴിലാളി അടച്ചുവന്നിരുന്ന സംഖ്യയിൽനിന്നും പെൻഷൻ ഫണ്ടിലേയ്ക്ക് സംഖ്യകൾ മാറ്റാൻ വ്യവസ്ഥയില്ല. ആയതിനാൽ ഉയർന്ന ശമ്പളത്തിന്മേൽ ജീവനക്കാർ മാത്രം അടച്ചുവന്ന സംഖ്യകളുടെ അടിസ്ഥാനത്തിൽ ഉയർന്ന പെൻഷൻ ലഭിക്കുകയില്ല.

**പെൻഷൻഫണ്ടിലേയ്ക്ക് സംഖ്യകൾ അടയ്ക്കേണ്ടത് തൊഴിലുടമയാണ്. തൊഴിലാളി അടച്ചുവന്നിരുന്ന സംഖ്യയിൽനിന്നും പെൻഷൻ ഫണ്ടിലേയ്ക്ക് സംഖ്യകൾ മാറ്റാൻ വ്യവസ്ഥയില്ല. ആയതിനാൽ ഉയർന്ന ശമ്പളത്തിന്മേൽ ജീവനക്കാർ മാത്രം അടച്ചുവന്ന സംഖ്യകളുടെ അടിസ്ഥാനത്തിൽ ഉയർന്ന പെൻഷൻ ലഭിക്കുകയില്ല.**

**8. ചോദ്യം** : തൊഴിലുടമ ശമ്പളപരിധിക്ക് വിധേയമായി മാത്രമേ പി.എഫ്. സംഖ്യകൾ അടച്ചുവന്നിരുന്നുള്ളു. ഇപ്പോൾ ശമ്പളപരിധി നോക്കാതെ മുൻകാലയളവിലേയ്ക്കുള്ള വിഹിതവും പലിശയും അടയ്ക്കാൻ തൊഴിലുടമയോ തൊഴിലാളികളോ തയ്യാറാണ്. ഓപ്ഷൻ നല്കാമോ?

**ഉത്തരം** : 01-09-2014ന് മുമ്പു തന്നെ ശമ്പളപരിധി നോക്കാതെ എല്ലാ മാസവും ഉയർന്ന ശമ്പളത്തിന്മേൽ തൊഴിലുടമയുടെ വിഹിതം അടച്ചുവന്നിരുന്നുവെങ്കിൽ മാത്രമേ ഇപ്പോൾ ഓപ്ഷൻ നല്കാൻ കഴിയുകയുള്ളു.



**9. ചോദ്യം** : 01-09-2014നുശേഷം ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെ പേരിൽ ശമ്പളപരിധി നോക്കാതെ 15000 രൂപയേക്കാൾ കൂടുതലുള്ള ശമ്പളത്തിന്മേൽ പി.എഫ്. വിഹിതം അടച്ചുവരുന്നുണ്ട്. ഓപ്ഷൻ നല്കാമോ?

**ഉത്തരം** : ഇല്ല. 01-09-2014 മുതൽക്ക് പ്രാബല്യത്തിൽവന്ന ഭേദഗതി പ്രകാരം 15000 രൂപയേക്കാൾ കൂടുതൽ ശമ്പളമുള്ളവർക്ക് പെൻഷൻ പദ്ധതിയിൽ അംഗമാകാൻപോലും കഴിയില്ല.

**10. ചോദ്യം** : ജീവനക്കാരുടെ ശമ്പളം എല്ലാകാലത്തും വേജ് സീലിംഗിനേക്കാളും വളരെ കൂടുതലായിരുന്നു. മുഴുവൻ ശമ്പളത്തിന്മേലും വിഹിതമടച്ചിരുന്നില്ലാ എങ്കിലും അതാത് കാലയളവിലെ വേജ് സീലിംഗിനേക്കാൾ ഉയർന്ന ശമ്പളത്തിന്മേൽ പി.എഫ്.ലേക്ക് സംഖ്യകൾ അടച്ചുവന്നിരുന്നു. ഉദാഹരണത്തിന് 35000 രൂപ അടിസ്ഥാനശമ്പളമുണ്ടായിരുന്ന ഒരു അംഗത്തിന്റെ പേരിൽ 20000 രൂപയിന്മേൽ മാത്രമാണ് വിഹിതം അടച്ചുവന്നിരുന്നുള്ളു. മുഴുവൻ ശമ്പളത്തിന്മേലും വിഹിതം അടയ്ക്കാത്തതിനാൽ ഓപ്ഷൻ നല്കാവുന്നതല്ല എന്നുപറയുന്നു?

**ഉത്തരം** : ശരിയല്ല. അവർക്കും ഓപ്ഷൻ നല്കാം. വേജ് സീലിങ്ങിന് മുകളിലുള്ള ഏത് സംഖ്യയിന്മേലാണോ പി.എഫ്. വിഹിതം അടച്ചുവന്നിരുന്നത് ആ സംഖ്യക്ക് (ശമ്പളത്തിന്) ആനുപാതികമായ പെൻഷൻ അവർക്ക് ലഭ്യമാകും. ഖണ്ഡിക 11(3)ൽ മൊത്തം ശമ്പളത്തിന്മേലും വിഹിതം അടച്ചാൽ മാത്രമേ ഉയർന്ന പെൻഷൻ ലഭിക്കുകയുള്ളു എന്ന് നിഷ്കർഷിച്ചിരുന്നില്ല.

**11. ചോദ്യം** : ശമ്പള പരിധിയേക്കാളും ഉയർന്ന ശമ്പളത്തിന്മേൽ വിഹിതം അടയ്ക്കുന്നതിനായി ഖണ്ഡിക 26(6) പ്രകാരമുള്ള അനുമതി കൈവശം ഇല്ലാത്തതിനാൽ ഓൺലൈൻ വഴിയുള്ള ഓപ്ഷൻ പൂർത്തിയാക്കാൻ കഴിയുന്നില്ല?

**ഉത്തരം** : ഖണ്ഡിക 26(6) പ്രകാരമുള്ള അനുമതിയില്ലാതെയാണ് ബഹുഭൂരിപക്ഷം ജീവനക്കാരുടെയും പേരിൽ ഉയർന്ന ശമ്പളത്തിന്മേൽ വിഹിതമടച്ച് വന്നിട്ടുള്ളത്. അപ്രകാരം വിഹിതം അടച്ചുവരാൻ ഇ.പി.എഫ്. അധികൃതർ പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി അനുമതി നല്കി വരുന്നതുമാണ്. അനുമതിപത്രം ഇല്ലാത്തവർക്ക് ഒരു സംയുക്ത അപേക്ഷ തയ്യാറാക്കി ഇ.പി.എഫ്. ലിങ്കിൽ അപ്ലോഡ് ചെയ്ത് ഓപ്ഷൻ പ്രക്രിയ പൂർത്തീകരിക്കാവുന്നതാണ്.

**12. ചോദ്യം** : പി.എഫ്. ഓഫീസിലെ സർക്കുലറിൽ പറയുന്ന രേഖകളിൽ പലതും കൈവശം ഇല്ല. സ്ഥാപനം അടച്ചുപൂട്ടി, ഓൺലൈൻ വഴി ഓപ്ഷൻ കൊടുക്കാനുള്ള പരിചയമില്ല തുടങ്ങിയ കാരണങ്ങളാൽ പലർക്കും ഓപ്ഷൻ കൊടുക്കാൻ കഴിയുന്നില്ല. അവരെല്ലാം എന്തുചെയ്യണം?

**ഉത്തരം** : ഇ.പി.എഫ്. അധികൃതർ നിഷ്കർഷിക്കുന്ന പ്രകാരം ഏതെങ്കിലും കാരണത്താൽ ഓപ്ഷൻ നല്കാൻ കഴിയാത്തവർ ഉള്ള വിവരങ്ങളും രേഖകളുമായി 04-05-2023ന് മുമ്പായിതന്നെ ഓൺലൈനായോ അല്ലാതെയോ ഓപ്ഷൻ നല്കുന്നതായിരിക്കും ബുദ്ധിപരം. ഓപ്ഷൻ നല്കുന്നതിനുള്ള ഫോമുകൾ ജീവനക്കാർക്ക് ലഭ്യമാകാൻ വൈകുന്നത് കണക്കിലെടുത്ത് മതിയായ വിവരങ്ങൾ കാണിച്ചുകൊണ്ട് ഓപ്ഷൻ നല്കിയാൽ മതിയെന്ന് മദ്രാസ് ഹൈക്കോടതി ഈയിടെ പ്രസ്താവിച്ചിട്ടുമുണ്ട്. ഓൺലൈൻവഴി അല്ലാതെയാണ്

**ഇപ്പോൾ പലർക്കും ഉയർന്ന പെൻഷൻ ലഭിച്ചുവരുന്നത് 04 – 11 – 2022ലെ വിധി നല്കിയിട്ടുള്ള ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിലല്ല. ആയതിനാൽ 04 – 11 – 2022ലെ വിധിപ്രകാരമല്ലാതെ ഉയർന്ന പെൻഷൻ ലഭിച്ചു വരുന്നവരുടെ പെൻഷൻ കുറക്കുന്നത് നിയമപരമായി ശരിയല്ല. ഉയർന്ന പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പെൻഷണർക്ക് തുടർന്നും ഉയർന്ന പെൻഷന് അർഹത ഉണ്ടാകില്ല എന്ന ഒരു നിരീക്ഷണം സുപ്രീംകോടതിയുടെ വിധിയിൽ ഇല്ലാത്തതുമാണ്. ആയതിനാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഉയർന്ന പെൻഷൻ കുറയ്ക്കാനുള്ള നടപടികൾക്കെതിരെ കോടതിയെ സമീപിച്ചവർക്ക് അനുകൂലമായ ഉത്തരവാണ് ലഭിച്ചത്.**

ഓപ്ഷൻ സമർപ്പിക്കുന്നതെങ്കിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്.

**13. ചോദ്യം :** പി.എഫ്. ഓഫീസിൽനിന്നും ആവശ്യപ്പെട്ട രേഖകൾ എല്ലാം സമർപ്പിച്ചതിനുശേഷം ഉയർന്ന പെൻഷൻ ലഭിച്ചുവരുന്ന പല ജീവനക്കാരുടെയും പെൻഷൻ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് എന്നുപറഞ്ഞ് ഇപ്പോൾ വെട്ടിക്കുറയ്ക്കുന്നുണ്ട്. ഇത് ശരിയാണോ?

**ഉത്തരം :** ഓപ്ഷൻ ഒന്നും നല്കാതെ 01-09-2014നു മുമ്പ് ജോലിയിൽനിന്നും വിരമിച്ചവർക്ക് 04-11-2022ലെ വിധിയുടെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാകില്ല എന്ന് ആ വിധിയിൽ നിരീക്ഷിച്ചിട്ടുണ്ട് എന്നത് ശരിയാണ്. ഇപ്പോൾ പലർക്കും ഉയർന്ന പെൻഷൻ ലഭിച്ചുവരുന്നത് 04-11-2022ലെ വിധി നല്കിയിട്ടുള്ള ആനുകൂല്യങ്ങളുടെ അടിസ്ഥാനത്തിലല്ല. ആയതിനാൽ 04-11-2022ലെ വിധിപ്രകാരമല്ലാതെ ഉയർന്ന പെൻഷൻ ലഭിച്ച് വരുന്നവരുടെ പെൻഷൻ കുറക്കുന്നത് നിയമപരമായി ശരിയല്ല. ഉയർന്ന പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും പെൻഷണർക്ക് തുടർന്നും ഉയർന്ന പെൻഷന് അർഹത ഉണ്ടാകില്ല എന്ന ഒരു നിരീക്ഷണം സുപ്രീംകോടതിയുടെ വിധിയിൽ ഇല്ലാത്തതുമാണ്. ആയതിനാൽ നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ഉയർന്ന പെൻഷൻ കുറയ്ക്കാനുള്ള നടപടികൾക്കെതിരെ കോടതിയെ സമീപിച്ചവർക്ക് അനുകൂലമായ ഉത്തരവാണ് ലഭിച്ചത്.

**14. ചോദ്യം :** എക്സംപ്ഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഖണ്ഡിക 26(6) പ്രകാരമുള്ള അനുമതി വാങ്ങിയിട്ടുണ്ടാകാൻ ഇടയില്ല. അവർ എന്തു ചെയ്യണം?

**ഉത്തരം :** സ്ഥാപനത്തിലെ ഇ.പി.എഫ്. ട്രസ്റ്റിന്റെ നിയമാവലിയുടെ പകർപ്പോ തൊഴിലുടമയുടെ സാക്ഷ്യപത്രമോ ഹാജരാക്കിയാൽ മതി എന്നാണ് അന്വേഷണത്തിൽ അറിയാൻകഴിഞ്ഞത്.

**15. ചോദ്യം :** പോർട്ടലിൽ ഓപ്ഷൻ അപ്ലോഡ് ചെയ്യുമ്പോൾ പെൻഷനറുടെ പേരിലും മറ്റുമുള്ള മിസ്‌മാച്ചുകൾമൂലം അപ്ലോഡിങ് പൂർത്തിയാക്കാൻ കഴിയുന്നില്ല. എന്താണ് പ്രതിനിധി?

**ഉത്തരം :** അത്തരം അപേക്ഷകൾ ആധാർകാർഡിന്റെയും പെൻഷൻ ഓർഡറിന്റെയും പകർപ്പുകൾ സഹിതം ബന്ധപ്പെട്ട ഇ.പി.എഫ്. ഓഫീസിലേയ്ക്ക് ഇ-മെയിൽവഴി തിരുത്തലുകൾ നടത്താൻ ആവശ്യപ്പെടുന്നപക്ഷം ഉചിതമായ നടപടികൾ ഉണ്ടാകും എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്.

NB: ബഹു. സുപ്രീംകോടതിയുടെ 04-11-2022ലെ വിധി സംബന്ധിച്ച ഈ ലേഖകന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് മുകളിൽ കൊടുത്തിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തിയിട്ടുള്ളത്. അവയിൽ പലതും ഇ.പി.എഫ്. അധികൃതർ അംഗീകരിക്കണമെന്നില്ല.

Those who are in need of any more guidance and support in excercising option for higher pension may please contact my offices. Ph: 0484 4028913 & 0487 2325720.

(കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് എന്റെ ഓഫീസുമായി ബന്ധപ്പെടുക)

# ചരിത്രം കുറിച്ച ദേശീയ സമ്മേളനം




അഖിലേന്ത്യാ പ്രസിഡന്റ് ഹിരൺമയ പാണ്ഡ്യ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു



**ഇ. ദിവാകരൻ**
**(ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ്)**

**പാറ്റ്ന** : നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച പാറ്റ്ന നഗരം ഭാരതത്തിലെ തൊഴിലാളി ശക്തിയുടെ വേദിയായി മാറി. ഏപ്രിൽ 7,8,9 തീയതികളിൽ ഇവിടെ നടന്ന ഭാരതീയ മസ്ദൂർ സംഘത്തിന്റെ ഇരുപതാമത് ദേശീയ ത്രൈവാർഷിക സമ്മേളനം ചരിത്രം കുറയ്ക്കുന്നതായി മാറി. ലോക രാജ്യങ്ങളുടെ കൂട്ടായ്മയായ ജി-20 യുടെ അദ്ധ്യക്ഷ പദവിയിലേക്ക് ഭാരതം എത്തിയതിനെത്തുടർന്ന് അന്താരാഷ്ട്ര തൊഴിലാളി കൂട്ടായ്മയായ എൽ-20 ൽ ബി.എം.എസ്. അദ്ധ്യക്ഷത വഹിക്കുന്ന സന്ദർഭത്തിലാണ് ഈ സമ്മേളനം. തൊഴിലാളി ജീവിതത്തെ ബാധിക്കുന്ന വിധത്തിൽ തൊഴിൽ നയങ്ങളിൽ മാറ്റം വരുത്തേണ്ടതിനെക്കുറിച്ചുള്ള ഗൗരവമായ ചിന്തകൾ സമ്മേളനത്തിൽ ഉണ്ടായി. മിനിമം വേതനം എന്ന ആവശ്യത്തിന് പകരം ജീവിത വേതനം എന്ന ആവശ്യം കേശവ് സരസ്വതി വിദ്യാമന്ദിർ അങ്കണത്തിൽ നടന്ന സമ്മേളനം മുന്നോട്ടു വെച്ചിരിക്കുന്നു.

ഉദ്ഘാടനസഭ, പൊതുസമ്മേളനം, പ്രകടനം, വനിതാ സമ്മേളനം തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ സമ്മേളനത്തിന്റെ ഭാഗമായി നടന്നു. ബി.എം.എസ്. സംസ്ഥാന അദ്ധ്യക്ഷൻ ഉണ്ണികൃഷ്ണൻ ഉണ്ണിത്താന്റെ നേതൃത്വത്തിലുള്ള സംസ്ഥാന പ്രതിനിധി സംഘം സജീവമായി ചർച്ചകളിൽ പങ്കെടുത്തു. ഐ.എൽ.ഒ പ്രതിനിധി സയ്യിദ് സുൽത്താൻ ഉദ്ദീൻ അഹമ്മദും മറ്റു തൊഴിലാളി സംഘടനാ നേതാക്കളും അതിഥികളായി പങ്കെടുത്തു.

തൊഴിലാളി താല്പര്യ സംരക്ഷണത്തോടൊപ്പം സനാതന സംസ്കൃതിക്ക് അനുസൃതമായി സാമാജിക മനസ്സിനെ ഉണർത്തുക എന്നത് ബി.എം.എസ്സി

ന്റെ ദൗത്യമാണെന്ന് ആർ.എസ്.എസ്. അഖില ഭാരതീയ കാര്യകാരി അംഗം വി.ഭാഗയ്യ അഭിപ്രായപ്പെട്ടു. ബി.എം.എസ്. ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശീയ വികാരമാണ്, കക്ഷിരാഷ്ട്രീയ താല്പര്യങ്ങളല്ല ബി.എം.എസിനെ നയിക്കുന്നത്. ചൈന ഭാരതത്തെ ആക്രമിച്ച കാലത്ത്, മറ്റെല്ലാ സംഘടനകളും മാളത്തിൽ ഒളിക്കുകയും ചിലർ രാജ്യത്തിനെതിരെ സംസാരിക്കുകയും ചെയ്ത കാലത്ത് ബി.എം.എസ്. പ്രവർത്തകർ സൈന്യത്തെ സഹായിക്കാൻ സജ്ജരാവുകയായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഐ.എൽ.ഒ ദക്ഷിണേന്ത്യൻ പ്രത്യേക പ്രതിനിധി സയ്യിദ് സുൽത്താൻ ഉദ്ദീൻ അഹമ്മദ് മുഖ്യാതിഥിയായി.

ബി.എം.എസ്. ദേശീയ പ്രസിഡന്റ് ഹിരണ്മയ് പാണ്ഡ്യാ, ബീഹാർ സി.ഐ.ഐ. പ്രസിഡന്റ് സച്ചിൻ ചന്ദ്ര, ബി.എം.എസ്. അഖിലേന്ത്യാ ജനറൽ സെക്രട്ടറി രവീന്ദ്ര ഹിംതെ, ആചാര്യ കിഷോർ കുനാൽ, സഞ്ജയ് പാസ്വാൻ, ടി.യു.സി.സി ജനറൽ സെക്രട്ടറി ചന്ദ്രപ്രകാശ് സിങ്, പാറ്റ്ന മേയർ സീതാ സാഹു തുടങ്ങിയവർ പങ്കെടുത്തു.

ബി.എം.എസ്സിനെപ്പോലെ തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് ഐ.എൽ.ഒ യും പ്രവർത്തിക്കുന്നതെന്ന് ഐ.എൽ.ഒ പ്രതിനിധി സയ്യിദ് സുൽത്താൻ ഉദ്ദീൻ അഹമ്മദ് പറഞ്ഞു. കൊറോണക്കാലത്ത് ബി.എം.എസ്. നിരവധി സേവനപ്രവർത്തനങ്ങൾ ചെയ്തതായി ബി.എം.എസ്. അധ്യക്ഷൻ ഹിരണ്മയ് പാണ്ഡ്യ പറഞ്ഞു. ഭാരതീയ മസ്ദൂർ സംഘത്തിന്റെ പ്രവർത്തനം കേവലം ഭാരതത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല എന്ന് ദേശീയ സെക്രട്ടറി രവീന്ദ്ര ഹിംതെ പറഞ്ഞു.



**ഹിരണ്മയ് പാണ്ഡ്യ**
**ദേശീയ പ്രസിഡന്റ്**



**രവീന്ദ്ര ഹിംതെ**
**ജനറൽ സെക്രട്ടറി**

## ഹിരണ്മയ് പാണ്ഡ്യ വീണ്ടും ബി.എം.എസ്. പ്രസിഡന്റ്

പാറ്റ്ന : ഹിരണ്മയ് പാണ്ഡ്യയെ ഭാരതീയ മസ്ദൂർ സംഘത്തിന്റെ അധ്യക്ഷനായി വീണ്ടും തെരഞ്ഞെടുത്തു. മല്ലേശ്വരം, നീത ചൗബെ, കെ.പി.സിംഗ്, ജഗദീശ്വര റാവു, ഡിക്കി എന്നിവർ ഉപാധ്യക്ഷന്മാരും രവീന്ദ്ര ഹിംതെ ജനറൽ സെക്രട്ടറിയുമാണ്. സുരേന്ദ്ര കുമാർ പാണ്ഡെയാണ് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി. ഗിരീഷ് ചന്ദ്ര ആര്യ, ഗോഗോയ് , രാധേശ്യാം ജയ്സ്വാൾ, അഞ്ജലി പട്ടേൽ, അശോക് ശുക്ല, വി.രാധാകൃഷ്ണൻ, രാംനാഥ് ഗണേഷ്, എന്നിവർ സെക്രട്ടറിമാരാണ്. റാത്തോഡ് ട്രഷററും അനീഷ് മിശ്ര ഡെപ്യൂട്ടി ട്രഷററുമാണ്. ബി.സുരേന്ദ്ര സംഘടനാ സെക്രട്ടറിയും, ഗണേഷ് മിശ്ര സഹ സംഘടനാ സെക്രട്ടറിയുമാണ്.

ബി.എം.എസ്. ദേശീയ സമ്മേളനത്തിന്റെ ഭാഗമായി നടന്ന വനിതാ സമ്മേളനത്തിലെ മുഖ്യാതിഥി റാഞ്ചി മേയർ ആശാ ലക്ഡയായിരുന്നു. സ്ത്രീ ഇല്ലാതെ സൃഷ്ടി എന്ന ഭാവന അർത്ഥശൂന്യമാണെന്നും സ്ത്രീ ശക്തിയെ സമൂഹം തിരിച്ചറിയുകയാണെന്നും അവർ പറഞ്ഞു. അസംഘടിത മേഖലയിലെ സ്ത്രീകളെ സംഘടിതരാക്കാൻ ബി.എം.എസ്സിന് കഴിയണമെന്നും അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണമെന്നും അവർ അഭിപ്രായപ്പെട്ടു.

അക്രമങ്ങൾക്കെതിരായ സ്ത്രീകളുടെ ശബ്ദം സമൂഹത്തിലുറച്ചുകേൾക്കേണ്ടത് ആവശ്യമാണെന്ന് നാഷണൽ ലേബർ ഇസ്റ്റിട്യൂട്ടിന്റെ ഉപദേശക വി.വി.പ്രജ്ഞ പരാണ്ഡെ പറഞ്ഞു. പാട്ന മുനിസിപ്പൽ കോർപ്പറേഷൻ മേയർ സീത സാഹു, റീത്ത ഏക്ക, തൃപ്തി ആൽതി തുടങ്ങിയവർ പ്രസംഗിച്ചു. പരിപാടിയിൽ ബി.എം.എസ്. വൈസ് പ്രസിഡന്റ് നീത ചൗബെ അധ്യക്ഷത വഹിച്ചു.

**2023 ഏപ്രിൽ 7, 8, 9 തീയതികളിൽ പാറ്റ്നയിൽ**
**നടന്ന ഭാരതീയ മസ്ദൂർസംഘം 20-ാം ദേശീയ സമ്മേളനം അംഗീകരിച്ച പ്രമേയം**

# മിനിമം വേതനം പോര ജീവിത വേതനം വേണം

ഇന്ത്യ ലോകത്തിലെ ഏറ്റവും വളർച്ചയുള്ള സാമ്പത്തികശക്തിയായിരിക്കുന്ന ഒരു സമയമാണിത്. ഏറ്റവും വലിയ സാമ്പത്തികശക്തികളിൽ ഇന്ത്യ അഞ്ചാംസ്ഥാനം കൈവരിച്ചുകഴിയുകയും ചെയ്തിരിക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം. അതേസമയം, ദരിദ്രരാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യക്ക് 66-ാം സ്ഥാനമുണ്ട്. 22 കോടി ദരിദ്രരുമായി ദരിദ്രരുടെ എണ്ണത്തിൽ ഇന്ത്യ ഒന്നാംസ്ഥാനത്തുണ്ട്. കേന്ദ്രസർക്കാരിന്റെ ഒരു സർവ്വെ അനുസരിച്ച് ഇന്ത്യയിലെ 10 ശതമാനം ആളുകളാണ് രാജ്യത്തെ 64 ശതമാനം സമ്പത്ത് കൈവശപ്പെടുത്തിയിട്ടുള്ളത്. അതിൽത്തന്നെ ഒരു ശതമാനം പേരുടെ കൈവശമാണ് 33 ശതമാനം സമ്പത്ത്. 50 ശതമാനം വരുന്ന സാധാരണക്കാരും ദരിദ്രരുമായ ജനങ്ങളുടെ കൈവശം 10 ശതമാനം സമ്പത്ത് മാത്രമാണുള്ളത്. സാമ്പത്തികവളർച്ചയുടെ ഗുണം അനുഭവിക്കുന്നത് ഒരു വിഭാഗംമാത്രമാണെന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരും ആകുന്ന സ്ഥിതിയാണ് കാണാൻ കഴിയുന്നത്. ദരിദ്ര-സമ്പന്ന വിഭാഗങ്ങൾ തമ്മിലുള്ള ഈ അന്തരം കുറച്ച് കൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ദാരിദ്ര്യരേഖയ്ക്കു കീഴിലുള്ള ജനങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ആർജ്ജവം ദേശീയനേതൃത്വം പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പുവരുത്താനും തയ്യാറാകേണ്ടതുണ്ട്.

ഇന്ത്യയിൽ തൊഴിലാളികൾക്ക് മിനിമം വേതനമാണ് സർക്കാർ ഉറപ്പുനല്കുന്നത്. എല്ലാ തൊഴിലുടമകളും തൊഴിലാളികൾക്ക് ഏതു സാഹചര്യത്തിലും മിനിമം വേതനം നല്കണമെന്ന് നിർബന്ധിക്കുന്ന മിനിമം വേതന നിയമങ്ങൾ രാജ്യത്തുണ്ട്. തൊഴിലാളിക്കും കുടുംബത്തിനും മിനിമം ജീവിതാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, താമസം എന്നിവ ഉറപ്പുവരുത്തുന്നതിന് പര്യാപ്തമായ കാര്യങ്ങൾമാത്രം കണക്കിലെടുത്തുകൊണ്ടാണ് മിനിമം വേതനം നിശ്ചയിക്കുന്നത്. രാജ്യം കൈവരിച്ചിട്ടുള്ള സാമ്പത്തിക വളർച്ച കണക്കിലെടുത്തുകൊണ്ടുള്ള ഒരു വേതന നയം രൂപീകരിക്കാൻ സമയമായിരിക്കുന്നു. ഒരു സമൂഹജീവി എന്ന നിലയ്ക്ക് അന്തസ്സോടെ ജീവിക്കുന്നതിന് ആവശ്യമായ ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം, ശാരീരിക-മാനസികോല്ലാസങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള ജീവിത വേതനം എല്ലാ തൊഴിലാളികൾക്കും ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. ഭരണഘടനയുടെ 43-ാം അനുച്ഛേദം ജീവിത വേതനം ഉറപ്പുവരുത്തണമെന്ന് അനുശാസിക്കുന്നുണ്ട്.


ബഹുമാനപ്പെട്ട സുപ്രീംകോടതിയും ജീവിത വേതനം നല്കേണ്ടുന്നതിന്റെ ആവശ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. 2022 ജൂണിൽ നടന്ന അന്തർദ്ദേശീയ തൊഴിൽ സമ്മേളനവും ജീവിത വേതനം നടപ്പാക്കേണ്ടുന്നതിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടിയിട്ടുണ്ട്. അതിനാൽ രാജ്യത്ത് ഇന്ന് നിലവിലുള്ള മിനിമം വേതന ആക്ടുകൾക്ക് പകരം ലിവിംഗ് വേജ് ആക്ടുകൾ നടപ്പാക്കാൻ തയ്യാറാകണമെന്ന് ഭാരതീയ മസ്ദൂർ സംഘം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു. സർക്കാർ അതിനു തയ്യാറാകാത്ത പക്ഷം ശക്തമായ പ്രക്ഷോഭ പരിപാടികൾക്ക് തയ്യാറാകുമെന്ന് മുന്നറിയിപ്പുനല്കാനും ഭാരതീയ മസ്ദൂർസംഘം ആഗ്രഹിക്കുന്നു.

## ദേശീയ സമ്മേളനം അംഗീകരിച്ച മറ്റു പ്രമേയങ്ങൾ

1. സാമൂഹ്യസുരക്ഷാകോഡ് ഉടൻ നടപ്പാക്കുക.
2. എല്ലാവർക്കും വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, ഭക്ഷണം, വീട്, തൊഴിൽ എന്നിവ ഉറപ്പാക്കുക.
3. അങ്കണവാടി, ആശ, സർവ്വശിക്ഷാ അഭിയാൻ, ദേശീയ ആരോഗ്യമിഷൻ തുടങ്ങിയ പദ്ധതികളിലെ ജീവനക്കാർക്ക് മാന്യമായ ശമ്പളവും സാമൂഹ്യ സുരക്ഷാപദ്ധതികളും പെൻഷനും നടപ്പാക്കുക.
4. പെൻഷനുകൾ കാലാനുസൃതമായി പുതുക്കുകയും വിലക്കയറ്റത്തിനനുസരിച്ച് ക്ഷാമാശ്വാസം നല്കുകയും ചെയ്യുക.
5. തൊഴിൽപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ത്രികക്ഷി സംവിധാനം ശക്തിപ്പെടുത്തുക.
6. അഖിലേന്ത്യാ തൊഴിൽസമ്മേളനം വിളിച്ചു ചേർക്കുക.
7. തുല്യജോലിക്ക് തുല്യവേതനം എന്ന നയം അംഗീകരിച്ച് കരാർതൊഴിലാളികൾക്ക് സ്ഥിരം തൊഴിലാളികളുടെ വേതനം ഉറപ്പുനല്കാൻ കരാർ തൊഴിലാളി നിയമം ഭേദഗതി ചെയ്യുക.
8. എല്ലാ തൊഴിലാളികൾക്കും ജീവിത വേതനം ഉറപ്പാക്കുക. മിനിമം വേതന നിയമങ്ങൾക്കുപകരം ലിവിംഗ് വേജ് നിയമങ്ങൾ നടപ്പാക്കുക.
9. ദേശീയ തൊഴിൽ നയം രൂപീകരിക്കുക

## കേന്ദ്ര കമ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ


സി.കെ.സജിനാരായണൻ (കേന്ദ്ര കമ്മിറ്റി മെമ്പർ)


വി.രാധാകൃഷ്ണൻ (അഖില ഭാരതീയ സെക്രടറി)


കെ.കെ. വിജയകുമാർ (ഉദ്യോഗ് പ്രഭാരി,ഫെർട്ടി ലൈസേഷൻ, കെമിക്കൽ)


ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ (സഹ ഉദ്യോഗ് പ്രഭാരി,രാജ്യ കർമ്മ ചാരി, ഇന്റലക്ചൽ)



ദുരൈ രാജ് (ദക്ഷിണ ക്ഷേത്ര, ദക്ഷിണ മദ്ധ്യ ക്ഷേത്ര സംഘടനാ സെക്രട്ടറി)


എം.പി രാജീവൻ (ദക്ഷിണ ക്ഷേത്ര, ദക്ഷിണ മദ്ധ്യ ക്ഷേത്ര സഹ സംഘടനാ സെക്രട്ടറി)


സി വി രാജേഷ്(പശ്ചിമക്ഷേത്ര, ഉത്തർ പശ്ചിമ ക്ഷേത്ര സംഘടനാ സെക്രട്ടറി)


എസ്.ആശാമോൾ (കേന്ദ്ര കമ്മിറ്റി മെമ്പർ)


കെ. മഹേഷ് (കേന്ദ്ര കമ്മിറ്റി മെമ്പർ)


ജി.കെ അജിത്ത് (കേന്ദ്ര കമ്മിറ്റി മെമ്പർ)


ജയപ്രകാശ് (കേന്ദ്രകമ്മിറ്റി മെമ്പർ,മത്സ്യ മഹാസംഘ്)


എൻ.ബി ശശിധരൻ(കേന്ദ്ര കമ്മിറ്റി മെമ്പർ, പ്ലാന്റേഷൻ)


സമ്മേളന റാലിയിൽ കേരളത്തിലെ പ്രതിനിധികളെ സംസ്ഥാന പ്രസിഡണ്ട് ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ നയിക്കുന്നു

# തൂക്കുമരങ്ങളെ ചുംബിച്ചുണർത്തിയ വിപ്ലവകാരികൾ




കെ. വി. രാജേന്ദ്രൻ
9495493071




ഭഗത് സിംഗ്

**1931** മാർച്ച് 23 തിങ്കളാഴ്ച പകൽ എരിഞ്ഞടങ്ങിയിരുന്നില്ല. അഹിതമായത് എന്തോ നടക്കാൻപോകുന്നു. ലാഹോർ സെൻട്രൽ ജയിലിൽ ബ്രിട്ടീഷ് പോലീസിന്റെ കനത്ത ബൂട്ടുകൾ ശബ്ദമുണ്ടാക്കുന്നു. ഭാരതസ്വാതന്ത്ര്യസമരത്തിലെ വിപ്ലവനക്ഷത്രങ്ങൾ, ഭഗത് സിംഗ്, രാജഗുരു, സുഖ്ദേവ്. മൂന്നു പേരുടെയും വധശിക്ഷ നടപ്പിലാക്കുകയാണ്. മാർച്ച് 24-നാണ് തീയതി പ്രഖ്യാപിച്ചിരുന്നത്. എന്നാൽ മൃതശരീരങ്ങൾ ഏറ്റുവാങ്ങാൻ പതിനായിരങ്ങളെത്തും. ആ തീക്കാറ്റിനെ തടുക്കാൻ ബ്രിട്ടീഷ് ഗവണ്മെന്റിന് കഴിയില്ല. അതിനാൽ രഹസ്യമായി 23-ന് വധശിക്ഷ നടപ്പിലാക്കാൻ തീരുമാനിക്കുകയായിരുന്നു. 22-ന് തന്നെ സന്ദർശകരെ ഒഴിവാക്കിയിരുന്നു. സന്ദർശനം നിരോധിച്ച ഉത്തരവ് ഇറങ്ങിയിരുന്നു. പ്രത്യേക അനുമതി വാങ്ങി അഭിഭാഷകൻ എന്ന നിലയിൽ അഡ്വ. ബൽജിത് സിംഗ് മാർച്ച് 23-ന് രാവിലെ 9 മണിക്ക് ഭഗത്സിംഗിനെ കാണാൻ അവസാനമായി ജയിലിലെത്തി, ഭഗത്സിംഗിന്റെ പുഞ്ചിരിച്ച മുഖം കണ്ട വക്കീൽ വികാരാധീനനായി വിങ്ങിപ്പൊട്ടി. ഇത് കണ്ട അസി. ജയിലർ ഖാൻ സാഹെബ് മുഹമ്മദ് അക്രം പറഞ്ഞു. ഭഗത്തിനെയല്ലേ തൂക്കിക്കൊല്ലുന്നത് നിങ്ങളെയല്ലല്ലൊ. അദ്ദേഹത്തെ നോക്കൂ. എത്ര ഉന്മേഷവാനും അക്ഷോഭ്യനുമാണ് ഭഗത്സിംഗ്. അദ്ദേഹം തന്റെ വക്കീലിനെ നോക്കിക്കൊണ്ട് പറഞ്ഞുവത്രെ. ''നിങ്ങൾ എന്തിന് തളരണം ഞാനിപ്പോൾ വളരെ സന്തുഷ്ടനാണ്. തൂക്കുമരത്തിലേറുക എന്നത് സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഭാഗം മാത്രമാണ്. എനിക്ക് മനശ്ശാന്തി തോന്നുന്നു. എന്റെ കർമ്മങ്ങൾ ഞാൻ ചെയ്തുകഴിഞ്ഞു. ഇനി ബാക്കിയുള്ളത് നിങ്ങൾ ഏറ്റെടുക്കുക.'' അതിന് ശേഷം ഭഗവത്ഗീതയിലെ ഒരു ശ്ലോകം ഉദ്ധരിച്ചുകൊണ്ട് ബൽജിത്ത് സിംഗിനെ ആശ്വസിപ്പിച്ചു.

> ജാതസ്യ ഹി ധ്രുവോ മൃത്യുർ
> ധ്രുവം ജന്മ മൃതസ്യ ച
> തസ്മാദ് പരിഹാര്യേർത്ഥേ
> നത്വം ശോചിതുമർഹസി.
> (ഭഗവത് ഗീത
> രണ്ടാം അദ്ധ്യായം, ശ്ലോകം 27)

മരിച്ചവന് ജനനവും ജനിച്ചവന് മരണവും തീർച്ചയാണ്. അസാദ്ധ്യമായതിനെക്കുറിച്ച് ഓർത്ത് ഒരിക്കലും ദുഃഖിക്കരുത്.

അന്ന് വൈകുന്നേരം 6.45–ന് ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർ ഭഗത്സിംഗിന്റെ സെല്ലിന് മുന്നിൽ വന്നു. അപ്പോൾ പുസ്തകം വായിച്ചുകൊണ്ടിരുന്ന ഭഗതിനോട് പറഞ്ഞു, "സർദാർജി താങ്കളെ തൂക്കിലേറ്റാനുള്ള ഉത്തരവ് വന്നിട്ടുണ്ട്." ഉദ്യോഗസ്ഥൻ ആദരവോടെ പറഞ്ഞു. ഞങ്ങൾ താങ്കളെ തൂക്കുമരത്തിലേയ്ക്ക് കൊണ്ടുപോകാൻ വന്നതാണ്. നിസ്സാരഭാവത്തിൽ വലതുകൈ ഉയർത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു. ''ഒരു നിമിഷം ഈ പുസ്തകത്തിന്റെ ഒരു താളുകൂടി വായിച്ചുതീർത്തോട്ടെ. ഉദ്യോഗസ്ഥർ സ്തബ്ധരായി ശ്വാസമടക്കിപ്പിടിച്ച് മാറിനിന്നു. വായിച്ച പുസ്തകം മടക്കിവച്ച് എഴുന്നേറ്റ് അദ്ദേഹം പറഞ്ഞു. "ശരി പോകാം." പുഞ്ചിരിച്ചുകൊണ്ട് ജയിൽകവാടം തുറന്ന് പുറത്തുവന്നു. അപ്പോഴേക്കും രാജ്ഗുരുവിനെയും സുഖ്ദേവിനെയും മറ്റ് മുറികളിൽനിന്ന് അവിടെ കൊണ്ടുവന്നിരുന്നു. കൈകളിൽ വിലങ്ങ്വെയ്ക്കാൻ ശ്രമിച്ചപ്പോൾ രാജ്ഗുരു ഉറക്കെ വന്ദേമാതരം വിളിച്ചുകൊണ്ട് അതിനെ എതിർത്തു. ജയിലിലെ വൃദ്ധനായ വാർഡൻ ഭഗതിനോട് പറഞ്ഞു. "മോനെ ജയിൽ ചട്ടങ്ങൾ അനുസരിച്ച് നിങ്ങളെ വിലങ്ങ് വെയ്ക്കണം. ഇല്ലെങ്കിൽ എന്റെ ജോലി." ഭഗത്സിംഗിന്റെ നിർദ്ദേശാനുസരണം മൂന്നുപേരുടെയും കൈകളിൽ വിലങ്ങ് വീണു. ജയിലിലെ സഹതടവുകാരെ നോക്കി, ധീരരായ മൂന്ന് വിപ്ലവകാരികളും ഉറക്കെ വിളിച്ചുപറഞ്ഞു. സഹോദരന്മാരെ ഞങ്ങൾ യാത്രയാവുകയാണ്. 'ഭാരത് മാതാ കീ ജയ്, ഭഗത്സിംഗ് സിന്ദാബാദ്.' ഒരു മുറിയിൽനിന്ന് അടുത്ത മുറിയിലേക്ക് ഇത് തീക്കാറ്റായി അലയടിച്ചു. ജയിലിനുള്ളിലെ കൊടുങ്കാറ്റിന്റെ ശബ്ദം ജയിലിന് സമീപം താമസിച്ചിരുന്ന കെ.സന്താനത്തിന്റെ ബംഗ്ലാവിൽ കേൾക്കാമായിരുന്നു. ജയിലിന്റെ ഉള്ളിലെ ശബ്ദം കേൾക്കാൻ ശ്രദ്ധയോടെ നിന്ന അദ്ദേഹത്തിന് അരുതാത്തതെന്തോ നടക്കുന്നതായി തോന്നി – ഭഗത്സിംഗിന്റെ പിതാവിനെ ഫോണിൽ വിളിച്ച് ആശങ്കകൾ പങ്കുവെച്ചു. ഈ വാർത്ത ജനങ്ങൾ അറിഞ്ഞു. അവർ കൂട്ടംകൂട്ടമായി ജയിലിന് മുന്നിലേക്കു നടന്നു. ഈ സമയം ഭഗത്തും രാജഗുരുവും സുഖ്ദേവും കുളികഴിഞ്ഞ് അധികാരികൾ നല്കിയ പ്രാർത്ഥനാസൗകര്യവും ആഹാരവും നിരാകരിച്ചു. ധീരതയോടെ കൈകൾ ചേർത്തുപിടിച്ച് ദേശീയഗീതമാലപിച്ചുകൊണ്ട് കൊലമരത്തിനടുത്തേയ്ക്ക് നടന്നു. ഭയത്തിന്റെ ലാഞ്ഛനപോലുമില്ലാതെ ആഹ്ലാദചിത്തരായി അമ്മയുടെ ബലിവേദിയിൽ ഹവിസ്സായി ഒടുങ്ങാൻ വീരസന്താനങ്ങൾ തയ്യാറായി, തൂക്കിലേറാൻ – നടന്നടുക്കുകയാണ് അവർ. ലാഹോർ സെൻട്രൽ ജയിലിന്റെ വടക്കുഭാഗത്ത് നാട്ടിയ കൊലമരത്തിന് ചുവട്ടിൽ അവരെത്തി. ബ്രിട്ടീഷുകാരനായ മജിസ്ട്രേറ്റ് ഡെയ്സവില്ല്യം ഹോട്ടണും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും എത്തിയിട്ടുണ്ട്.


രാജ്ഗുരു

സമയം 7.16 മജിസ്ട്രേറ്റിന്റെ നിർദ്ദേശപ്രകാരം കുറ്റപത്രം വായിക്കാൻ തുടങ്ങിയപ്പോൾ ഭഗത്സിംഗ് പറഞ്ഞു. "അതിന്റെ ആവശ്യമില്ല." അതിനുശേഷം ആരാണ് കഴുമരത്തിൽ ആദ്യം കയറേണ്ടത് എന്ന് മൂന്നുപേരും തമ്മിൽ മത്സരമുണ്ടായി. തനിക്ക് ആദ്യം കയറണമെന്ന വാശിയിൽ രാജഗുരു ഉറച്ചുനിന്നു. അവസാനം ഭഗത്തിന്റെ നിർദ്ദേശം സ്വീകരിച്ച് മൂന്നുപേരും ഒരുമിച്ച് കഴുമരച്ചോട്ടിൽ കയറിനിന്നു. ഭഗത്സിംഗ് മദ്ധ്യത്തിലും രാജ്ഗുരുവും സുഖ്ദേവും ഇടത്തും വലത്തുമായി. ഭഗത് മജിസ്ട്രേറ്റിനോടും പോലീസ് ഉദ്യോഗസ്ഥരോടുമായി പറഞ്ഞു:''മിസ്റ്റർ മജിസ്ട്രേറ്റ് ഞങ്ങൾ മരിച്ചുകഴിഞ്ഞാലും ഞങ്ങളുടെ മൃതശരീരത്തിനുള്ളിൽനിന്ന് മാതൃഭൂമിയോടുള്ള സ്നേഹത്തിന്റെ ഗന്ധം വമിച്ചുകൊണ്ടേയിരിക്കും.'' മൃത്യുവിന് എത്തിപ്പിടിക്കാൻ കഴിയാത്തതാണ് ഭാരതീയരുടെ ദേശഭക്തി. പിന്നെ നാടിനുവേണ്ടി, അമ്മയുടെ മോചനത്തിനുവേണ്ടി സമുന്നതമായ ഒരാദർശത്തിനുവേണ്ടി, ഭാരത വിപ്ലവകാരികൾ എത്ര സന്തോഷത്തോടെയാണ് മരണത്തെ പുൽകുന്നതെന്ന് കാണാനുള്ള ഭാഗ്യം നിങ്ങൾക്കുണ്ടായി. നിങ്ങൾ രണ്ടുനിമിഷംകൂടി ഞങ്ങൾക്ക് അനുവദിക്കണം, മതിവരുവോളം മുദ്രാവാക്യം വിളിക്കാനാണ്. കൊലക്കയറിന്റെ കുരുക്ക് തലയ്ക്കുമീതെ തൂങ്ങിക്കിടക്കുമ്പോഴും അന്തസ്സും ധീരതയും ചിന്താശക്തിയും പ്രകടിപ്പിച്ചുകൊണ്ടുള്ള അവരുടെ പെരുമാറ്റം മജിസ്ട്രേറ്റിനെപോലും സ്തംബ്ധനാക്കി. അവർ ഉറക്കെ മുദ്രാവാക്യം വിളിച്ചു. അത് ജയിൽഭിത്തികളിൽ തട്ടി മാറ്റൊലികൊണ്ടു. വന്ദേമാതരം ജയിലിനുമുകളിൽ ഇടിനാദമായി മാറി. ശാന്തരായി അടിമജീവിതത്തിൽനിന്നും മുക്തരാകാനുള്ള കയറുകളെ നോക്കി അവർ പറഞ്ഞു: '' അമ്മേ ഭാരതമാതാവേ അവിടുന്ന് സ്വതന്ത്രമാകാനുള്ള നാളുകൾ അടുത്തെത്തി. അത് കാണാൻ ഞങ്ങൾക്ക് ഭാഗ്യമില്ല. അതിനുമുമ്പ് ഞങ്ങൾ ഈ തൂക്കുകയറിൽ അവസാനിക്കുകയാണ്. ഇനിയൊരു ജന്മം ഞങ്ങൾക്കുണ്ടെങ്കിൽ അവിടുത്തെ സേവിക്കാനായി ഇവിടെത്തന്നെ ഞങ്ങളെ ജനിപ്പിക്കേണമേ" – ആരാച്ചാർ മുന്നോട്ടുവന്ന് കറുത്ത തുണികൊ

ണ്ട് മുഖംമൂടാൻ ശ്രമിച്ചപ്പോൾ അവർ തടുത്തു. അവരെ മാറ്റി നിർത്തി – മുഖംമൂടി ധരിക്കാതെ കൈകളിൽ വിലങ്ങു അണിയാതെ തൂക്കുകയറിനെ ചുംബിച്ച് മൂന്നുപേരും കൊലക്കയർ കഴുത്തിലിട്ടു. 1931 മാർച്ച് 23 വൈകീട്ട് 7 മണി 23 മിനിട്ടു 46 സെക്കന്റ് – ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കാവൽപട്ടികളെ കിടുകിട വിറപ്പിച്ചുകൊണ്ട് അടിമുടി ഭയവിഹല്ലാരാക്കികൊണ്ട് അവരുടെ ആത്മധൈര്യത്തെ ചോർത്തിക്കളഞ്ഞ്... ഇതിഹാസ തുല്യം ജീവിച്ച 24കാരൻ ഭഗത്സിംഗ്. അവരുടെ പാദങ്ങൾക്കടിയിലെ അടിപ്പലക വലിക്കപ്പെട്ടു. തൂക്കുകയർ മുറുകി... ശാന്തരായി തൂക്കുകയറിലാടിയ ധീരവിപ്ലവകാരികളുടെ ആത്മാവ് ഭൂമിയിൽനിന്ന് പ്രയാണം ചെയ്തു. കഴുമരത്തിന്റെ പലകയുടെ ശബ്ദം നിശ്ശബ്ദമാക്കിയ ജയിൽമുറികളിൽ പ്രചണ്ഡമായ മുദ്രാവാക്യങ്ങൾ മുഴങ്ങി. സ്വാതന്ത്ര്യസമര സേനാനികളുടെ മുഷ്ടികൾക്കിടയിൽ ജയിൽ അഴികൾ മുറുകി. അവരുടെ ചവിട്ടേറ്റ ജയിൽഭിത്തികൾ വിറച്ചു. ദശലക്ഷങ്ങൾ ജയിലിന് മുന്നിൽ തടിച്ചുകൂടി... ബന്ധുക്കൾക്ക് മൃതശരീരം വിട്ടുകൊടുത്താലുണ്ടാകുന്ന ഭവിഷ്യത്ത് ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ പരിഭ്രാന്തരാക്കി. ജീവിച്ചിരുന്ന ഭഗത്തിനെക്കാൾ അവരുടെ മൃതശരീരത്തെ അവർ പേടിച്ചു. കാരണം ഇതിനുമുമ്പ് ബംഗാളിൽ തൂക്കിലേറ്റിയ കന്നയ്യലാൽ ദത്തിന്റെയും സത്യേന്ദ്രചാക്കിയുടെയും മൃതശരീരം വിട്ടുകൊടുത്തതിന്റെ ഓർമ്മകൾ – ആ വിലാപയാത്ര ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ ബ്രിട്ടീഷുകാരുടെ ഉറക്കം കെടുത്തിയിരുന്നു. അവർ രഹസ്യമായി മൂന്ന് മൃതദേഹങ്ങളും അകലെയുള്ള സത്‌ലജ് നദിയുടെ തീരത്ത് കൊണ്ടുപോയി കത്തിച്ചു. ചാമ്പൽപോലും ബന്ധുക്കൾക്ക് നൽകാതെ ഒഴുക്കിക്കളഞ്ഞു. 1931 മാർച്ച് 24–ന് പതിനായിരങ്ങൾ സത്‌ലജ് നദിയുടെ തീരത്തേയ്ക്ക് ഒഴുകിയെത്തി. ഭഗത്സിംഗ് അമർഹെ... രാജ്ഗുരു അമർഹെ... സുഖ്ദേവ് അമർഹെ... വന്ദേമാതരം. മുദ്രാവാക്യത്തിന്റെ കൊടുങ്കാറ്റടിച്ച പ്രഭാതത്തിൽ 3 വിപ്ലവകാരികളുടെ ചാരംപോലും ബ്രിട്ടീഷുകാർ വാരിയെടുത്ത് നദിയിൽ കലക്കിക്കളഞ്ഞു. അവിടെയെത്തിയവർ ചൂട് മാറാത്ത ചുടല മണ്ണ് വാരി വീട്ടിലേയ്ക്കു മടങ്ങി. ഭാരതത്തിന്റെ കോപം മുഴുവൻ മുഖത്താവാഹിച്ച യുവധീരന്റെ മീശ കാണാൻ, അടിമത്തം അംഗീകരിക്കാത്ത രൗദ്രത കാണാൻ, ആരെയും വശീകരിക്കുന്ന വിരിമാറുകാണാൻ, തേജസ്വിയായ മകന്റെ മുഖത്ത് അന്ത്യചുംബനം നല്കാൻ ആർത്തിയോടെ എത്തിയ പിതാവ് കിഷൻസിംഗും ആൾക്കൂട്ടത്തിലുണ്ടായിരുന്നു.



**സുഖ്ദേവ്**

1919 ഏപ്രിൽ 13. ഗുരു ഗോവിന്ദസിംഗ് ഖൽസാപന്ഥ് സ്ഥാപിച്ച ദിനം. അന്നാണ് ജാലിയൻവാലാബാഗ് കൂട്ടക്കൊല നടന്നത്. ലോകചരിത്രത്തിലെ നിഷ്ഠൂരമായ ദിനം. ജനറൽ ഡയർ നടത്തിയ ഏകപക്ഷീയമായ വെടിവെപ്പ്. പിറ്റേന്ന് ഏപ്രിൽ 14ന് രാവിലെ പുസ്തകസഞ്ചിയും തോളിലിട്ട് നടന്നുവരുന്ന വെളുത്ത് തുടുത്ത ബാലൻ മൈതാനത്തിനുള്ളിലേക്ക് നോക്കി. കാക്കയും കഴുകനും വാവിട്ട് പറക്കുന്ന മൈതാനത്തിന്റെ ചില ഭാഗങ്ങളിൽ പട്ടാളക്കാർ നിൽപ്പുണ്ട്. കുട്ടി ചുറ്റും നോക്കി. ആരും തന്നെ ശ്രദ്ധിക്കുന്നില്ല. ചിതറിക്കിടന്ന മനുഷ്യശരീരങ്ങൾക്കടുത്ത് കണ്ണുനീരൊലിപ്പിച്ച് നിന്ന ബാലൻ തന്റെ പുസ്തകസഞ്ചിയിലുണ്ടായിരുന്ന ചോറ്റുപാത്രത്തിൽ രക്തം കൊണ്ട് നനഞ്ഞ മണ്ണ് വാരിയെടുത്ത് നേരെ വീട്ടിലേയ്ക്ക് നടന്നു. പാഠപുസ്തകങ്ങൾ അടുക്കിവയ്ക്കുന്ന മേശയുടെ അടുത്ത് ചെറിയ പീഠത്തിൽ വെള്ളത്തുണി വിരിച്ച് പാത്രം അവിടെവച്ച് ഇളയസഹോദരിയെ കൂട്ടിവന്ന് – വിളക്ക് തെളിച്ച് പ്രാർത്ഥിച്ചു. ദിവസവും പൂക്കൾ ഇറുത്തിടാനും വിളക്ക് മുടങ്ങാതെ തെളിക്കാനും രണ്ടുപേരും ചേർന്ന് തീരുമാനിച്ചു. സഹോദരിയോടു പറഞ്ഞു. “നമ്മുടെ സഹോദരങ്ങളുടെ ചോരവീണ് കുതിർന്ന മണ്ണാണ്. ഇന്നലെ ജാലിയൻവാലാബാഗിൽ വെള്ളക്കാർ വെടിവച്ചുകൊന്നു. നമ്മുടെ ആളുകളുടെ ചോരയിൽ കുതിർന്ന ഈ മണ്ണിനെ നാം ദിവസവും വന്ദിക്കണം.” ജനറൽ ഡയറിനെതിരെ കോപാഗ്നി ജ്വലിപ്പിച്ചതായിരുന്നു ആ വിളക്ക്. ആര്യസമാജം സ്കൂളിലെ വിദ്യാഭ്യാസവും ദയാനന്ദ ആംഗ്ലോവേദി സ്കൂളിലെ മെട്രിക്കുലേഷൻ പഠനവും അദ്ദേഹത്തെ തികച്ചും ഹൈന്ദവ പാരമ്പര്യത്തിൽ ജീവിക്കാൻ പഠിപ്പിച്ചിരുന്നു. തന്റെ പിതാവിന്റെ സുഹൃത്തുക്കളും ബന്ധുക്കളും ദേശപ്രേമത്താൽ പ്രചോദിതരായ സ്വാതന്ത്ര്യസമരവക്താക്കളായിരുന്നു. പിതാവും ഭഗത്തിലെ വിപ്ലവകാരിയെ പോഷിപ്പിച്ചിരുന്നു. മഹാത്മാഗാന്ധി നിസ്സഹകരണപ്രസ്ഥാനവും നിയമലംഘനപ്രസ്ഥാനവും ആരംഭിച്ചത് അക്കാലത്താണ്. ഡി.എ.വി കോളേജിൽ രാജാറാം മോഹൻറായിയുടെ 148–ാം ജന്മദിനാഘോഷങ്ങളിൽ പങ്കെടുക്കാനെത്തിയ അലഹബാദിലെ ‘ലീഡർ’ പത്രത്തിന്റെ പത്രാധിപർ സർ സി.വൈ. ചിന്താമണി പ്രഭാഷകനായി എത്തിയ മദൻമോഹൻ മാളവ്യയ്ക്ക് ഭഗത്സിംഗിനെ പരിചയപ്പെടുത്തുകയും അദ്ദേഹം കോൺഗ്രസ്സിന്റെ വാളണ്ടിയർ ആയി പ്രവർത്തിക്കാൻ നിർദ്ദേശിക്കു

കയും ചെയ്തു. പഞ്ചാബ് നാഷണൽ കോളേജിലെ വിദ്യാഭ്യാസം അവിടുത്തെ തീവ്രദേശീയതയുടെ വക്താക്കളായ ജുഗൽ കിശോർ, പ്രൊഫ. പി.സി. മേത്ത, ഡി.ആർ. ഗുപ്ത, ഭായ് പരമാനന്ദ് തുടങ്ങിയ അധ്യാപകരുടെ ശിക്ഷണം എന്നിവ ഭഗത്സിംഗിനെ ലക്ഷണമൊത്ത യോദ്ധാവായി മാറ്റി. ജ്ഞാനവും ധർമ്മവും വേദാന്തദർശനങ്ങളിലെ അറിവും പകർന്നുനല്കിയ പ്രൊഫ. ജയചന്ദ്ര വിദ്യാലങ്കാർ ഭഗത്സിംഗിന്റെ ജീവിതത്തിലെ സ്വാധീനകേന്ദ്രമായിരുന്നു. ഭാരതീയ ദർശനങ്ങളും ചരിത്ര വിശകലനങ്ങളും സമന്വയിപ്പിച്ച ചിന്തകൾ ചെന്നെത്തിയത് സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളിലും വിപ്ലവരീതികളിലുമാണ്. 1921 ആയപ്പോൾ ഗാന്ധിജിയുടെ സമരമാർഗ്ഗങ്ങൾ തണുക്കുകയും ബ്രിട്ടീഷ് ആക്രമണങ്ങൾ വർദ്ധിക്കുകയും ചെയ്തു. അസ്വസ്ഥമായ യുവമനസ്സുകളിലേയ്ക്ക് വിപ്ലവത്തിന്റെ തീപ്പൊരി പകർന്നത് അധ്യാപകനായ വിദ്യാലങ്കാറായിരുന്നു. അദ്ദേഹത്തിന്റെ കത്തുമായി കാൺപൂരിലേയ്ക്കും പോയി. വിപ്ലവകാരിയായ ഗണേശ് ശങ്കർ വിദ്യാർത്ഥിയുമായി 'പ്രതാപ്' എന്ന പത്ര ഓഫീസിലാണ് കൂടിക്കാഴ്ച. ആ നിമിഷം ഭഗത്സിംഗ് ഒരു വിപ്ലവകാരിയുടെ പൂർണ്ണതയിലേയ്ക്ക് രൂപപ്പെടുകയായിരുന്നു. ഭാരത സ്വാതന്ത്ര്യസമരത്തിൽ പൂർണ്ണസമർപ്പണം ചെയ്യുന്നതിന് ദൈവാനുഗ്രഹം വേണം. സമരത്തിൽ പങ്കുവഹിക്കുന്ന ഒരു വിപ്ലവകാരിയുടെ ജീവിതം ത്യാഗം നിറഞ്ഞതായിരിക്കും. മൃത്യുഭയം അവനെ തീണ്ടരുത്. അവൻ ലൗകികസുഖങ്ങൾ പൂർണ്ണമായും വെടിഞ്ഞവനും രാഷ്ട്രത്തിനുവേണ്ടി സർവ്വസ്വവും ത്യജിക്കാൻ തയ്യാറുള്ളവനുമായിരിക്കണം. ഒരു പ്രതിജ്ഞയെന്നോണം ഗണേശ് ശങ്കർ വിദ്യാർത്ഥി ഇത് പറഞ്ഞപ്പോൾ വിനയാന്വിത പ്രണാമങ്ങളോടെ ഭഗത്സിംഗ് പറഞ്ഞു: "എന്ത് ത്യാഗവും സഹിക്കാൻ ഞാൻ തയ്യാറാണ്. ഏത് കഠിനമായ ജോലിയും സന്തോഷപൂർവ്വം ഞാൻ ചെയ്യും." തുടർന്ന് കാൺപൂരിലെ തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കാൻ നിയോഗിക്കപ്പെട്ട ഭഗത്സിംഗ്, ചന്ദ്രശേഖർആസാദ്, രാജേന്ദ്രനാഥ ലാഹിരി, പണ്ഡിറ്റ് രാം പ്രസാദ് ബിസ്മിൽ എന്നീ വിപ്ലവകാരികൾക്ക് പ്രവർത്തിക്കാനുള്ള സഹായങ്ങളും നല്കി. ഭാരതം മുഴുവൻ യാത്രചെയ്ത് വിപ്ലവകാരികളെ സംഘടിപ്പിച്ചു. 1926-ൽ ലാഹോറിൽ ''നൗ ജവാൻ ഭാരത് സഭ'' ആരംഭിച്ചു. യശ്പാൽ, സുഖ്ദേവ്, ധന്വന്തരി, ഈഷാൽ ഇലാഹി, ഭഗവതി ചരൺ ബഹ്റ എന്നിവർ സഹായികളായുണ്ടായിരുന്നു. അതേവർഷം ലാഹോർ ബ്രാഡ്‌ലാ ഹാളിൽ ചേർന്ന കർത്താർ സിംഗ് സാരംഖയടെ രക്തസാക്ഷിത്വ ചടങ്ങ് ഗംഭീരമാക്കുകയും തുടർന്ന് സെപ്തംബറിൽ ലാഹോർ സ്റ്റുഡൻസ് യൂണിയൻ ആരംഭിക്കുകയും ചെയ്തു. ചൗരിചൗരാ സംഭവത്തിനു ശേഷം ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം നിർത്തിവെച്ചതിനെതുടർന്ന് സചീന്ദ്രനാഥ് സന്യാൽ ആരംഭിച്ച 'ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസ്സോസ്സിയേഷൻ' എന്ന സംഘടനയിൽ ഭഗത്സിംഗ് അംഗമാവുകയും തുടർന്ന് സോഷ്യലിസ്റ്റ് എന്ന പദം കൂടി ചേർക്കണമെന്നും എന്നാൽ ഇത് മാർക്സിയൻ സോഷ്യലിസം എന്ന തത്വവുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കിക്കൊണ്ട് രാഷ്ട്രമോ വ്യക്തിയോ സ്വാർത്ഥതാല്പര്യത്തിന്റെ പേരിൽ ചൂഷണം ചെയ്യപ്പെടാൻ പാടില്ലെന്ന തത്വം അംഗീകരിച്ചുകൊണ്ടും ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ്, സുഖ്ദേവ്, വിജയകുമാർസിംഗ്, ശിവശർമ്മ, ഫണീന്ദ്രനാഥഘോഷ്, കുന്ദലാൽ എന്നീ ഏഴ്പേരെ കേന്ദ്രകമ്മിറ്റി അംഗങ്ങളാക്കി നിശ്ചയിച്ചുകൊണ്ടും ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസ്സോസ്സിയേഷൻ രൂപീകരിക്കുകയും ചെയ്തു. ഈ ചെറുപ്പക്കാരുടെ നിരന്തര പരിശ്രമങ്ങൾ വഴി ഭാരതമെമ്പാടും ബ്രിട്ടീഷ് വിരുദ്ധമനോഭാവം പെട്ടെന്ന് വളരുകയും തീവ്ര സ്വാതന്ത്ര്യചിന്ത ഉദയം ചെയ്യുകയും ചെയ്തു. 1923 ഒക്ടോബർ 30ന് സൈമൺ പ്രഭുവും അംഗങ്ങളും ലാഹോറിൽ എത്തിയതിനെതുടർന്നുള്ള പ്രതിഷേധവും പോലീസ് നരനായാട്ടും ലാലാ ലജ്പത് റായിയുടെ മരണവും നടന്നു. അത് യുവകേസരികളുടെ ചിന്തകളിൽ തീപടർത്തി. പോലീസ് സൂപ്രണ്ട് വില്യംസ് കോട്ട്, ഡി.വൈ.എസ്.പി. നീൽ എന്നിവരോടുള്ള വൈരാഗ്യം യുവമനസ്സുകളിൽ പ്രതികാരാഗ്നി ജ്വലിപ്പിച്ചു. ലാലാലജ്പത് റായിയുടെ മരണത്തിൽ ഗാന്ധിജി ദുഃഖം രേഖപ്പെടുത്തിയെങ്കിലും പോലീസ് നടപടിയെ അദ്ദേഹം അപലപിച്ചില്ല. ചിത്തരഞ്ജൻ ദാസിന്റെ പത്നി വാസന്തീദേവിപോലും ദുഃഖവും അമർഷവും രേഖപ്പെടുത്തി. ലാലാലജി യെപ്പോലുള്ള ബഹുമുഖ പ്രതിഭയെ റോഡിൽ മർദ്ദിക്കാൻ സാൻഡേഴ്സൺ എന്ന പോലീസ് ഉദ്യോഗസ്ഥന് സാധിച്ചത് ദേശീയ അപമാനമാണെന്ന് അവർ പറഞ്ഞു. ഈ ദേശീയ അപമാനത്തിന് പകരം വീട്ടാൻ എച്ച്.എസ്.ആർ.എ. തീരുമാനിച്ചു.

(തുടരും)

**ജ്ഞാനവും ധർമ്മവും വേദാന്തദർശനങ്ങളിലെ അറിവും പകർന്നുനല്കിയ പ്രൊഫ. ജയചന്ദ്ര വിദ്യാലങ്കാർ ഭഗത്സിംഗിന്റെ ജീവിതത്തിലെ സ്വാധീന കേന്ദ്രമായിരുന്നു. ഭാരതീയ ദർശനങ്ങളും ചരിത്ര വിശകലനങ്ങളും സമന്വയിപ്പിച്ച ചിന്തകർ ചെന്നെത്തിയത് സോഷ്യലിസ്റ്റ് സിദ്ധാന്തങ്ങളിലും വിപ്ലവരീതികളിലുമാണ്.**

നിരീക്ഷണങ്ങൾ

വിശകലനങ്ങൾ

# ഭാഷയും ചിന്തയും



**കല്ലറ അജയൻ**
**9446751163**

''തന്നതില്ല പരനുള്ളു കാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ''.

കുമാരനാശാൻ 'നളിനി'യിൽ എഴുതിയിരിക്കുന്ന വരികളാണിത്.

''മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നുപെറ്റമ്മതൻഭാഷ താൻ''.

സാഹിത്യമഞ്ജരിയിൽ വള്ളത്തോൾ എഴുതിയതാണ് ഈ വരികൾ. രണ്ടിലും ഭാഷയെപ്പറ്റി പരാമർശമുണ്ട്. വള്ളത്തോൾ മാതൃഭാഷയെപ്പറ്റി മാത്രമാണ് സൂചിപ്പിക്കുന്നതെങ്കിൽ ആശാൻ ഭാഷ എന്ന പ്രതിഭാസത്തെക്കുറിച്ചുതന്നെ തത്വചിന്താപരമായി അന്വേഷണങ്ങൾ നടത്തുകയാണ് ഈ വരികളിലൂടെ. മനുഷ്യവികാരങ്ങളുടെ പല ഭാവങ്ങളും സമ്പൂർണ്ണമായി ഭാഷയിലൂടെ വെളിവാക്കാനാവില്ല. പല വൈകാരികഭാവങ്ങളും അനുഭവിക്കാനേ കഴിയൂ. വാക്കുകളിലൂടെ പകർന്നുനൽകാനാവില്ല. ആ പരിമിതിയെയാണ് ആശാൻ സൂചിപ്പിക്കുന്നത്.

ചിന്തയുടെ ആവിഷ്കാരം ഭാഷയിലൂടെ മാത്രമേ നടത്താനാവൂ. അത് ആംഗ്യഭാഷയാകാം. ചിത്രരൂപത്തിലുള്ള ഭാഷയാകാം. ലിഖിതഭാഷയോ വാചികഭാഷയോ ഏതുമാകാം. ഭാഷയുടെഏതെങ്കിലും രൂപത്തിലൂടെയാണ് ചിന്ത ആവിഷ്കൃതമാകുന്നത്. ഭാഷയും ചിന്തയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പണ്ഡിതന്മാർ പലതരത്തിലുള്ള അന്വേഷണങ്ങളും ഗവേഷണങ്ങളും നടത്തിയിട്ടുണ്ട്. അതിലൂടെ ലഭിച്ച അറിവുകൾ കുട്ടികളുടെ ഭാഷാപഠനത്തിലും പ്രയോജനപ്പെടുത്തുന്നു.

ചിന്തിക്കാൻ ഭാഷ ആവശ്യമാണോ? ഒരാൾക്ക് മാതൃഭാഷയിലൂടെയല്ലാതെ മറ്റൊരു ഭാഷയിൽ ചിന്തിക്കാനാവുമോ? തുടങ്ങിയ സംശയങ്ങൾ പലതരത്തിലുള്ള വാദഗതികൾക്കും വഴിവച്ചിട്ടുണ്ട്. വ്യത്യസ്ത നിലപാടുകളിൽ എത്തച്ചേർന്ന ഗവേഷണങ്ങളും അനവധിയാണ്. അതിൽ പ്രധാനമാണ് സാപ്പിർ–വോൾഫ് ഹൈപ്പോതെസിസ് (Sapir- Whor f Hy-



**വള്ളത്തോൾ നാരായണ മേനോൻ**

**ജനനം മുതൽ അന്യഭാഷാ പ്രദേശങ്ങളിൽ കഴിഞ്ഞുകൂടുന്ന കുട്ടികൾക്ക് ആ ദേശത്തെ ഭാഷ മാതൃഭാഷപോലെ വഴങ്ങുന്നുണ്ട്. അങ്ങനെയുള്ള ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ചിന്തയ്ക്കുള്ള ഉപകരണമായി അവിടത്തെ ഭാഷ മാറുന്നതിലതിശയമില്ല.**




pothesis) (ഇതൊരു ഹൈപ്പോതെസീസ് മാത്രമാണ് ഗവേഷണഫലമല്ല എന്നുകൂടി ഓർമ്മിക്കേണ്ടതുണ്ട്.) ഇതുപ്രകാരം രണ്ടുതരം നിരീക്ഷണങ്ങളുണ്ട്. ഒന്ന് പ്രബലം (strong version). അതനുസരിച്ച് ഭാഷയില്ലാതെ ചിന്ത സാധ്യമല്ല. ഇതിന്റെതന്നെ ദുർബ്ബല (weak version) നിലപാടനുസരിച്ച് ഭാഷയ്ക്ക് ചിന്തയിൽ ചെറിയ ചില ഇടപെടലുകളേ ഉള്ളു. ഭാഷയുടെ പ്രധാന ഉപയോഗം ചിന്തയുടെ വിനിമയത്തിനാണ്. ചിന്തയ്ക്ക് പരിമിതമായ ആവശ്യമേ ഭാഷയെക്കൊണ്ടുള്ളു എന്നാണ് ഇതുപ്രകാരം കരുതുന്നത്.

ഇനി ഇതിനു നേരെവിപരീതമായ പക്ഷമാണ് LOTT (Language of Thought Theories). ഇതിന്റെ വക്താക്കൾ മുഖ്യമായും വാദിക്കുന്നത് ചിന്തയ്ക്ക് ഭാഷ ആവശ്യമില്ല എന്നുതന്നെയാണ്. ഭാഷ പൊതുവിലുള്ളതും ചിന്ത സ്വകാര്യവുമാണ്. ഭാഷ ഉണ്ടാകുന്നതിനുമുൻപും ചിന്ത ഉണ്ടായിരുന്നു. മനുഷ്യൻ ഉത്ഭവിച്ച കാലം മുതൽതന്നെ ചിന്ത അവനോടൊപ്പം ഉണ്ടായിരുന്നു. എന്നാൽ ഭാഷയുണ്ടാകുന്നത് വീണ്ടും ലക്ഷക്കണക്കിനു വർഷം കഴിഞ്ഞായിരുന്നു. അത്രയുംകാലം മനുഷ്യൻ ചിന്തിക്കാതെയിരുന്നില്ല. ചിന്തയ്ക്ക് ഭാഷ ആവശ്യമേയല്ല എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

സ്വപ്നം കാണുമ്പോൾ നമ്മൾ പ്രത്യേകം ഭാഷയോ വാക്കുകളോ ഒന്നും ഉപയോഗിക്കുന്നില്ല. ദൃശ്യങ്ങൾ നമ്മുടെ മനസ്സിൽ രൂപപ്പെടുകയാണ്. അതോടൊപ്പം ഭാഷയുടെ ആവശ്യകതയില്ല. അതില്ലാതെതന്നെ ആ സമയത്തുള്ള മാനസികാവശ്യങ്ങൾ നിർവ്വഹിക്കപ്പെടുന്നു. എന്നാൽ ഉണർന്നുകഴിഞ്ഞാൽ ആ സ്വപ്നത്തെ മറ്റൊരാൾക്കു വിവരിച്ചുകൊടുക്കാൻ ഭാഷ ഉണ്ടെങ്കിലേ സാധ്യമാകൂ! സ്വകാര്യമായ ചിന്തയെ വ്യാഖ്യാനിക്കാൻ മാത്രമേ ഭാഷയുടെ ആവശ്യകത പ്രത്യക്ഷത്തിൽ നമുക്ക് ബോധ്യപ്പെടുന്നുള്ളൂ. എന്നാൽ ഉണർന്നിരിക്കുന്ന ഒരാൾ ആ സമയമെല്ലാം നിരന്തരം ചിന്തിച്ചുകൊണ്ടിരിക്കുന്നു. ആ സമയത്തുള്ള ചിന്തയിൽ ചിലപ്പോഴെങ്കിലും ഭാഷ കടന്നുവരുന്നതായി നമുക്ക് അനുഭവപ്പെടുന്നു. ഒരാളെ നമ്മൾ സ്നേഹിക്കുന്നു. അല്ലെങ്കിൽ വെറുക്കുന്നു എന്നുള്ളത് 'സ്നേഹിക്കുക', 'വെറുക്കുക' എന്നിങ്ങനെയുള്ള പദങ്ങൾ ഇല്ലെങ്കിലും സാധ്യമാകുന്ന മാനസികഭാവങ്ങളാണ്. എന്നിരിക്കിലും ആ പദങ്ങൾ നമുക്ക് പരിചിതമായി കഴിഞ്ഞാൽ ഉണർവ്വിലെ നമ്മുടെ ചിന്തയിലേക്കു അവകൂടി കടന്നുവരുന്നു എന്നത് യാഥാർത്ഥ്യമാണ്. പ്രസ്തുത പദങ്ങളില്ലെങ്കിലും അവിടെ ചിന്ത സാധ്യമാണ്. എങ്കിലും ചിന്തയുടെ വിപുലനത്തിന് ഭാഷ സഹായിക്കുന്നുണ്ട്.

ഭാഷ രൂപപ്പെടുന്നതിനു മുൻപ്, വനവാസിയായി മനുഷ്യൻ കഴിഞ്ഞിരുന്ന കാലത്ത് മനുഷ്യൻ ചിന്തിച്ചിരുന്നില്ലേ എന്നൊരു മറുചോദ്യം ഉണ്ടാവാം. തീർച്ചയായും ചിന്തിച്ചിരുന്നു. വാചികവും ലിഖിതവുമായ ഭാഷ രൂപപ്പെടുന്നതിനുമുൻപും മനുഷ്യൻ ചിന്തിച്ചിരുന്നു. അക്കാലത്ത് മനുഷ്യചിന്ത ഇത്രമാത്രം വിപുലമായിരുന്നില്ല. ചിന്തയിൽ ഭാഷ ഇടപെടാൻ തുടങ്ങിയതിനുശേഷമാണ് മനുഷ്യചിന്തയ്ക്ക് ഇന്നുകാണുന്ന വൈപുല്യം സാധ്യമായത്. ചിന്തയുമായി ഭാഷയ്ക്ക് ഒരു ബന്ധവുമില്ല എന്നു വാദിക്കുന്ന സമ്പൂർണ്ണ നിഷേധികളോട് നമുക്ക് യോജിക്കാനാവില്ല. ഭാഷയില്ലെങ്കിലും ചിന്ത സാധ്യമാണെങ്കിലും ചിന്തയുടെ വികാസത്തിൽ ഭാഷയ്ക്ക് ഒരു വലിയ പങ്കുണ്ട്. ആധുനിക മനുഷ്യന്റെ ചിന്തയെ ഭാ



ഷയിൽനിന്നും വേർപെടുത്തി കാണാനാവില്ല.

ഒരാൾക്കു ചിന്തിക്കാൻ മാതൃഭാഷയിലേ സാധ്യമാകൂ എന്നു വാദിക്കുന്ന ചില കൂട്ടരുണ്ട്. അത്തരം നിർബന്ധങ്ങളിലർത്ഥമുണ്ടെന്നു തോന്നുന്നില്ല. തലമുറയായി കൈമാറിക്കിട്ടിയിട്ടുള്ള മാതൃഭാഷയുമായി ഒരാൾക്കു ചില ജനിതക ബന്ധങ്ങളുണ്ടാകാനുള്ള സാധ്യതയുണ്ട്. (ഇതുവരെ അക്കാര്യം ആരും സ്ഥിരീകരിച്ചിട്ടില്ല.) മറ്റു ഭാഷകൾ പഠിക്കുന്നതിനേക്കാൾ വേഗത്തിൽ മാതൃഭാഷ കുട്ടികൾ സ്വായത്തമാക്കാറുണ്ട്. എന്നാൽ ജനനം മുതൽ അന്യഭാഷാപ്രദേശങ്ങളിൽ കഴിഞ്ഞുകൂടുന്ന കുട്ടികൾക്ക് ആ ദേശത്തെ ഭാഷ മാതൃഭാഷപോലെ വഴങ്ങുന്നുണ്ട്. അങ്ങനെയുള്ള ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ചിന്തയ്ക്കുള്ള ഉപകരണമായി അവിടത്തെ ഭാഷ മാറുന്നതിലതിശയമില്ല. ആ സന്ദർഭത്തിൽ ഒരാൾക്കു മാതൃഭാഷയിലല്ലാതെ ചിന്തിക്കാനാവുമോ എന്ന ചോദ്യം അപ്രസക്തമാകുന്നു. ചിന്തയ്ക്ക് ഭാഷ അനിവാര്യമല്ല. എന്നാൽ അതിന്റെ വിപുലനത്തിനു സ്വാധീനമുള്ള ഒരു ഭാഷ ഉപയോഗിക്കപ്പെടുന്നുണ്ട്. അത് മാതൃഭാഷ തന്നെ ആകണമെന്നില്ല. മാതൃഭാഷയും മറ്റൊരു ഭാഷയും ചേർന്നുമാകാം. തന്റെ ശത്രുവായ ഒരാളെ പെൻസിൽകൊണ്ട് കുത്തുന്നതിനെക്കുറിച്ച് ചിന്തിക്കുന്ന ഒരു കുട്ടിയുടെ ചിന്തയിൽ ശത്രുവിന്റെ രൂപം, കുത്തുക എന്നുള്ള പ്രവർത്തനം, പ്രേരകമായ കോപം എന്ന വികാരം ഇതൊക്കെ ഭാഷയുടെ സഹായമില്ലാതെ നടക്കും. പക്ഷേ, 'പെൻസിൽ' എന്നതിനു ഭാഷയുണ്ടെങ്കിലേ കഴിയൂ. പേനയോ കത്തിയോ കമ്പോ എന്തുകൊണ്ടു വേണമെങ്കിലും കുത്താമല്ലോ! അവയെ വ്യവച്ഛേദിച്ചു പെൻസിലിൽ എത്താൻ ഭാഷയുടെ സഹായം അനിവാര്യമാണ്.

**ഭാഷ ചിന്തയെ സഹായിക്കുന്നതു പോലെ ചിന്ത ഭാഷയേയും സഹായിക്കുന്നു. ഭാഷയുടെ വികാസത്തിനു മനുഷ്യചിന്ത അനിവാര്യമാണ്.**

പെൻസിൽ എന്നത് പൂർണ്ണമായും മറ്റൊരു ഭാഷാപദമാണ്. മലയാളപദമല്ല. അവിടെ ചിന്തയിൽ മാതൃഭാഷയുടെ പ്രസക്തി നഷ്ടപ്പെടുന്നു. ഇത്തരത്തിൽ നമ്മൾ ദൈനംദിനജീവിതത്തിൽ ഉപയോഗിക്കുന്ന പല പദങ്ങളും മലയാളമല്ലല്ലോ. ഉദാഹരണത്തിന് മേശ എന്ന പദം പോർച്ചുഗീസ് ഭാഷയിൽനിന്നും മലയാളത്തിലെത്തിയതാണ്. ഹിന്ദിയിലും ആ പദമുണ്ട്. കസേര, അലമാര, സ്കൂൾ, ബെഞ്ച് ഇതൊന്നും മലയാളമല്ല. കസേര പോർച്ചുഗീസും (കഥേര) അലമാര (അൽമാര) ഉറുദുവും (പോർച്ചുഗീസിലും ഈ പദമുണ്ട്.) (Almirah) ബെഞ്ച് ഇംഗ്ലീഷുമാണല്ലോ? ചിന്തയും മാതൃഭാഷയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കൂടുതൽ ഗവേഷണഫലങ്ങൾ പുറത്തുവരുന്നതുവരെ നമുക്ക് പ്രത്യേകം ബന്ധമൊന്നും ഉള്ളതായി എടുത്തുപറയാനാവില്ല. പരിചിതമായ ഭാഷയുമായി ബന്ധിക്കുന്നുവെന്നേ പറയാനാവൂ.

ചുരുക്കത്തിൽ എത്തിച്ചേരാവുന്ന നിഗമനം ഇതാണ്: ചിന്ത അമൂർത്തമാണ് (Abstract). അതിനു ഭാഷ അനിവാര്യമെന്നു പറയാനാവില്ല. എങ്കിലും ചിന്തയുടെ വിപുലനത്തിൽ ഭാഷകൂടി പങ്കാളിയാകുന്നുണ്ട്. ആധുനിക മനുഷ്യന്റെ ചിന്ത പ്രാചീന മനുഷ്യന്റേതിനേക്കാൾ എത്രയോ മടങ്ങ് വികസിതമായതിനാൽ അവന്റെ ചിന്തയോടൊപ്പം ഭാഷയുമുണ്ട്. ഭാഷയെ ചിന്തയിൽനിന്നും പൂർണ്ണമായും മാറ്റിനിർത്താനാവില്ല. ഭാഷ ചിന്തയെ സഹായിക്കുന്നതുപോലെ ചിന്ത ഭാഷയേയും സഹായിക്കുന്നു. ഭാഷയുടെ വികാസത്തിനു മനുഷ്യചിന്ത അനിവാര്യമാണ്. രണ്ടും പരസ്പരബന്ധിതമാണ്. പ്രാകൃതമനുഷ്യനു ചിന്തിക്കാൻ ഭാഷ അനിവാര്യമായിരുന്നില്ലെങ്കിലും ആധുനിക മനുഷ്യന് ചിന്തിക്കാനും ചിന്തയുടെ വിനിമയത്തിനും ഭാഷ അനിവാര്യംതന്നെ.

**മാർച്ച് 12 മുതൽ 14 വരെ പാനിപ്പത്തിൽ നടന്ന ആർ.എസ്.എസ് അഖില ഭാരതീയ പ്രതിനിധിസഭ അംഗീകരിച്ച പ്രമേയം**

# "തനിമയിലൂന്നിയ രാഷ്ട്ര നവോത്ഥാനത്തിന് തയ്യാറെടുക്കാം."




**അഖിലഭാരതീയ പ്രതിനിധിസഭയിൽ ആർ.എസ്.എസ്. സർസംഘചാലക് ഡോ.മോഹൻ ഭാഗവത് സംസാരിക്കുന്നു**

**ലോ**കക്ഷേമം എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായുള്ള തനിമയിലൂന്നി. ഭാരതത്തിന്റെ സുദീർഘമായ യാത്ര എപ്പോഴും നമുക്കേവർക്കും പ്രേരണാസ്രോതസ്സാണെന്ന് രാഷ്ട്രീയ സ്വയംസേവക സംഘം അഖില ഭാരതീയ പ്രതിനിധിസഭ കരുതുന്നു. വൈദേശിക അധിനിവേശങ്ങളുടെയും അതിനെതിരായ പോരാട്ടങ്ങളുടെയും കാലഘട്ടത്തിൽ, ഭാരതത്തിന്റെ ജനജീവിതം താറുമാറാവുകയും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവും ധാർമ്മികവുമായ സാമാജികസംവിധാനങ്ങൾ ഗുരുതരമായി വികൃതമാക്കപ്പെടുകയും ചെയ്തു. ഈ കാലഘട്ടത്തിൽ, പൂജ്യരായ സംന്യാസിമാരുടെയും മഹത് വ്യക്തികളുടെയും നേതൃത്വത്തിൽ മുഴുവൻ സമാജവും നിരന്തരമായ പോരാട്ടത്തിലൂടെ അതിന്റെ തനിമയെ (സ്വ) കാത്തുസൂക്ഷിച്ചു. ഈ സമരത്തിന്റെ പ്രേരണ സ്വധർമ്മം, സ്വദേശി, സ്വരാജ് എന്നിങ്ങനെ സ്വ-ത്രയത്തിൽ അധിഷ്ഠിതമാ.യിരുന്നു. അതിൽ സമാജം മുഴുവൻ പങ്കെടുത്തു. ഈ പോരാട്ടത്തിൽ പങ്കെടുത്ത ജനനേതാക്കളെയും സ്വാതന്ത്ര്യ സമര സേനാനികളെയം മനീഷികളെയും സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവത്തിന്റെ പവിത്രമായ അവസരത്തിൽ, രാഷ്ട്രം കൃതജ്ഞതാപൂർവ്വം ഓർത്തു. സ്വാതന്ത്ര്യലബ്ധിക്ക് ശേഷം പല മേഖലകളിലും നാം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു. ഇന്ന്, ഭാരതത്തിന്റെ സമ്പദ്‌വ്യവസ്ഥ ലോകത്തെ



മുൻനിര സമ്പദ്‌വ്യവസ്ഥകളിലൊന്നായി ഉയർന്നുവരുന്നു. ഭാരതീയ ശാശ്വത മൂല്യങ്ങളിൽ അധിഷ്ഠിതമായ ഉയിർത്തെഴുന്നേല്പ് ലോകം അംഗീകരിക്കുകയാണ്. 'വസുധൈവ കുടുംബകം' എന്ന ആശയത്തെ അടിസ്ഥാനമാക്കി ലോകസമാധാനവും സാർവത്രിക സാഹോദര്യവും മനുഷ്യക്ഷേമവും ഉറപ്പാക്കുന്ന ദൗത്യപൂർത്തീകരണത്തിലേക്കാണ് ഭാരതം നീങ്ങുന്നത്. സുസംഘടിതവും മഹത്വപൂർണവും സമൃദ്ധവുമായ രാഷ്ട്രനിർമ്മാണപ്രക്രിയയിൽ, സമാജത്തിലെ എല്ലാ വിഭാഗങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങളുടെ പൂർത്തീകരണം, സമഗ്ര വികസനത്തിനുള്ള അവസരങ്ങൾ, സാങ്കേതികവിദ്യയുടെ വിവേകപൂർവമായ ഉപയോഗം, പരിസ്ഥിതി സൗഹൃദവികസനം, ആധുനികവത്കരണം എന്നീ വെല്ലുവിളികളെ ഭാരതീയ സങ്കല്പത്തിൽ അധിഷ്ഠിതമായ പുതിയ മാതൃകകൾ കെട്ടിപ്പടുത്തുകൊണ്ട് അതിജീവിക്കേണ്ടതുണ്ടെന്ന് പ്രതിനിധിസഭ അഭിപ്രായപ്പെടുന്നു. രാഷ്ട്രപുനർനിർമ്മാണത്തിനായി, കുടുംബസംവിധാനങ്ങളെ ശക്തിപ്പെടുത്തുക, സാഹോദര്യത്തിലധിഷ്ഠിതമായി സാമാജിക സമരസത സൃഷ്ടിക്കുക, സ്വദേശിഭാവത്തോടെയുള്ള സംരംഭകത്വം വികസിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പ്രത്യേകം പരിശ്രമിക്കേണ്ടതുണ്ട്. സമൂഹമൊന്നാകെ, പ്രത്യേകിച്ച് യുവജനങ്ങൾ ഇക്കാര്യത്തിൽ യോജിച്ച ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ നാളുകളിൽ വൈദേശിക ഭരണത്തിൽനിന്നുള്ള മോചനത്തിന് ത്യാഗവും ബലിദാനവും ഏത് തരത്തിൽ അനിവാര്യമായിരുന്നുവോ അത്തരത്തിലുള്ള സമർപ്പണഭാവം മുകളിൽ പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും അനിവാര്യമാണ്. അടിമത്ത മനസ്ഥിതിയിൽനിന്ന് മുക്തമായ ഒരു സാമൂഹിക ജീവിതം സ്ഥാപിക്കേണ്ടതുണ്ട്. ഈ കാഴ്ചപ്പാടിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി സ്വാതന്ത്ര്യദിനത്തിൽ നല്കിയ 'പഞ്ച്പ്രൺ' (അഞ്ച് ദൃഢനിശ്ചയങ്ങൾ) മഹത്വപൂർണ്ണമാണ്. അനേകം രാജ്യങ്ങൾ ഭാരതത്തോട് ആദരവും സദ്ഭാവവും പുലർത്തുമ്പോൾതന്നെ ലോകത്തിലെ ചില ശക്തികൾ തനിമയിലൂന്നിയ ഭാരതത്തിന്റെ പുനരുത്ഥാനത്തെ അംഗീകരിക്കുന്നില്ല എന്ന വസ്തുത അടിവരയിട്ട് ചൂണ്ടിക്കാട്ടാൻ പ്രതിനിധിസഭ ആഗ്രഹിക്കുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള ഹിന്ദുത്വവിരുദ്ധ ശക്തികൾ സമൂഹത്തിൽ അവിശ്വാസവും അരാജകത്വവും രാജ്യത്തിന്റെ സംവിധാനങ്ങളോട് അവമതിപ്പും അരാജകത്വവും സൃഷ്ടിക്കുന്നതിനുള്ള ഗൂഢാലോചനകൾ ആവിഷ്കരിക്കുന്നു. ഇവയെ ജാഗ്രതയോടെ കാണുകയും അവരുടെ ശ്രമങ്ങളെ പരാജയപ്പെടുത്തുകയും വേണം. ഈ 'അമൃതകാലം' ഭാരതത്തെ വിശ്വനേതൃസ്ഥാനത്തേയ്ക്ക് എത്തിക്കുന്നതിന് കൂട്ടായ പ്രയത്നങ്ങൾ നടത്താൻ നമുക്ക് അവസരങ്ങൾ നല്കുന്നു. ഭാരതീയ ചിന്തയുടെ വെളിച്ചത്തിൽ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക, ജനാധിപത്യ, നിയമ സ്ഥാപനങ്ങൾ ഉൾപ്പെടെ സാമാജിക ജീവിതത്തിന്റെ എല്ലാ മേഖലകളിലും കാലാനുസൃതമായ സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഈ ഉദ്യമത്തിൽ പ്രബുദ്ധരായ മുഴുവൻ ജനതയും സമ്പൂർണശക്തിയോടൊപ്പം പങ്കാളികളാകണമെന്ന് അഖില ഭാരതീയ പ്രതിനിധിസഭ ആഹ്വാനം ചെയ്യുന്നു. ഇതിലൂടെ സമർത്ഥമായ, വൈഭവശാലിയായ, വിശ്വമംഗളകാരിയായ രാഷ്ട്രമെന്ന നിലയിൽ ആഗോളവേദിയിൽ ഭാരതം സമുചിതമായ സ്ഥാനം നേടിയെടുക്കും.

## ചരിത്രപരമായ ആഗോള തൊഴിലാളി കൂട്ടായ്മ

# ഠേംഗ്ഡിജിയുടെ ദർശനം യാഥാർത്ഥ്യമാക്കിയ എൽ 20




**വി. രാധാകൃഷ്ണൻ**
(ബി. എം. എസ്. ദേശീയ സെക്രട്ടറി)





എൽ 20 യോഗത്തിൽ ബി.എം.എസ് അദ്ധ്യക്ഷൻ ഹിരണ്മയ പാണ്ഡെ സംസാരിക്കുന്നു.

'**തൊ**ഴിലാളികളേ ലോകത്തെ ഒന്നാക്കൂ' എന്ന ഭാരതീയ മസ്ദൂർ സംഘം സ്ഥാപകൻ ദത്തോപാന്ത് ഠേംഗ്ഡിജിയുടെ ആഹ്വാനത്തിനു അന്താരാഷ്ട്ര തലത്തിൽ ലഭിച്ച അംഗീകാരമാണ് 2023 മാർച്ച് 18,19 തീയതികളിൽ അമൃത്സറിൽ നടന്ന എൽ 20 യുടെ ഉദ്ഘാടന സഭയിൽ ഉയർന്നുവന്ന തീരുമാനങ്ങൾ. മറ്റു രാജ്യങ്ങളിലേക്ക് തൊഴിലെടുക്കാൻ പോകുന്ന തൊഴിലാളികൾക്ക് പൂർണ സുരക്ഷിതത്വം ഉറപ്പാക്കണമെന്ന പൊതു ധാരണയാണ് ഈ യോഗത്തിലുണ്ടായത്. ഠേംഗ്ഡിജിയുടെ കാഴ്ചപ്പാടിനെ സമീകരിക്കുന്നതാണിത്. 'സർവ രാജ്യ തൊഴിലാളികളേ സംഘടിക്കുവിൻ' എന്ന കമ്മ്യൂണിസ്റ്റ് ആഹ്വാനം ലോകത്തു എല്ലായിടത്തും പരാജയപ്പെടുകയും ലോകം അതിനെ കൈവിടുകയും ചെയ്ത സാഹചര്യത്തിലാണ് ഠേംഗ്ഡിജിയുടെ കാഴ്ചപ്പാടിന് ലഭിച്ച സ്വീകാര്യതയുടെ പ്രസക്തി വർദ്ധിക്കുന്നത്. ജി 20 യുടെ ഭാഗമാണ് എൽ 20 എന്ന അന്താരാഷ്ട്ര തലത്തിലുള്ള തൊഴിലാളി കൂട്ടായ്മ. അതിന്റെ നേതൃസ്ഥാനം ബി.എം.എസ്സിനാണ്.

### ചരിത്രപരമായ തുടക്കം

ജി 20 യുടെ ഉച്ചകോടി 2022 ഒക്ടോബർ 1 മുതൽ 2023 നവംബർ 30 വരെ ഭാരതത്തിലാണ് നടക്കുന്നത്. ജി 20 യുടെ ചെയർമാൻ ഭാരത പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയാണ്. വ്യാവസായികമായി വികസ്വരമായ രാജ്യങ്ങൾ ഉൾപ്പെടെ ലോകത്തിലെ ഏറ്റവും വലിയ സമ്പദ്‌വ്യവസ്ഥകളിൽ ഭൂരിഭാഗവും ചേർന്നതാണ് ജി 20. ഇത് ആഗോള മൊത്ത ഉല്പാദനത്തിന്റെ (GWP) ഏകദേശം 80% ഉം അന്താരാഷ്ട്ര വ്യാപാരത്തിന്റെ 75% ഉം ആഗോള ജനസംഖ്യയുടെ മൂന്നിൽ രണ്ടുഭാഗവും ലോക ഭൂവിസ്തൃതിയുടെ 60%ഉം ആണ്.

നിരവധി ലോകസാമ്പത്തിക പ്രതിസന്ധികൾക്ക് മറുപടിയായാണ് 1999ൽ ജി 20 സ്ഥാപിതമായത്. രാഷ്ട്രത്തലവന്മാർ, ധനമന്ത്രി, വിദേശകാര്യ മന്ത്രി എന്നിവർ പങ്കെടുക്കുന്ന ഉന്നത ഉച്ചകോടിയാണ് പ്രധാനമായിട്ടുള്ളത്. ഈ ഉച്ചകോടി ഭാരതത്തിൽ നടക്കുന്നതോടനുബന്ധിച്ച് വലിയ തയ്യാറെടുപ്പുകളാണ് നടന്നുവരുന്നത്. ചരിത്രത്തിലെ ഏറ്റവും വലിയതും സുപ്രധാനമായ ജി20 ആയിരിക്കും ഭാര



**ബി.എം.എസ് സ്ഥാപനകനായ ദത്തോപാന്ത് ഠേംഗ്ഡിജിയുടെ പ്രഖ്യാപനമായിരുന്ന തൊഴിലാളി കളെ ലോകത്തെ ഒന്നാക്കൂ. (Workers unite the world) എല്ലാ വരും അത് അംഗീകരിച്ചു. ജി 20 രാജ്യങ്ങളിലെ തൊഴിലാളികൾ, മറ്റ് രാജ്യങ്ങളിലേയ്ക്ക് ജോലിക്ക് പോകുമ്പോൾ അവർക്ക് പൂർണ്ണ മായ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ഒരു പൊതുധാരണ അനിവാര്യമാ ണെന്ന് യോഗം അംഗീകരിച്ചു.**

തത്തിൽ നടക്കുന്നത്. ഇതിന്റെ ഭാഗമായി Labour 20, Youth 20, Women 20 തുടങ്ങി എട്ടോളം മേഖലകളിൽ വിപുലമായ ചർച്ചകളും പ്രഖ്യാപനങ്ങളും നടന്നുവരുകയാണ്. Labour 20 യുടെ ചെയർമാനായി നിയമിതനായിട്ടുള്ളത് BMS ന്റെ അഖിലേന്ത്യാ പ്രസിഡന്റ് ഹിരൺമയ് പാണ്ഡ്യയാണ്. എൽ 20 യുടെ തുടക്കം 2023 മാർച്ച് 19, 20 തിയതികളിൽ പഞ്ചാബിലെ അമൃത്സറിൽ റാഡിസൺ ബ്ലൂ ഹോട്ടലിൽ നടന്നു. ജി20 രാജ്യങ്ങളിലെ തൊഴിലാളി സംഘടനാനേതാക്കൾ, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. തൊഴിൽമേഖലയുമായി നിലവിലുള്ള പ്രശ്നങ്ങൾ, സാമൂഹ്യസുരക്ഷ, മെച്ചപ്പെട്ട വേതനം, സ്ത്രീസുരക്ഷ തുടങ്ങിയ വിവിധ വിഷയങ്ങൾ യോഗത്തിൽ വിശദമായി ചർച്ച ചെയ്തു. കുടിയേറ്റ തൊഴിലാളികളുടെ പ്രശ്നങ്ങൾ, അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ സുരക്ഷിതത്വം, ആരോഗ്യപരമായ തൊഴിലാളി തൊഴിലുടമ ബന്ധം എന്നീ വിഷയങ്ങളെക്കുറിച്ചും വിശദമായി ചർച്ച നടന്നു.

റഷ്യ, ചൈന, ജർമ്മനി, ഒമാൻ, ബ്രസീൽ, നേപ്പാൾ, ഇന്തോനേഷ്യ, ഘാന, ആസ്ത്രേലിയ, മൗറീഷ്യസ്, സൗദി അറേബ്യ, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിലെ തൊഴിലാളിസംഘടനാ നേതാക്കളും സാമ്പത്തിക വിദഗ്ധരും എൽ 20 യിൽ പങ്കെടുത്തു. എൽ 20 യിൽ പങ്കെടുത്ത പ്രതിനിധികൾക്ക് ചെയർമാൻ ഹിരൺമയ് പാണ്ഡ്യ സ്വാഗതം ആശംസിച്ചു. എല്ലാ വിദേശ പ്രതിനിധികളും ചേർന്ന് ഭദ്രദീപം തെളിയിച്ച് എൽ 20 യുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഉദ്ഘാടന സമ്മേളനത്തിനുശേഷം പാനൽ ചർച്ച ഉണ്ടായി. സാമൂഹ്യ സുരക്ഷയുടെ ആഗോളീകരണം (Universali sation of social security) എന്ന വിഷയത്തെക്കുറിച്ച് നിരവധി പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് വിശദമായ ചർച്ചകൾക്കുശേഷം സാമൂഹ്യ സുരക്ഷയുടെ ആഗോളസാമൂഹ്യ സുരക്ഷ (Universal social security) അനിവാര്യമാണെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് International migration of labour portability of

social security funds എന്ന വിഷയത്തിലും വിപുലമായ പ്രബന്ധങ്ങൾ അവതരിപ്പിക്കലും ചർച്ചകളും നടന്നു. തുടർന്ന് social protection for informal workers, skill training & skill upgradation role and responsibilities of employer, employees and government, changing world of work, new employment opportunities in G 20 countries, promoting sustainable decent work, discussion of women and feature work തുടങ്ങിയ വിഷയങ്ങളെക്കുറിച്ചും ചർച്ചകൾ നടത്തി. ഭാവി പ്രവർത്തനങ്ങൾക്ക് രൂപം നല്കി. അതാത് രാജ്യങ്ങളിൽ നിലവിലുള്ള തൊഴിൽമേഖലയിലെ പ്രശ്നങ്ങളും മറ്റ് അനുബന്ധ കാര്യങ്ങളും വിശദമായി റിപ്പോർട്ട് ചെയ്യുകയും ചർച്ചകൾ നടത്തുകയും ചെയ്തു. ആവേശദായകവും വിജ്ഞാനപ്രദവുമായിരുന്നു ചർച്ചകൾ. ജി 20 യുടെ വസുധൈവകുടുംബകം എന്ന മുദ്രാവാക്യം വളരെയധികം പ്രശംസനീയമായിരുന്നു. one earth, one family, one future എന്നതായിരുന്നു പ്രധാന മുദ്രാവാക്യം. എല്ലാ പ്രതിനിധികളും പരസ്പരം പരിചയപ്പെടാനും ആശയങ്ങൾ കൈമാറാനും

ബി.എം.എസ് സ്ഥാപകനായ ദത്തോപാന്ത് ഠേംഗ്ഡിജിയുടെ പ്രഖ്യാപനമായിരുന്നു തൊഴിലാളികളെ ലോകത്തെ ഒന്നാക്കൂ (Workers unite the world) എന്നത്. ഇത് എല്ലാവരും അംഗീകരിച്ചു. ജി 20 രാജ്യങ്ങളിലെ തൊഴിലാളികൾ, മറ്റ് രാജ്യങ്ങളിലേയ്ക്ക് ജോലിക്ക് പോകുമ്പോൾ അവർക്ക് പൂർണ്ണമായ സുരക്ഷിതത്വം ഉറപ്പാക്കുവാൻ ഒരു പൊതുധാരണ അനിവാര്യമാണെന്ന് യോഗം അംഗീകരിച്ചു.

18, 19 തിയതികളിൽ വൈകീട്ട് നന്ന പഞ്ചാബികളുടെ പ്രസിദ്ധമായ നൃത്തവും മറ്റ് കലാരൂപങ്ങളും വളരെ ഹൃദ്യമായിരുന്നു. കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ഭൂപേന്ദ്രയാദവ്, കേന്ദ്ര വാണിജ്യവകുപ്പ് സഹമന്ത്രി സോമപ്രകാശ്, പഞ്ചാബ് പി.ഡബ്ള്യൂ.ഡി & പവർ വകുപ്പ് മന്ത്രി ഹർഭജൻ സിംഗ്, പഞ്ചാബ് ഊർജ്ജവകുപ്പ് മന്ത്രി എന്നിവരും എം.പി., എം,എൽ.എ. തുടങ്ങിയവരും പങ്കെടുത്തു. കേന്ദ്ര തൊഴിൽ വകുപ്പിലെയും പഞ്ചാബ് സർക്കാരിലെയും ഉന്നത ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു. ഭാരതത്തിലെ കേന്ദ്ര തൊഴിലാളി സംഘടനകളായ BMS, HMKP, NFITU, TUCC, NLO തുടങ്ങിയ സംഘടനാപ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. പ്രമുഖ യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർമാരും തൊഴിൽ, സാമ്പത്തിക വിദഗ്ദ്ധരും യോഗത്തിൽ പങ്കെടുത്തു. എൽ 20ൽ പങ്കെടുക്കുന്നതിനു വേണ്ടി ഇന്ത്യയിലെ തൊഴിലാളിസംഘടനകളായ INTUC, AITUC, CITU, HMS, SEWA തുടങ്ങിയ കേന്ദ്ര തൊഴിലാളിസംഘടനകളെ ക്ഷണിച്ചെങ്കിലും അന്ധമായ രാഷ്ട്രീയ വിരോധം കാരണം അവരാരും പങ്കെടുത്തില്ല. ബി.എം.എസ്സിനെ പ്രതിനിധീകരിച്ച് അഖിലേന്ത്യാ പ്രസിഡന്റ് ഹിരൺമയ് പാണ്ഡ്യ, ജനറൽ സെക്രട്ടറി രവീന്ദ്രഹിമട്ടെ, വൈസ്പ്രസിഡന്റ് എസ്. മല്ലേശൻ, സംഘടനാസെക്രട്ടറി ബി. സുരേന്ദ്രൻ, മുൻ അഖിലേന്ത്യാ പ്രസിഡന്റ് അഡ്വ.സി.കെ.സജി നാരായണൻ, അഖിലേന്ത്യാ സെക്രട്ടറി വി. രാധാകൃഷ്ണൻ എന്നിവരും ESIC/EPFO board മെമ്പർമാരും പങ്കെടുത്തു.

രാജ്യവ്യാപകമായി വ്യത്യസ്തമായ തൊഴിൽമേഖലയിലും പ്രദേശങ്ങളിലും എൽ 20 യുടെ ഭാഗമായിട്ടുള്ള പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. അതാത് മേഖലയിലെ തൊഴിൽപ്രശ്നങ്ങളും പരിഹാരങ്ങളും വിപുലമായി ചർച്ച ചെയ്യപ്പെടും. എൽ 20 യുടെ പ്രഖ്യാപനം ജൂൺ മാസത്തിൽ ബീഹാറിലെ പാറ്റ്നയിൽ നടക്കും. എല്ലാവർക്കും സാമൂഹ്യനീതി, മാന്യമായ വേതനം, സാമൂഹ്യസുരക്ഷ, സ്ത്രീസുരക്ഷ എന്നീ വിഷയങ്ങളിൽ declaration ഉണ്ടാകും. ലോക തൊഴിലാളി സമൂഹത്തിന്റെ സമഗ്രമായ ക്ഷേമത്തിന് വേണ്ടിയുള്ള എൽ 20 ഒരു പുതിയ ചരിത്രമായിരിക്കും. തൊഴിലാളി മേഖലയിൽ സൃഷ്ടിക്കുക.

## എൽ 20 യുടെ മുദ്രാവാക്യം

# ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി



**ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ**

**ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ്**

**ഇ**ദംപ്രഥമമായി ജി 20 ഉച്ചകോടിക്ക് ഭാരതം ആതിഥേയത്വം വഹിക്കുന്ന സന്ദർഭമാണ്. ഭാരത പ്രധാനമന്ത്രി നരേന്ദ്രമോദി ജി 20യുടെ അദ്ധ്യക്ഷസ്ഥാനം വഹിക്കുമ്പോൾ അതൊരു ചരിത്രപരമായ നിയോഗം കൂടിയായി മാറുകയാണ്.

ലോകത്തെ ഒന്നാംകിട സാമ്പത്തിക ശക്തികളായ അമേരിക്ക, യുകെ, റഷ്യ, ചൈന, ഇന്ത്യ, ജപ്പാൻ, ബ്രസീൽ, അർജന്റീന, യൂറോപ്യൻ യൂണിയൻ, ഇന്തോനേഷ്യ, മെക്സിക്കോ, സൗദി അറേബ്യ, സൗത്ത് ആഫ്രിക്ക, സൗത്ത് കൊറിയ, തുർക്കി തുടങ്ങിയ സാമ്പത്തിക ഗ്രൂപ്പ് രാജ്യങ്ങളുടെ കൂട്ടായ്മയ്ക്ക് ഭാരതം നേതൃത്വം നല്കുന്നത് നിർണായകമായൊരു സന്ദർഭത്തിലാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോകമാകെ സാമ്പത്തിക പ്രതിസന്ധി തുടരുകയും തൊഴിലില്ലായ്മ രൂക്ഷമാവുകയും റഷ്യ - ഉക്രൈൻ യുദ്ധം കൂടുതൽ പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്യുന്ന സന്ദർഭത്തിലാണ് ഇന്ത്യൻ പ്രധാനമന്ത്രി ജി 20യുടെ ചെയർമാനായി തെരഞ്ഞെടുക്കപ്പെടുന്നതും അതൊരു പ്രതീക്ഷയായി മാറുന്നതും. ലോകത്തിന്റെ സുസ്ഥിര വികസനം സാമ്പത്തിക വളർച്ച, ആഗോളതാപനം, ലോകസമാധാനം തുടങ്ങിയ വിഷയങ്ങൾക്കു പ്രാധാന്യം കൊടുക്കുന്ന ജി 20യുടെ ഭാഗമായി നടക്കുന്ന മറ്റൊരു പ്രധാന ഗ്രൂപ്പ് തലയോഗമാണ് എൽ 20.

### ലേബർ 20

ജി 20 യിൽ ഉൾപ്പെട്ട 20 ലോക രാജ്യങ്ങളിലെ ട്രേഡ് യൂണിയൻ നേതാക്കന്മാരാണ് എൽ 20 യിൽ പങ്കെടുക്കുന്നത്. ജി 20 എന്നപോലെതന്നെ എൽ 20യുടെ ഉദ്ഘാടനവും ഭാരതത്തിൽ അമൃതസറിലാണത് നടന്നത്. ഇന്ത്യൻ പ്രധാനമന്ത്രി ജി 20 യുടെ അദ്ധ്യക്ഷസ്ഥാനം വഹിക്കുമ്പോൾ ബി.എം.എസ്. അഖിലേന്ത്യാ പ്രസിഡന്റ് ഹിരൺമയി പാണ്ഡ്യ എൽ 20 യുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെതന്നെ ഏറ്റവും വലിയ ട്രേഡ് യൂണിയൻ എന്ന നിലയ്ക്കാണ് ബി.എം.എസ്സിന് ഇങ്ങനെ ഒരംഗീകാരം കൈവന്നിരിക്കുന്നത്. 1955-ൽ മാത്രം പ്രവർത്തനം തുടങ്ങിയ ഭാരതീയ മസ്ദൂർസംഘത്തിന്റെ പ്രവർത്തനം ലോക ട്രേഡ് യൂണിയൻ നേതാക്കന്മാരുടെയാകെ ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു.

### ലേബർ 20 ചർച്ച ചെയ്യുന്ന വിഷയങ്ങൾ

'വളർച്ചയും - തൊഴിലും' എന്നതാണ് എൽ 20 യുടെ പ്രധാന മുദ്രാവാക്യം. ജോലി സുരക്ഷിതത്വം - വേതന സുരക്ഷിതത്വം - സാമൂഹ്യ സുരക്ഷിതത്വം എന്ന അടിസ്ഥാന തത്വങ്ങളെ ഊട്ടിയുറപ്പിക്കുന്നതിൽ എൽ 20 പ്രതിജ്ഞാബദ്ധമാണ്. ഇതിനുപുറമെ പ്രധാനമായി ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ, സുസ്ഥിര വരുമാനം,തൊഴിലുമായി ബന്ധപ്പെട്ട ഇതരവിഷയങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കൽ, സ്കിൽ ട്രെയിനിംഗ്, തൊഴിൽ നൈപുണ്യ വികസനം, സർക്കാരിന്റെയും തൊഴിലുടമയുടെയും തൊഴിൽമേഖലയോടുള്ള ഉത്തരവാദിത്തം, തൊഴിൽമേഖലയിലെ പുതിയ സാഹചര്യങ്ങൾ, ലോകത്താകെ ഉണ്ടാകുന്ന തൊഴിൽരംഗത്തെ മാറ്റങ്ങൾ, പുതിയ തൊഴിൽ സാധ്യത , പുതിയ തൊഴിൽ അവസരങ്ങൾ ,മാന്യമായ തൊഴിൽ ലഭ്യത (decent work), വേതനത്തിലെ ലോക അനുഭവം, സ്ത്രീ സമൂഹവും തൊഴിൽ മേഖലയും എന്നിവയാണ്. അനുരഞ്ജന ചർച്ച തുടങ്ങി തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട നാനാ വശങ്ങൾ ലോകതൊഴിലാളി നേതാക്കന്മാർ ഒത്തുകൂടി വിശകലനം ചെയ്യുകയുണ്ടായി. പരിഹരിക്കാൻ ശ്രമമുണ്ടാകുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്.

### ഠേംഗ്ഡിജി മുന്നോട്ടുവെച്ച ആശയം ലോകം സ്വീകരിക്കുന്നു

കമ്യൂണിസവും മുതലാളിത്വും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. രണ്ടും പരാജയമാണെന്നും മൂന്നാമതൊരു വഴിയാണ് (Third way) ലോകത്തിനു വേണ്ടതെന്നും ഠേംഗ്ഡിജി പറഞ്ഞുവച്ചിരുന്നു - ഈ ആശയം ഇപ്പോൾ ILO (International Labour Organisation) 'സോഷ്യൽ സോളിഡാരിറ്റി എക്കോണമി' എന്നപേരിൽ പ്രമേയമായി കൊണ്ടുവന്നിരിക്കുന്നത്. എൽ 20 യുടെ ആപ്തവാക്യത്തിലും ഭാരതത്തിന്റെ ദർശനം നമുക്ക് കാണാം. 'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്ന വസുധൈവകുടുംബക സിദ്ധാന്തവും ഗ്രീൻ എക്കോണമി എന്ന പരിസ്ഥിതിസൗഹൃദസമ്പത്ഘടനയെന്ന ആശയവും ഭാരതത്തിന്റെ സംഭാവനകളാണെന്നതിൽ നമുക്ക് അഭിമാനിക്കാം. കേരളത്തിലെ പതിനാല് ജില്ലകളിലും തൊഴിൽ മേഖല നേരിടുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് L 20യുടെ ബാനറിൽ ആറോളം സെമിനാറുകളുകൾ നടത്താൻ ബി.എം.എസ്. നിശ്ചയിച്ചിട്ടുണ്ട്.

# കേരളം സാമ്പത്തിക അടിയന്തിരാവസ്ഥയിലേക്ക് – ടി.പി. സെൻകുമാർ



തിരുവനന്തപുരം: കടക്കെണിയിൽപ്പെട്ടിരിക്കുന്ന കേരളം സാമ്പത്തിക അടിയന്തിരാവസ്ഥയിലേക്ക് നീങ്ങുകയാണെന്ന് മുൻ ഡി.ജി.പി. ടി.പി. സെൻകുമാർ അഭിപ്രായപ്പെട്ടു. എൻ.ജി.ഒ. സംഘ് നോർത്ത് ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'കടക്കെണിയിലായ കേരളവും ജീവനക്കാരുടെ ആശങ്കയും' എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ റവന്യു വരുമാനത്തിന്റെ 70 ശതമാനവും ശമ്പളം, പെൻഷൻ, പലിശ, കടം തിരിച്ചടവ് എന്നിവയ്ക്കായി മാറ്റിവെയ്ക്കേണ്ടിവരുന്നു. വീണ്ടുവിചാരമില്ലാതെ കടം വാങ്ങിക്കൂട്ടിയാൽ തിരിച്ചടവും പലിശയും വർദ്ധിക്കുന്നതോടെ ഇത് 85.90 ശതമാനമായി ഉയർന്നേക്കും. ഇതോടെ ദൈനംദിന ഭരണനിർവഹണത്തിനുപോലും പണം തികയാതെ വരും. ഇത് സംസ്ഥാനത്ത് അരക്ഷിതാവസ്ഥ സൃഷ്ടിക്കും. ഇതൊഴിവാക്കാൻ ഭരണഘടനയുടെ ആർട്ടിക്കിൾ 360 അനുസരിച്ച് സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിനെ നിർബന്ധിതമാക്കുമെന്ന് ടി.പി. സെൻകുമാർ പറഞ്ഞു.

അങ്ങിനെ വന്നാൽ നിയമസഭ പാസ്സാക്കുന്ന സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട ബില്ലുകളെല്ലാം രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയയ്ക്കേണ്ടിവരും. സംസ്ഥാനസർക്കാർ നിലനില്ക്കുമെങ്കിലും സാമ്പത്തിക കാര്യങ്ങളുടെ നിയന്ത്രണം പൂർണമായും രാഷ്ട്രപതിക്കാവും. ഇതുവരെ സ്വതന്ത്രഭാരതത്തിൽ ഒരു സംസ്ഥാനത്തും സാമ്പത്തിക അടിയന്തരാവസ്ഥ നടപ്പാക്കേണ്ടിവന്നിട്ടില്ല. അതുകൊണ്ട് കേരളസർക്കാരിനും മന്ത്രിമാർക്കും ഭരണഘടനയിലെ ഈ വകുപ്പിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതാകും അനിയന്ത്രിതമായി കടംവാങ്ങിക്കൂട്ടുന്നതിന് കാരണമെന്നും സെൻകുമാർ പറഞ്ഞു.

2011-ൽ യു.ഡി.എഫ്. അധികാരത്തിൽ വരുന്ന സമയത്ത് 78.673 കോടി രൂപയായിരുന്നു പൊതുകടം. യു.ഡി.എഫ്. ഭരണം അവസാനിച്ച് എൽ.ഡി.ഫ്. ഭരണം ഏറ്റെടുക്കുന്ന സമയത്ത് ഇത് 1,57,370 കോടി രൂപയായി ഉയർന്നിരുന്നു. 2021-ൽ എൽ.ഡി.എഫ്. ഭരണത്തിന്റെ അവസാനകാലത്ത് പൊതുകടം 3,27,654 കോടിയായി ഉയർന്നു. ഇപ്പോൾ ഇത് നാലു ലക്ഷം കോടിയിലധികമായിരിക്കുന്നു. കടം വാങ്ങാൻ അനുവാദം നല്കാതെ കേന്ദ്രം ഞെരുക്കുന്നുവെന്നാണ് ഇപ്പോഴും സി.പി.എം. ജാഥ നടത്തി പറയുന്നത്. ഇനിയും കടം വാങ്ങിയാൽ പലിശയും തിരിച്ചടവും വർദ്ധിക്കുന്നതോടെ സർക്കാരിന് പ്രവർത്തിക്കാനുള്ള ധനംപോലും ഉണ്ടാകില്ല. ഇപ്പോൾത്തന്നെ റവന്യു വരുമാനത്തിന്റെ 30 ശതമാനത്തോളം മാത്രമാണ് ദൈനംദിന പ്രവർത്തനങ്ങൾക്കും വികസനത്തിനും ലഭ്യമാകുന്നത്. സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി വച്ച് വരുംമാസങ്ങളിൽ ശമ്പളംപോലും കൃത്യമായി കിട്ടുന്ന കാര്യം ബുദ്ധിമുട്ടായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കേരള കടമെടുക്കുന്നത് ശമ്പളം നല്കാനും അതുപോലുള്ള മറ്റു കാര്യങ്ങൾക്കുമാണ്. മറ്റ് സംസ്ഥാനങ്ങളെപ്പോലെ ഉദ്പാദനപരമായ കാര്യങ്ങൾക്കായി പണം വിനിയോഗിക്കാത്തതിനാൽ അതിൽ നിന്ന് തിരിച്ചടവിനുള്ള വരുമാനം ലഭിക്കുന്നുമില്ല. വിദേശനാണ്യവരുമാനത്തിൽ മുന്നിലായിരുന്ന കേരളം യു.പി.ക്ക് പുറകിലേയ്ക്ക് പോയി. പ്രതിവർഷം ഒരു ലക്ഷം കോടിയോളം വിദേശനാണ്യം നേടിയിരുന്ന കേരളത്തിന് ഇപ്പോൾ 35000 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ ലഭിക്കുന്നത്. ഉദ്പാദനമേഖലകളിൽ നിന്നുള്ള വരുമാനം വളരെ തുച്ഛമാണ്. മദ്യവും പെട്രോളും ലോട്ടറിയും ആശ്രയിച്ച് ഒരു സംസ്ഥാനത്തിന് എത്രകാലം മുന്നോട്ടുപോകാനാകുമെന്നും സെൻകുമാർ ചോദിച്ചു.

# കെ. എസ്. ഇ. ബി: സ്വകാര്യവത്ക്കരണം ഉപേക്ഷിക്കണം

**തി**രുവനന്തപുരം : കേന്ദ്ര സർക്കാർ കെ.എസ്.ഇ.ബി.യെ സ്വകാര്യവത്കരിക്കാൻ പോകുന്നു എന്ന വ്യാജ പ്രചരണം അഴിച്ചുവിട്ട് ഇടത് തൊഴിലാളിസംഘടനകൾ ജീവനക്കാർക്കിടയിൽ തെറ്റിദ്ധാരണ പരത്തി തൊഴിലാളികളെ കേന്ദ്രസർക്കാരിനെതിരെ തിരിച്ചുവിടുകയും, ഇടതുപക്ഷ സർക്കാർ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ മറയാക്കി കെ.എസ്.ഇ.ബി.യെ ഘട്ടംഘട്ടമായി സ്വകാര്യവത്കരിക്കുവാനുള്ള നീക്കവും നടത്തുകയുമാണ്.

റീ സ്ട്രക്ച്ചറിങ് എന്ന ഓമനപ്പേരിൽ പരിഷ്കരണ നിർദ്ദേശം കൊണ്ടുവന്ന് 35975 ജീവനക്കാർ ഉണ്ടായിരുന്ന കെ.എസ്.ഇ.ബി. ജീവനക്കാരുടെ എണ്ണം 30321 ആയി പരിമിതപ്പെടുത്തി തസ്തികകൾ വെട്ടിക്കുറച്ച് ജീവനക്കാരിൽ അമിത ജോലിഭാരം അടിച്ചേ ൽപ്പിച്ചിരിക്കയാണ് 2010-ൽ മോഡൽ സെക്ഷൻ നിർദ്ദേശങ്ങൾ കൊണ്ടുവന്നപ്പോൾ സെക്ഷൻ ഓഫീസുകളിൽ വർക്കർ, ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ, സീനിയർ അസിസ്റ്റന്റ്, കാഷ്യർ തുടങ്ങിയ തസ്തികകളിൽ ജീവനക്കാരുടെ എണ്ണം കൺസ്യൂമർ സ്ട്രെങ്ത്തിന് ആനുപാതികമായി ക്രമീകരിക്കുമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ നിലവിൽ വൈദ്യുതി വിതരണരംഗത്ത് തടസ്സങ്ങൾ നേരിടുമ്പോൾ അത് പുനസ്ഥാപിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ അല്ല അവ നടപ്പാക്കിയിട്ടുള്ളത്. കഴിഞ്ഞ 13 വർഷക്കാലംകൊണ്ട് കൺസ്യൂമറുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ ഓ, ഘം ലൈനുകളുടെ ലെങ്ത്തിൽ മൂന്നിലൊന്ന് വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. പുരപ്പുറം സോളാർ അടക്കമുള്ള പദ്ധതികൾ വേറെയും വന്നിട്ടുണ്ട്. ഇവയെല്ലാം പരിപാലിക്കേണ്ടത് ഫീൽഡ് ജീവനക്കാരാണ് എന്നിരിക്കെ 2010-ൽ ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണത്തിൽനിന്നും 6000ത്തിൽ അധികം വരുന്ന തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിലൂടെ ജീവനക്കാർക്ക് അമിത ജോലിഭാരം അടിച്ചേല്പിക്കുകയും വൈദ്യുതി വിതരണമേഖലയിൽ പൊതുജനങ്ങൾക്കും വ്യാപാരവ്യവസായ സ്ഥാപനങ്ങൾക്കും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയും ചെയ്യും.

കാലഹരണപ്പെട്ട വൈദ്യുതി ലൈനുകൾ റീകണ്ടക്ട് ചെയ്യുന്നതിൽ ഇനിയം 70% ത്തോളം ബാക്കിനില്ക്കുകയാണ്. വൈദ്യുതിലൈനുകൾ നവീകരിക്കാതെ നടത്തുന്ന ഇത്തരം നടപടികൾ അപകടങ്ങൾ ക്ഷണിച്ചുവരുത്തും. ജീവനക്കാരുടെ എണ്ണം വെട്ടിക്കുറച്ച് വൈദ്യുതി വിതരണമേഖലയിൽ പണിയെടുക്കുന്ന ജീവനക്കാർ 12 മണിക്കൂറിൽ അധികം ജോലിചെയ്യേണ്ട സാഹചര്യം സൃഷ്ടിച്ചു ജീവനക്കാരിൽ മാനസികസമ്മർദ്ദം ഏല്പിക്കുന്നതിലൂടെ അപകടങ്ങൾ വർദ്ധിച്ചിട്ടുണ്ട്. തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിലൂടെ ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷനുകൾ നഷ്ടമാക്കി അതീവ റിസ്ക് ഏറ്റെടുത്ത് തൊഴിൽ ചെയ്യുന്ന ജീവനക്കാരെ കൊലയ്ക്ക് കൊടുക്കുന്ന തുഗ്ലക്ക് പരിഷ്കരണങ്ങൾ നടപ്പാക്കാൻ ശ്രമിക്കുകയാണ്.

അശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള റിസ്ട്രക്ചറിംഗിന്റെ മറവിൽ കെ. പിസ്ക്ക് എന്ന തട്ടിക്കൂട്ട് കമ്പനി സൃഷ്ടിച്ചു. കെ.എസ്.ഇ.ബി.യുടെ ഉല്പാദന വിതരണമേഖലകളിൽ സ്വകാര്യവത്കരണം കൊണ്ടുവരുവാനുള്ള നീക്കമാണ് നടക്കുന്നത്. ഇതിനെ അംഗീകരിക്കാൻ ആവില്ല എന്നും ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായ സമരമാർഗത്തിലൂടെയും നിയമമാർഗ്ഗത്തിലൂടെയും പോരാട്ടം ആരംഭിക്കുവാനും കേരള വൈദ്യുതി മസ്ദൂർസംഘം സംസ്ഥന ഭാരവാഹിയോഗം തീരുമാനിച്ചതായി ജനറൽസെക്രട്ടറി ഗിരീഷ് കുളത്തൂർ അറിയിച്ചു.

# തൊഴിലാളി വഞ്ചന അവസാനിപ്പിക്കണം

**പാലക്കാട്:** സംസ്ഥാനത്തെ വിവിധ ക്ഷേമബോർഡുകളിൽ നിന്നും പെൻഷനായ തൊഴിലാളികളെയും സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്നവരെയും സംസ്ഥാനസർക്കാർ വഞ്ചിക്കുകയാണെന്നും ഓരോ വർഷവും ക്ഷേമപെൻഷൻ വർദ്ധിപ്പിക്കും എന്നുപറഞ്ഞു അധികാരത്തിൽ വന്ന ഇടതുസർക്കാർ തൊഴിലാളികൾക്കും സാധാരണക്കാർക്കും ലഭിച്ചുകൊണ്ടിരുന്ന പെൻഷൻപോലും നല്കാതെ അവരുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുകയാണെന്നും ബി.എം.എസ്. സംസ്ഥാനസെക്രട്ടറി അഡ്വ. പി. മുരളീധരൻ പറഞ്ഞു. ബി.എം.എസ്. പാലക്കാട് ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്തുസംസാരിക്കുകയായിരുന്നു അദ്ദേഹം. ബി.എം.എസ്. നേതൃത്വം നല്കുന്ന ലേബർ 20യുടെ ഭാഗമായി ജില്ലയിൽ വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങളും പരിഹാരവും എന്ന വിഷയത്തെ സംബന്ധിച്ചു സെമിനാർ നടത്തുന്നതിനും യോഗം തീരുമാനിച്ചു. ജില്ലാപ്രസിഡന്റ് സലീം തെന്നിലാപുരം അദ്ധ്യക്ഷത വഹിച്ചു. ജില്ലാസെക്രട്ടറി വി. രാജേഷ്, ജില്ലാഭാരവാഹികളായ എസ്. രാജേന്ദ്രൻ, കെ. സുധാകരൻ, വി. ശിവദാസ്, വി. മണികണ്ഠൻ എന്നിവർ സംസാരിച്ചു. പി.ജി. ശശിധരൻ സ്വാഗതവും വി. ശരത് നന്ദിയും പറഞ്ഞു.



**ബി.എം.എസ് പാലക്കാട് ജില്ലാ നേതൃയോഗം സംസ്ഥാന സെക്രട്ടറി അഡ്വ പി.മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.**

# ചുമട്ടുതൊഴിലാളികളെ സംരക്ഷിക്കണം

**പാലക്കാട്:** ചുമട്ട്തൊഴിലാളികളുടെ ജോലിയും കൂലിയും സർക്കാർ, സംരക്ഷിക്കണമെന്ന് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സി. ബാലചന്ദ്രൻ പറഞ്ഞു. ചുമട് മസ്ദൂർ സംഘം പാലക്കാട് മേഖല സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിയൻ മേഖല പ്രസിഡന്റ് ബി.ഗുരുവായൂർകുട്ടി അദ്ധ്യക്ഷത വഹിച്ചു. സലീം തെന്നിലാപുരം, യൂണിയൻ ജനറൽ സെക്രട്ടറി വി. മാധവൻ, ജോയിന്റ് സെക്രട്ടറി വി. ശിവദാസൻ, മേഖലാ സെക്രട്ടറി വി. ശരത് എന്നിവർ സംസാരിച്ചു. ഉപ മേഖലാ സെക്രട്ടറി രാജേഷ് സ്വാഗതവും മേഖലാപ്രസിഡന്റ് വി. മണികണ്ഠൻ ബി. ഗുരുവായൂർ കുട്ടി സെക്രട്ടറി, ട്രഷറർ ആർ. സുരേഷ് എന്നിവരെ സമ്മേളനം ഐക്യഖണ്ഡേന തിരഞ്ഞെടുത്തു. മേഖലാപ്രസിഡന്റ് ഡി. ദണ്ഡപാണി നന്ദി പറഞ്ഞു.

# സമൂഹത്തിന് പ്രകാശമാകാൻ ജ്യോതിഷികൾക്ക് കഴിയണം

**എറണാകുളം:** ദേശീയതയിൽ ഊന്നിനിന്നുകൊണ്ട് രാഷ്ട്രത്തിന്റെ നന്മയ്ക്കുവേണ്ടി കർമ്മശുദ്ധിയോടെ പ്രവർത്തിക്കുവാൻ ജ്യോതിഷികൾക്ക് കഴിയണമെന്നും ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി. ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ അഭിപ്രായപ്പെട്ടു. ഭാരതീയ ജ്യോതിഷ വിചാരസംഘം സംസ്ഥാന കാര്യാലയത്തിൽവച്ച് നടത്തിയ ഏകദിന പഠനശിബിരം ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമൂഹത്തിന്റെ പ്രകാശമാകാനും അവർക്ക് സാധിക്കണം. അന്ധവിശ്വാസ അനാചാര നിർമ്മാർജ്ജന ബിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നതിന്റെ പിന്നിൽ ഗൂഢലക്ഷ്യങ്ങൾ ഉണ്ടെന്നും അദ്ദേഹം പറഞ്ഞു. ബി.ജെ.വി.എസ്. സംസ്ഥാനപ്രസിഡന്റ് കുഴുപ്പള്ളി എൻ. കെ. നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു.

കുരുക്ഷേത്ര പ്രകാശൻ മാനേജിങ് ഡയറക്ടർ കാ.ഭാ. സുരേന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. ബി.എം.എസ്. സംസ്ഥാനസെക്രട്ടറി ജി. സതീഷ്കുമാർ, സംസ്ഥാന ട്രഷറർ സി. ബാലചന്ദ്രൻ, ബി.ജെ.വി.എസ്. സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീകുമാർ പെരിനാട്, സെക്രട്ടറി പി.കെ. സദാശിവൻപിള്ള, ഡെപ്യൂട്ടി ജനറൽസെക്രട്ടറി ജി. ഗിരീഷ് എന്നിവർ സംസാരിച്ചു.



**ഭാരതീയ ജ്യോതിഷവിചാര സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഏകദിനപഠനശിബിരം ബി.എം.എസ്. സംസ്ഥാന പ്രസിഡന്റ് സി.ഉണ്ണികൃഷ്ണൻ ഉണ്ണിത്താൻ ഉദ്ഘാടനം ചെയ്യുന്നു.**



**കേരള ടോഡി & അബ്കാരി മസ്ദൂർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന് മുന്നിൽ നടത്തിയ ധർണ്ണ ബി.എം.എസ്. സംസ്ഥാന വൈസ് പ്രസിഡന്റ് എം.പി.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.**

# തൊഴിൽ മന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തി

**തിരുവനന്തപുരം:** കേരളത്തിലെ ഏറ്റവും കുറഞ്ഞ കൂലി വാങ്ങുന്ന തോട്ടം തൊഴിലാളികളോടുള്ള ഇടതുസർക്കാരിന്റെ അവഗണന അവസാനിപ്പിക്കണമെന്നും 15 മാസം പിന്നിട്ട ശമ്പളകരാർ മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിക്കണമെന്നും തോട്ടം തൊഴിലാളിക്ക് ഒരു വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാക്കണമെന്നും അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള പ്രദേശ് പ്ലാന്റേഷൻ മസ്ദൂർ ഫെഡറേഷൻ നേതൃത്വത്തിൽ തോട്ടം തൊഴിലാളികൾ തൊഴിൽമന്ത്രിയുടെ വസതിയിലേക്ക് മാർച്ച് നടത്തി. ബേക്കറി ജംഗ്ഷനിൽനിന്നും ആരംഭിച്ച പ്രകടനത്തിൽ നൂറുകണക്കിന് തൊഴിലാളികൾ പങ്കെടുത്തു. തുടർന്ന് നടന്ന ധർണ്ണ ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി. ശിവജി സുദർശനൻ ഉദ്ഘാടനം ചെയ്തു. എല്ലാ മേഖലയിലും പരാജയപ്പെട്ട തൊഴിലാളിവിരുദ്ധ സർക്കാരാണ് കേരളം ഭരിക്കുന്നത് അദ്ദേഹം ആരോപിച്ചു. തോട്ടം ഉടമകളുടെ പക്ഷത്തുനിന്നുകൊണ്ട്, പ്ലാന്റേഷൻ ടാക്സ് കാർഷികാദായനികുതി, റബ്ബർ മുറിക്കുന്നതിനുള്ള ടാക്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉടമകൾക്ക് ഒഴിവാക്കിക്കൊടുത്ത സർക്കാർ തൊഴിലാളികളെ വഞ്ചിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഫെഡറേഷൻ പ്രസിഡന്റ് പി.കെ. മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന സെക്രട്ടറി സിബി വർഗ്ഗീസ്, ഫെഡറേഷൻ ദേശീയ ജനറൽ സെക്രട്ടറി എൻ.ബി. ശശിധരൻ, ബി.എം.എസ്. തിരുവനന്തപുരം ജില്ലാസെക്രട്ടറി കെ. ജയകുമാർ, ഫെഡറേഷൻ നേതാക്കളായ എസ്.ജി. മഹേഷ്, ബി. വിജയൻ, എസ്. ശ്രീകുമാർ, റെജി നായർ എന്നിവർ സംസാരിച്ചു.




**കേരള പ്രദേശ് പ്ലാന്റേഷൻ മസ്ദൂർ സംഘിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ വകുപ്പ് മന്ത്രിയുടെ വസതിയിലേക്ക് നടത്തിയ മാർച്ച് ബി.എം.എസ്. സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ബി.ശിവജി സുദർശൻ ഉദ്ഘാടനം ചെയ്യുന്നു.**

# ശ്രീപത്മനാഭസ്വാമിക്ഷേത്ര കർമ്മചാരി സംഘം വാർഷികസമ്മേളനം

**തിരുവനന്തപുരം:** ശ്രീപത്മനാഭസ്വാമിക്ഷേത്ര കർമ്മചാരി സംഘം ജില്ലാവാർഷികസമ്മേളനം വടക്കേനട കർമ്മചാരി സംഘംഹാളിൽ ആർ.എസ്.എസ്. മഹാനഗർ ജില്ലാസംഘചാലക് പി. ഗിരീഷ് ഉദ്ഘാടനം ചെയ്തു. മുൻ ശബരിമല മേൽശാന്തി ഗോശാല വിഷ്ണു വാസുദേവൻ നമ്പൂതിരി ബി.എം.എസ്. ജില്ലാ സെക്രട്ടറി കെ. ജയകുമാർ, കെ. വിജയകുമാർ, സി. ജ്യോതിഷ് കുമാർ, ഇ.വി. ആനന്ദ്, ഹരികൃഷ്ണൻ എന്നിവർ സംസാരിച്ചു. രക്ഷാധികാരി ഗോശാല വിഷ്ണു വാസുദേവൻ നമ്പൂതിരി, പ്രസിഡന്റ് ബാബു ശങ്കർ, വർക്കിങ് പ്രസിഡന്റ് ഗിരീഷ് കുമാർ, ജനറൽസെക്രട്ടറി ഇ.വി. ആനന്ദ്, ഡെപ്യൂട്ടി ജനറൽസെക്രട്ടറി ഹരിമേനോൻ എന്നിവരെ ഭാരവാഹികളായി തെരഞ്ഞെടുത്തു.



ശ്രീപത്മനാഭസ്വാമിക്ഷേത്ര കർമ്മചാരി സംഘം ജില്ലാവാർഷികസമ്മേളനം
ആർ.എസ്.എസ്. തിരുവനന്തപുരം മഹാനഗർ ജില്ലാസംഘചാലക് പി. ഗിരീഷ് ഉദ്ഘാടനം ചെയ്യുന്നു

# ധർണ്ണ നടത്തി

**ആലപ്പുഴ:** ബി.എം.എസ്. വെൺമണി പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അടിയന്തിരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിഷേധ മാർച്ചും ധർണ്ണയും നടത്തി. ധർണ്ണ ബി.എം.എസ്. സംസ്ഥാനസമിതി അംഗം സദാശിവൻ പിള്ള ഉദ്ഘാടനം ചെയ്തു. വെൺമണി പഞ്ചായത്തിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കണമെന്നും കുടിവെള്ളത്തിനായി ജനങ്ങൾ ആഴ്ചകളോളം കാത്തിരിക്കുന്ന ഗതികേട് പരിഹരിക്കാൻ പഞ്ചായത്ത് ഭരണസമിതിയും അധികാരികളും ഉടൻ തയ്യാറാകണമെന്നും അല്ലാത്തപക്ഷം വരുംനാളുകളിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് ശക്തമായ സമരപരിപാടികളുമായി മുൻപോട്ട് പോകുമെന്ന് അദ്ദേഹം പറഞ്ഞു. ബി.എം.എസ്. വെൺമണി പഞ്ചായത്ത് സെക്രട്ടറി പ്രസന്നകുമാർ അദ്ധ്യക്ഷത വഹിച്ചു. പത്തനംതിട്ട ജില്ലാ സെക്രട്ടറി എ.കെ. ഗിരീഷ്, മേഖലാസെക്രട്ടറി സി.എസ്. മനോജ്, മേഖലാപ്രസിഡന്റ് പി.ആർ. രാകേഷ്, ജില്ലാ ജോയിന്റ് സെക്രട്ടറി എൻ. ദേവദാസ്, കെ.പി. വിജയൻ പിള്ള, എൻ. ഹരിദാസ്, സനൽകുമാർ, പ്രശാന്ത് മേക്കാട്ടിൽ തുടങ്ങിയവർ സംസാരിച്ചു.

# കുടുംബസഹായനിധി കൈമാറി

കോഴിക്കോട് ബി.എം.എസ്. സേവാട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ അവശത അനുഭവിക്കുന്ന തൊഴിലാളികൾക്ക് കുടുംബസഹായനിധി വിതരണം ചെയ്തു. രാമനാട്ടുകരയിൽ ഓട്ടോ തൊഴിലാളിയായ രാജേഷിന് ജില്ലാ ജോയിന്റ് സെക്രട്ടറി കെ.വി. സെൽവരാജ് ധനസഹായം കൈമാറി. ഷാജി എടക്കാട് പ്രസന്നൻ പ്രണവം സുരേഷ് എന്നിവർ പങ്കെടുത്തു.

# ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഭൂമി ഏറ്റെടുക്കൽ നീക്കത്തിന് തടയിട്ടത് ബി.എം.എസ്.

കഞ്ചിക്കോട്: കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാനസർക്കാരിന്റെ ഭൂമി കച്ചവടം ലക്ഷ്യംവെച്ചുള്ള നീക്കത്തിന് തടയിട്ടത് സ്ഥാപനത്തിലെ ബി.എം.എസ്. പ്രവർത്തകരുടെ നിരന്തര പ്രവർത്തനവും ബി.എം.എസ്. കേന്ദ്ര-സംസ്ഥാനനേതാക്കളുടെ സമയോചിത ഇടപെടൽ മൂലവുമാണെന്ന് ബി.എം.എസ്. ജില്ലാപ്രസിഡന്റ് സലിംതെന്നിലാപുരം പറഞ്ഞു. ഇൻസ്ട്രുമെന്റേഷൻ എംപ്ലോയീസ് സംഘ് (ബി.എം.എസ്.) വാർഷികസമ്മേളനം പാലക്കാട് ഗസാല ഓഡിറ്റോറിയത്തിൽ വെച്ച് ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് കേന്ദ്ര പൊതുമേഖലയിൽതന്നെ നിലനിർത്താനും തൊഴിലാളികളുടെ വർഷങ്ങളോളമുള്ള ആവശ്യമായ ശമ്പളപരിഷ്കരണം ഉൾപ്പെടെയുള്ള നടപടികൾക്ക് പ്രേരകമായിട്ടുള്ളത് ബി.എം.എസ്. പ്രവർത്തനംകൊണ്ടാണ്. ഇതര യൂണിയനിൽ നിന്നും രാജിവെച്ച ഇരുപതോളം തൊഴിലാളികൾക്ക് സമ്മേളനത്തിൽ അംഗത്വം നല്കി സ്വീകരിച്ചു.



കാസറഗോഡ് ജില്ലാ ഓട്ടോറിക്ഷാ മസ്ദൂർ സംഘ് ഹോസ്ദുർഗ് മേഖലാ പ്രവർത്തക സമ്മേളനം ബി.എം.എസ് ജില്ലാ സെക്രട്ടറി ഗോവിന്ദൻ മടിക്കൈ ഉദ്ഘാടനം ചെയ്യുന്നു.

# പെട്രോൾ, ഡീസൽ നികുതി വർദ്ധന പിൻവലിക്കണം

**മാവുങ്കാൽ:** കാസറഗോഡ് ജില്ലാ ഓട്ടോറിക്ഷാ മസ്ദൂർസംഘ് ഹോസ്ദുർഗ് മേഖലാ പ്രവർത്തക സമ്മേളനം മേഖലാ പ്രസിഡന്റ് കുഞ്ഞിരാമൻ കാട്ടുകുളങ്ങരയുടെ അദ്ധ്യക്ഷതയിൽ ബി.എം.എസ്. ജില്ലാസെക്രട്ടറി ഗോവിന്ദൻ മടിക്കൈ ഉദ്ഘാടനം ചെയ്തു. മേഖലാ സെക്രട്ടറി ഭരതൻകല്യാൺ റോഡ്, മടിക്കൈ മേഖലാ സെക്രട്ടറി സുനിൽകുമാർ ബി.എം.എസ്. ജില്ലാജോയിന്റ് സെക്രട്ടറി വി.ബി. സത്യനാഥ് എന്നിവർ സംസാരിച്ചു.

മേഖലാസെക്രട്ടറി ഗോപാലകൃഷ്ണൻ സ്വാഗതവും രാകേഷ് കല്യാണം നന്ദിയും പറഞ്ഞു. പുതിയ ഭാരവാഹികളായി പ്രസിഡന്റ് ബാലകൃഷ്ണൻ സൂര്യോദയം, സെക്രട്ടറി ഗോപാലകൃഷ്ണൻ, ട്രഷറർ ടി.കെ. കോമളൻ എന്നിവർ ഉൾപ്പെടെ 12 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തു.

# ലഹരിമുക്ത സമൂഹത്തിനായി സ്ത്രീകൾ മുന്നിട്ടിറങ്ങണം

**കോഴിക്കോട്:** സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയാനായി സ്ത്രീകൾ മുന്നിട്ടിറങ്ങണമെന്ന് ഡോ. അവ്നി സ്കന്ദൻ.

അന്താരാഷ്ട്ര വനിതാദിനത്തിൽ ബി.എം.എസ്. കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച വനിതാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. പി. ബിന്ദു സ്വാഗതം പറഞ്ഞു. അഡ്വ. എം. പ്രമീള അദ്ധ്യക്ഷത വഹിച്ചു. ഐ.ഡി.യു. സുരക്ഷ പ്രൊജക്റ്റ് മാനേജർ എ. നിഖിൽ ലഹരിവിരുദ്ധ ബോധവല്ക്കരണ ക്ലാസ് എടുത്തു. സമാപനപ്രസംഗം ബി.എം.എസ്. ക്ഷേത്രീയ സംഘടനാസെക്രട്ടറി എസ്. ദുരൈരാജ് നിർവ്വിച്ചു. റീന സഹദേവൻ നന്ദി പറഞ്ഞു.



**അന്താരാഷ്ട്ര വനിതാ ദിനത്തിൽ ബി.എം.എസ്. കോഴിക്കോട് ജില്ലാ കമ്മറ്റി സംഘടിപ്പിച്ച വനിതാ സമ്മേളനം ഡോ.അവ്നി സ്കന്ദൻ ഉദ്ഘാടനം ചെയ്യുന്നു.**

# വനിതകളെ ആദരിച്ചു

**തൃശൂർ:** വനിതാദിനത്തോടനുബന്ധിച്ച് എൻ.ജി.ഒ. സംഘ് വനിതാ വിഭാഗം തൃശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ ആദരിക്കുന്നതിന്റെ ഭാഗമായി ക്ലാസിക്കൽ നർത്തകിയും നൃത്താധ്യാപികയുമായ ശാന്തി ആനന്ദിനെ പൊന്നാടയണിയിച്ച് ആദരിച്ചു. എൻ.ജി.ഒ. സംഘ് വനിതാവിഭാഗം സംസ്ഥാന വൈസ്പ്രസിഡന്റ് മഞ്ജുള സുനിൽ, വനിതാവിഭാഗം ജില്ലാസെക്രട്ടറി സ്മിത ലൗലേഷ്, രമ ജ്യോതികുമാർ, എൻ.ജി.ഒ. സംഘ് ജില്ലാപ്രസിഡന്റ് എം. രാജഗോപാൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



**വനിതാ ദിനത്തോടനുബന്ധിച്ച് എൻ.ജി.ഒ സംഘ് വനിതാ വിഭാഗം തൃശൂർ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ക്ലാസിക്കൽ നർത്തകിയും, നൃത്താധ്യാപികയുമായ ശാന്തി ആനന്ദിനെ ആദരിക്കുന്നു.**



ബി.എം.എസ്. വയനാട് ജില്ലാ കമ്മറ്റി സംഘടിപ്പിച്ച വനിതാ സെമിനാർ മാനന്തവാടി അമൃത വിദ്യാലയം പ്രിൻസിപ്പൽ ബ്രഹ്മചാരിണി പൂജിതാമൃത ചൈതന്യ ഉദ്ഘാടനം ചെയ്യുന്നു.

# സ്ത്രീ ഇല്ലെങ്കിൽ ലോകം ഇല്ല

## – പൂജിതാമൃത ചൈതന്യ

**കല്പറ്റ:** സ്ത്രീ ഇല്ലെങ്കിൽ ലോകംതന്നെ ഇല്ലെന്ന് മാനന്തവാടി അമൃതവിദ്യാലയം പ്രിൻസിപ്പൽ ബ്രഹ്മചാരിണി പൂജിതാമൃത ചൈതന്യ പറഞ്ഞു. സ്ത്രീകൾ കേവലം ഒരു രൂപംമാത്രമല്ല; സ്നേഹത്തിന്റെ, കാരുണ്യത്തിന്റെ നന്മയുടെ ലോകത്തിന്റെതന്നെ നിധിയാണ്. സമൂഹത്തിൽ, കുട്ടികളിൽ മാറ്റമുണ്ടാക്കാൻ അമ്മമാരിലൂടെ മാത്രമേ സാധിക്കു - അവർ അഭിപ്രായപ്പെട്ടു.

ലോക വനിതാദിനത്തിൽ ബി.എം.എസ്. വയനാട് ജില്ലാകമ്മിറ്റി സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഷർഫുദ്ദീൻ, ആശംസാപ്രസംഗം നടത്തുകയുണ്ടായി.

ഭാരതീയ സംസ്കാരത്തിൽനിന്ന് മാറി പാശ്ചാത്യരീതിയിലേയ്ക്ക് നമ്മുടെ സമൂഹം മാറിയതോടെ മനുഷ്യർ തമ്മിലുള്ള സ്നേഹം കുറഞ്ഞിരിക്കുന്നതായും വകതിരിവില്ലാത്ത (സ്ത്രീ, പുരുഷ) സമൂഹമാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിമുക്തി മിഷൻ വയനാട് ജില്ലാ കോർഡിനേറ്റർ ഫെബിന വി. റൗഫ് 'കുട്ടികളിൽ നല്ല ശീലം വളർത്തുന്നതിൽ രക്ഷിതാക്കളുടെ പങ്ക്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സെടുക്കുകയുണ്ടായി.

അഡ്വ. വവിത എസ്. നായർ അദ്ധ്യക്ഷത വഹിച്ചു. രമണി ശങ്കർ, പി.കെ. മുരളീധരൻ സന്തോഷ് ജി. നായർ, ഇ. ദിവാകരൻ എന്നിവർ സംസാരിച്ചു. പി.എച്ച്. പ്രസന്ന സ്വാഗതവും അനീഷാ ദേവി നന്ദിയും പറഞ്ഞു.

---

**ആലപ്പുഴ:** അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ബി.എം.എസ്. ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വെൺമണി കുറക്കാട്ടിൽ ഹാളിൽ ബി.എം.എസ്. വനിതാ സമ്മേളനം നടത്തി."

അമൃത വിശ്വവിദ്യാപീഠം അസ്സോസ്സിയേറ്റ് പ്രൊഫസർ ഡോക്ടർ ലീന പി. നായർ ഉദ്ഘാടനം ചെയ്തു. വനിതകൾ ശക്തിപ്പെടേണ്ടതും സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തി സമൂഹത്തെ നയിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണെന്നും നമ്മുടെ സമൂഹത്തെ കാർന്നുതിന്നുന്ന വിഷമായി രാസലഹരിയും മദ്യവും മാറിയെന്നും ഈ തിന്മയെ വേരോടെ പിഴുതുകളയുവാൻ നമുക്കാവണമെന്നും, അതിനുള്ള ശക്തമായ ഇടപെടലുകൾ നമ്മുടെ സമൂഹത്തിൽ വനിതകൾ നടത്തണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ അവർ പറഞ്ഞു.

ജില്ലാ വൈസ് പ്രസിഡന്റ് വനജ രതീഷ്ബാബുവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വനിതാസമ്മേളനത്തിൽ ബി.എം.എസ്. സംസ്ഥാനസെക്രട്ടറി കെ.വി. മധുകുമാർ വനിതാദിന സന്ദേശം നല്കി. ജില്ലാഭാരവാഹികളായ ബി. രാജശേഖരൻ, ബിനീഷ് ബോയ്, സ്നേഹ വിജയൻ, സ്മിത സിദ്ധാർത്ഥൻ, ബിന്ദു ഹരികുമാർ, രാധാ മോഹൻ, സിനി രമേഷ്, ഷീന, ശാന്ത ഡി. നായർ, കുമാരി കെ. സദാശിവൻ പിള്ള, എൻ. ദേവദാസ്, സി. ഗോപൻ, പി.ആർ. രാകേഷ്, സി.എസ്. മനോജ് എന്നിവർ സംസാരിച്ചു.

---

# സ്ത്രീകൾ അവരുടെ ശക്തി തിരിച്ചറിയണം

**പത്തനംതിട്ട:** മാർച്ച് 8 സ്ത്രീകൾ അവരവരുടെ ശക്തി തിരിച്ചറിഞ്ഞുപ്രവർത്തിക്കേണ്ട കാലഘട്ടമാണെന്നും ദൗർബല്യങ്ങളെ അവനവന്റെ കഴിവുകൾകൊണ്ട് മറികടന്ന് സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തരായി സാമൂഹികമായി എല്ലായിടങ്ങളിലേക്കും മുന്നേറാൻ സ്ത്രീകൾക്ക് സാധിക്കണമെന്നും ഡോ. എം.എസ്. സുനിൽ പറഞ്ഞു. ബി.എം.എസ്. പത്തനംതിട്ട ജില്ലാകമ്മിറ്റി സംഘടിപ്പിച്ച മാർ

ച്ച് 8 വനിതാ ദിനാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ബി.എം.എസ്. ജില്ലാജോയിന്റ് സെക്രട്ടറി ശ്രീമതി സോണി സത്യൻ അദ്ധ്യക്ഷത വഹിച്ചു. മുത്തൂറ്റ് കോളേജ് ഓഫ് നഴ്സിംഗ് അസ്സോസിയേറ്റ്പ്രൊഫസ്സർ ശ്രീമതി എസ്. റാണി ഭായി, ബി.എം.എസ്. സംസ്ഥാനസെക്രട്ടറി കെ.വി. മധുകുമാർ, ജില്ലാ ഭാരവാഹികളായ ശ്രീമതി കെ.എൽ. യമുനാ ദേവി, എൽ. സരളാ ദേവി, ശ്രീമതി കൃഷ്ണകുമാരി എന്നിവർ സംസാരിച്ചു.



അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ബി.എം.എസ്. കൊല്ലം ജില്ലാ കമ്മറ്റി സംഘടിപ്പിച്ച വനിതാ സമ്മേളനം യു ആർ ഐ ഗ്ലോബൽ കൗൺസിൽ ട്രസ്റ്റി ഡോ. ദേവി രാജ് ഉദ്ഘാടനം ചെയ്യുന്നു

## കുടുംബ സങ്കൽപത്തിന് പ്രസക്തി ഏറി

**കൊല്ലം:** ഭാരതീയ മസ്ദൂർ സംഘം കൊല്ലം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ ലോക വനിതാദിനം ആഘോഷിച്ചു. മസ്ദൂർഭവനിൽ നടന്ന പരിപാടിയിൽ ബി.എം.എസ്. ജില്ലാ ഖജാൻജി ശ്രീമതി പി.കെ. സജിലകുമാരി അദ്ധ്യക്ഷത വഹിച്ചു. യു.ആർ.ഐ. ഗ്ലോബൽ കൗൺസിൽ ട്രസ്റ്റി ഡോ. ദേവിരാജ് ഉദ്ഘാടനം ചെയ്തു. ഇന്നത്തെ സാഹചര്യത്തിൽ ഭാരതീയ മസ്ദൂർ സംഘം 'ലഹരിമുക്ത കുടുംബം സന്തുഷ്ടകുടുംബം' എന്ന മുദ്രാവാക്യം ഉയർത്തി കുടുംബ സങ്കല്പത്തിൽ ഇത്തരം പരിപാടികൾ നടത്തുന്നത് നല്ലതാണ് എന്ന് അവർ ഓർമ്മിപ്പിച്ചു. വനിതാദിന സന്ദേശം ബി.എം.എസ്. സംസ്ഥാന ഉപാദ്ധ്യക്ഷ അഡ്വ. ആശ മോൾ അവതരിപ്പിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി ആർ. അജയൻ, എസ്. സുജനകുമാരി, സിന്ധു എന്നിവർ സംസാരിച്ചു. യുവ എഴുത്തുകാരി കുമാരി വിധു വിജയിയെ ആദരിച്ചു.

## ലഹരിക്ക് പിന്നിൽ ഭീകരത



ബി.എം.എസ്. തൃശ്ശൂർ ജില്ലാ കമ്മറ്റി സംഘടിപ്പിച്ച വനിതാ സമ്മേളനം സക്ഷമ ദേശീയ ഉപാധ്യക്ഷ ഡോ.ആശ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

**തൃശൂർ:** ലഹരി ഉപയോഗം പുതുതലമുറയിൽ വർദ്ധിപ്പിച്ച് സമൂഹത്തെ ഇല്ലായ്മ ചെയ്യുന്ന വലിയൊരു ഭീകരപ്രവർത്തനമാണ് രാജ്യത്ത് നടത്തുന്നത്. അതിനെ പ്രതിരോധിക്കാൻ സ്ത്രീശക്തി മുന്നോട്ടുവരണമെന്ന് സക്ഷമ ദേശീയ ഉപാദ്ധ്യക്ഷ ഡോ. ആശ ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടു.

രാജ്യത്ത് ലഹരി ഉപയോഗിക്കുന്നവരുടെയും മാഫിയകളുടെയും എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമൂഹത്തിന് വലിയ വിപത്താണെന്ന് തിരിച്ചറിഞ്ഞ് അതിനെതിരെ സ്ത്രീസമൂഹത്തെ രംഗത്തിറക്കാൻ കർമ്മപദ്ധതികൾ തയ്യാറാക്കിയ ബി.എം.എസിന്റെ നേതൃ

ത്വത്തെയും മഹിളാവിഭാഗത്തെയും ഡോ. ആശ ഗോപാലകൃഷ്ണൻ അഭിനന്ദിച്ചു.

ബി.എം.എസ്. തൃശൂർ ജില്ലാ മഹിളാ വിഭാഗം സംഘടിപ്പിച്ച മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ''ലഹരിമുക്ത കുടുംബം സന്തുഷ്ടകുടുംബം'' എന്ന പരിപാടി തൃശൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അവർ. ബി.എം.എസ്. ജില്ലാ ഉപാദ്ധ്യക്ഷ അഡ്വ. പ്രസര വാസവൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. സംസ്ഥാന ട്രഷറർ സി. ബാലചന്ദ്രൻ, ദീപ രാജേന്ദ്രൻ, സുനിത മനോഹരൻ, ഷിജിത സി.വി. എന്നിവർ പ്രസംഗിച്ചു.



**അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് ബി.എം.എസ്. കോട്ടയം ജില്ലാ കമ്മറ്റി സംഘടിപ്പിച്ച വനിതാ സമ്മേളനം ശ്രീമതി.പ്രീതി ലാൽ ഉദ്ഘാടനം ചെയ്യുന്നു**



**അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ബി.എം.എസ്. തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വനിതാ കാര്യകർത്താ സംഗമം W20 സ്റ്റേറ്റ് കോർഡിനേറ്റർ ശ്രീമതി ലക്ഷ്മി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.**

# വനിതാ കാര്യകർതൃസംഗമം

**കാസർഗോഡ്:** അന്താരാഷ്ട്ര വനിതാദിനാചരണത്തിന്റെ ഭാഗമായി ഭാരതീയ മസ്ദൂർസംഘത്തിന്റെ വനിതാവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് നടന്ന വനിതാ കാര്യകർതൃസംഗമം ബി.എം.എസ്. ജില്ലാ വൈസ്പ്രസിഡന്റ് ഗീതാ ബാലകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ശ്രീമതി ടി. സുധമണി ടീച്ചർ ഉദ്ഘാടനം ചെയ്തു. എക്സൈസ് പ്രിവന്റീവ് ഓഫീസർ എൻ.ജി. രഘുനാഥൻ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ് എടുത്തു. വനിതാദിന സന്ദേശ പ്രസംഗം ബി.എം.എസ്. ജില്ലാസെക്രട്ടറി വി. ഗോവിന്ദൻ മടിക്കൈ നടത്തി. ബി.എം.എസ്. ജില്ലാപ്രസിജന്റ് വി.വി. ബാലകൃഷ്ണൻ പ്രസംഗിച്ചു. ബി.എം.എസ്. ജില്ലാ ഭാരവാഹികൾ, മേഖല ഭാരവാഹികൾ, വനിതാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു. സിന്ധു മനോരാജ് സ്വാഗതവും ശോഭാ ബാൽരാജ് നന്ദിയും രേഖപ്പെടുത്തി.



**അന്താരാഷ്ട്ര വനിതാ ദിനത്തിൽ ബി.എം.എസ് കാസർഗോഡ് ജില്ലാ കമ്മറ്റി സംഘടിപ്പിച്ച കാര്യകർതൃ സംഗമം ശ്രീമതി ടി.സുധാമണി ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു.**

# കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധിബോർഡ് പെൻഷൻ നല്കണം

കോട്ടപ്പാറ: കർഷക തൊഴിലാളിസംഘം ബി.എം. എസ്. കാസറഗോഡ് ജില്ലാപ്രതിനിധി സമ്മേളനം വാഴക്കോട് സുബ്രഹ്മണ്യക്ഷേത്ര ഓഡിറ്റോറിയത്തിൽ നടന്നു. ഫെഡറേഷൻ സംസ്ഥാന ജനറൽസെക്രട്ടറി വി.ബി. സത്യനാഥ് ഉദ്ഘാടനം ചെയ്തു. ജില്ലാപ്രസിഡന്റ് സുരേഷ് ദേളി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ഉപാദ്ധ്യക്ഷൻ കൃഷ്ണൻ കേളോത്ത്, മുള്ളേരിയ മേഖലാസെക്രട്ടറി ലീലാ കൃഷ്ണൻ എന്നിവർ സംസാരിച്ചു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച അനിൽ നാലാംവാതുക്കൽ, ആവണിരാകേഷ്, ടി.വി. സുജിത്ത്, സജു ശങ്കർ എന്നിവരെ ആദരിച്ചു.

യൂണിയൻ ജില്ലാസെക്രട്ടറി ഗോവിന്ദൻ മടിക്കൈ പ്രവർത്തനറിപ്പോർട്ടും ട്രഷറർ നാരായണൻ വാഴക്കോട് വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു. ഫെഡറേഷൻ വൈസ്പ്രസിഡന്റ് വനജ രാഘവൻ സുനിൽ വാഴക്കോട്, ജയമോൾ എന്നിവർ സംസാരിച്ചു. പുതിയ ജില്ലാഭാരവാഹികളായി സുരേഷ് ദേളി (പ്രസിഡന്റ്),കൃഷ്ണൻ കേളോത്ത് (സെക്രട്ടറി), സുനിൽ വാഴക്കോട് (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.



**കാസർഗോഡ് ജില്ലാ കർഷക തൊഴിലാളി സംഘം വാർഷിക പ്രതിനിധി സമ്മേളനം ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി വി.ബി.സത്യനാഥ് ഉദ്ഘാടനം ചെയ്യുന്നു.**

# പെൻഷൻകാരോടുള്ള അവഗണന അവസാനിപ്പിക്കണം

കൊച്ചി: ഒരു പുരുഷായുസ്സ് മുഴുവൻ പോർട്ടിലും ഡോക്ക് ലേബർ ബോർഡിലും സർവ്വീസ് ചെയ്ത് വിരമിച്ച പെൻഷൻകാരോട് കൊച്ചിൻ പോർട്ട് അതോറിറ്റി മാനേജുമെന്റ് തുടരുന്ന അവഗണന അവസാനിപ്പിക്കണമെന്നും മാനേജ്മെന്റ് തുടരുന്ന അവഗണന അവസാനിപ്പിക്കണമെന്നും വി.ആർ.എസിൽ വിരമിച്ചവരുടെ നിർത്തലാക്കിയ മെഡിക്കൽ അലവൻസ് പുനഃസ്ഥാപിക്കണമെന്നും 31-01-2017നുശേഷം വിരമിച്ചവർക്ക് നല്കേണ്ടുന്ന വർദ്ധിപ്പിച്ച എൻഹാൻസ് ഗ്രാറ്റുവിറ്റി നല്കണമെന്നും എറണാകുളത്തു നടന്ന മേജർ പോർട്ട് & ഡോക്ക് പെൻഷ്യനേഴ്സ് സംഘിന്റെ പത്താമത് വാർഷികസമ്മേളനം ആവശ്യപ്പെട്ടു. പ്രസിഡന്റ് എം. ശ്രീവല്ലഭൻ നായരുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം ബി.എം. എസ്. എറണാകുളം ജില്ല വൈസ്പ്രസിഡന്റ് ഇ.ജി. ജയപ്രകാശ് ഉദ്ഘാടനം ചെയ്തു. ജനറൽസെക്രട്ടറി ജി.കെ. പിള്ള, സജിത്ത് ബോൾഗാട്ടി, കെ. സുകുമാരൻ, വി. സുധാകരൻ, അഡ്വ. കെ. രാജൻ, ഡി. വിജയലക്ഷ്മി, ഒ.എസ്. ജയപ്രകാശ്, വി.കെ. ശശിധരൻ, പി.കെ. ബാഹുലേയൻ, കെ. മാധവൻ എന്നിവർ സംസാരിച്ചു. സംഘടനയിൽ ആജീവനാന്ത അംഗങ്ങളായവർക്ക് എസ്. ശിവജ്ഞാനം പിള്ള തിരിച്ചറിയൽകാർഡ് വിതരണം നടത്തി. മസ്ദൂർഭാരതി വരിക്കാരാക്കുന്നതിന്റെ കൂപ്പൺ വിതരണഉദ്ഘാടനം ഇ.ജി. ജയപ്രകാശ് അഡ്വ. കെ രാജന് നല്കി നിർവ്വഹിച്ചു. സമ്മേളനം പുതിയ ഭാരവാഹികളായി എം. ശ്രീവല്ലഭൻനായർ (പ്രസിഡന്റ്), അഡ്വ. കെ. രാജൻ (വർക്കിംഗ് പ്രസിഡന്റ്), ജി.കെ. പിള്ള (ജനറൽസെക്രടറി), കെ. സുകുമാരൻ, വി. സുധാകരൻ, ഡി.വിജയലക്ഷ്മി, എസ്. ശിവജ്ഞാനം പിള്ള (വൈസ്പ്രസിഡന്റുമാർ), ആർ. അജിത് കുമാർ, കെ. മാധവൻ, വി.കെ. ശശിധരൻ, ടി.എൻ. ചന്ദ്രൻ (സെക്രട്ടറിമാർ), ഒ.എസ്. ജയപ്രകാശ് (ട്രഷറർ), എ.എസ്. മുകുന്ദൻ, കെ.ജെ. സേവ്യർ, പി.കെ. ബാഹുലേയൻ, സി.സി. ജോൺ ലീയോ പോൾ (ഓർഗനൈസിംഗ് സെക്രട്ടറിമാർ) എന്നിവരെ തെരഞ്ഞെടുത്തു.

# കള്ള് ചെത്ത് വ്യവസായം സംരക്ഷിക്കണം

**ആലപ്പുഴ:** കേരളത്തിലെ പരമ്പരാഗത കള്ളു ചെത്ത് വ്യവസായത്തെ തകർക്കുന്ന നടപടിയിൽനിന്നു സർക്കാർ പിൻമാറണമെന്നു ഫെഡറേഷൻ പ്രസിഡന്റ് പി.എസ്. ശശി സർക്കാരിനോട് ആവശ്യപ്പെട്ടു. കേരളത്തിൽ സമ്പന്നമായിരുന്ന കള്ളുചെത്ത് വ്യവസായം മാറിമാറി ഭരിച്ച സർക്കാരുകളുടെ തെറ്റായ നയങ്ങൾമൂലം പൂർണമായി തകർച്ചയുടെ വക്കിൽ എത്തിനിൽക്കുകയാണെന്നും ആയത് തിരുത്തി വ്യവസായം സംരക്ഷിക്കുന്നതിനും തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം സുതാര്യമാക്കുന്നതിനും സർക്കാരും ക്ഷേമബോർഡും അടിയന്തിരമായി ഇടപെടണമെന്നും അദ്ദേഹം പറഞ്ഞു. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ആലപ്പുഴ ജില്ലാ മദ്യ വ്യവസായ മസ്ദൂർ സംഘ് (ബി.എം.എസ്.) ആഭിമുഖ്യത്തിൽ നടത്തിയ ധർണ്ണയെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ബി. രാജശേഖരൻ, ഫെഡറേഷൻ വൈസ്പ്രസിഡന്റ് ബി.രാജശേഖരൻ, ബി.എം.എസ്. ജില്ലാസെക്രട്ടറി ബിനീഷ് ബോയ്, ജില്ലാ ഖജാൻജി അഭിലാഷ് ബേർളി, യൂണിയൻ ജനറൽസെക്രട്ടറി സി. ഗോപകുമാർ, ജെ. മനോജ്, സിനുരാജ്, സുനിൽകുമാർ എന്നിവർ സംസാരിച്ചു. പ്രസിഡന്റ് കെ. കൃഷ്ണൻകുട്ടി അദ്ധ്യക്ഷത വഹിച്ചു.




**ആലപ്പുഴ ജില്ലാ മദ്യ വ്യവസായ മസ്ദൂർ സംഘിന്റെ ആഭിമുഖ്യത്തിൽ ക്ഷേമനിധി ഓഫീസിനു മുന്നിൽ നടത്തിയ മാർച്ച് ഫെഡറേഷൻ പ്രസിഡന്റ് പി.ശശി ഉദ്ഘാടനം ചെയ്യുന്നു.**

# കെ.എസ്.ടി എംപ്ലോയീസ് സംഘ് പ്രതിഷേധസംഗമം

**പാലക്കാട്:** കെ.എസ്.ആർ.ടി.സി. ജീവനക്കാരന് പണിയെടുത്ത ശമ്പളം പൂർണമായി നല്കാതെ വിലപേശൽ നടത്തുന്ന ഇടതു സർക്കാർ നയം തിരുത്തണമെന്ന് കെ,എസ്.ടി.എംപ്ലോയീസ് സംഘ് ജില്ലാട്രഷറർ കെ. സുധീഷ് ആവശ്യപ്പെട്ടു.

ഫെബ്രുവരി മാസത്തെ ശമ്പളം പൂർണ്ണമായി നല്കാത്ത ഇടതു സർക്കാരിന്റെയും മാനേജ്മെന്റിന്റെയും നിലപാടിനെതിരെ സംസ്ഥാനവ്യാപകമായി നടക്കുന്ന പ്രതിഷേധങ്ങളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. പാലക്കാട് ജില്ലാ ആസ്ഥാനത്ത് നടന്നപ്രതിഷേധ സംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. അംഗീകൃത തൊഴിലാളി സംഘടനകളുടെ അഭിപ്രായംപോലും മുഖവിലക്കെടുക്കാതെ അങ്ങേയറ്റം തൊഴിലാളിദ്രോഹവും ജനാധിപത്യ വിരുദ്ധവുമായ സമീപനമാണ് ഇടതുസർക്കാരും മാനേജ്മെന്റും സ്വീകരിക്കുന്നത്. ജീവനക്കാരുടെ ആത്മവിശ്വാസം ഇല്ലാതാക്കി സ്ഥാപനത്തെ തകർത്ത് പാർട്ടി ബിനാമികൾക്ക് കേരളത്തിലെ പൊതുഗതാഗതം തീറെഴുതാനുള്ള നീക്കം ചെറുത്തുതോല്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ശമ്പള പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കാത്ത പക്ഷം പണിമുടക്ക് ഉൾപ്പെടെയുള്ള സമരമാർഗ്ഗത്തിലേക്ക് എംപ്ലോയീസ് സംഘിന് പോകേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജില്ലാകമ്മിറ്റി അംഗം യു. തുളസി അദ്ധ്യക്ഷത വഹിച്ചു. ജില്ലാവൈസ്പ്രസിഡന്റ് സി. ശശാങ്കൻ, എൽ. മുരുകേശൻ എസ്. സുരേഷ് എന്നിവർ സംസാരിച്ചു. എം. കണ്ണൻ, സി.കെ. സുകുമാരൻ, എ. അരുൺ, എ. ചന്ദ്രപ്രകാശ്, എം. ഷാജു എന്നിവർ നേതൃത്വം നല്കി.

# തയ്യൽതൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം

തൃശൂർ: കേരള തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ 9 ലക്ഷത്തിലധികം തൊഴിലാളികളുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിച്ച് നല്കണമെന്ന് കേരള പ്രദേശ് തയ്യൽ തൊഴിലാളി ഫെഡറേഷൻ സംസ്ഥാന ജനറൽസെക്രട്ടറി ജയകുമാർ ആവശ്യപ്പെട്ടു. തയ്യൽ തൊഴിലാളി സംഘം തൃശൂർ ജില്ലാസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് ദീപ രാജേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാഭാരവാഹികളായ സേതു തിരുവെങ്കിടം പി.ആനന്ദൻ, കെ. ആർ. സന്തോഷ് യൂണിയൻ ജനറൽസെക്രട്ടറി കെ. ബി. ജയശങ്കർ, വിപിൻ, രാജി രാമചന്ദ്രൻ, ബിന്ദു ബൽരാജ്, ജാസ്മിൻ റെജി, സുജിത എന്നിവർ പ്രസംഗിച്ചു.

പുതിയ ഭാരവാഹികളായി പ്രസിഡന്റ്: ദീപ രാജേന്ദ്രൻ, വൈസ്പ്രസിഡന്റ്: വിശ്വംഭരൻ ചൂലിശ്ശേരി, വൈസ്പ്രസിഡന്റ്: ബിന്ദു ബൽരാജ്, വൈസ്പ്രസിഡന്റ്: സോമസുന്ദരൻ, വൈസ്പ്രസിഡന്റ്: രാജി രാമചന്ദ്രൻ, വൈസ്പ്രസിഡന്റ്: കെ. കനകലത, ജനറൽസെക്രട്ടറി: കെ.ബി. ജയശങ്കർ, സെക്രട്ടറി: പി.സി. ഷാജി, സെക്രട്ടറി: സുജിത, സെക്രട്ടറി: ശ്രീബ, സെക്രട്ടറി: നിശാന്ത് ഈറക്കാട്ട്, ഖജാൻജി: ജാസ്മിൻ റെജി എന്നിവരെ തെരഞ്ഞെടുത്തു.




**തയ്യൽ തൊഴിലാളി സംഘം തൃശ്ശൂർ ജില്ലാ സമ്മേളനം ഫെഡറേഷൻ ജനറൽ സെക്രട്ടറി കെ.ജയൻ ഉദ്ഘാടനം ചെയ്യുന്നു.**

# സംസ്ഥാന സർക്കാർ വാഗ്ദാനം പാലിക്കണം

**തൃശൂർ**: സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സമ്പ്രദായം നടപ്പിലാക്കുമെന്ന് പറഞ്ഞ എൽ.ഡി.എഫ്. ഗവണ്മെന്റ് തിരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കണമെന്ന് കേരളാ എൻ.ജി.ഒ. സംഘ് സംസ്ഥാന ജോയിന്റ് സെക്രട്ടറി ജെ. മഹാദേവൻ ആവശ്യപ്പെട്ടു. തൃശ്ശൂരിൽ നടത്തിയ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ പ്രസിഡന്റ് രാജഗോപാൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജോയിന്റ് സെക്രട്ടറി വി. വിശ്വകുമാർ, ജില്ലാ സെക്രട്ടറി കെ.ഡി. മാധവദാസ്, പ്രശാന്ത്, ശരത് കുമാർ സി. എന്നിവർ സംസാരിച്ചു.



**അസംഘടിത തൊഴിലാളി സംഘം കോഴിക്കോട് ജില്ലാപ്രതിനിധി സമ്മേളനം ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് സദാശിവൻപിള്ള ഉദ്ഘാടനം ചെയ്യുന്നു.**

# അസംഘടിത തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം

കോഴിക്കോട്: അസംഘടിത തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കണമെന്ന് കേരള സംസ്ഥാന അസംഘടിത തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് സദാശിവൻപിള്ള സർക്കാരിനോട് ആവശ്യപ്പെട്ടു.

അസംഘടിത തൊഴിലാളി സംഘം കോഴിക്കോട് ജില്ലാപ്രതിനിധി സമ്മേളനം ന്യൂനളന്ദ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്ത്രീകൾക്ക് മാത്രം വിവാഹ ധനസഹായം നല്കുന്നത് വിവേചനമാണെന്നും മറ്റു ക്ഷേമനിധികളെ പോലെ പുരുഷന്മാർക്കും വിവാഹ ധനസഹായം നല്കണമെന്നും കോവിഡ് രോഗബാധിതരായി ചികിത്സയിലായിരുന്ന അംഗങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച ചികിത്സാ ധനസഹായം എത്രയും പെട്ടെന്ന് വിതരണം ചെയ്യണമെന്നും പ്രമേയത്തിലൂടെ സമ്മേളനം കേരളസർക്കാറിനോട് ആവശ്യപ്പെട്ടു. ജില്ലാപ്രസിഡന്റ് വി. ചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. എ. ശശീന്ദ്രൻ റിപ്പോർട്ടും ശരത് കുമാർ വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു.

ബി.എം.എസ്. ജില്ലാസെക്രട്ടറി ടി.എം. പ്രശാന്ത്, കെ.വി. ശെൽവരാജ്, സുരേഷ്, മിനി, ഉഷ ദാമോദരൻ എന്നിവർ സംസാരിച്ചു. ചെറിയേറി പത്മനാഭൻ സ്വാഗതവും ഹരിദാസ് നന്ദിയും പറഞ്ഞു. പുതിയ ഭാരവാഹികളായി പ്രസിഡന്റ്: കെ.എൻ. സുരേഷ്; വൈസ് പ്രസിഡന്റ്മാർ: വി. ചന്ദ്രൻ, സി, മോഹൻദാസ്, വി. മിനി, കെ. പത്മനാഭൻ, എം. വത്സലൻ, വി.കെ. മണി; ജനറൽ സെക്രട്ടറി: എ. ശശീന്ദ്രൻ; സെക്രട്ടറിമാർ: കെ. ദാമോദരൻ, അറുമുഖൻ, കെ. സിത്താര, കെ.പി. ഗിരീഷ്, പി. ഹരിദാസൻ, രാധാകൃഷ്ണൻ പെരുവയൽ; ഖജാൻജി: എ. ശരത് കുമാർ എന്നിവരെ തെരഞ്ഞെടുത്തു.

# ഹയർ സെക്കണ്ടറി അധ്യാപകരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കണം

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പി.എസ്.സി. വഴി നിയമനം ലഭിച്ച 110 ജൂനിയർ ഇംഗ്ലീഷ് അധ്യാപകരുടെ തൊഴിൽസുരക്ഷ ഉറപ്പാക്കണമെന്ന് എൻ.ടി.യു ആവശ്യപ്പെട്ടു.

2016 ഡിസംബറിൽ കാലാവധി അവസാനിച്ചതും പിന്നീട് കാലാവധി നീട്ടി നല്കിയതുമായ എച്ച്.എസ്.എസ്.ടി. ജൂനിയർ ഇംഗ്ലീഷ് റാങ്ക് പട്ടികയിലുൾപ്പെട്ട 47 പേർക്ക് ആ കാലയളവിൽ ഒഴിവുണ്ടായിരുന്ന തസ്തികകളിൽ നിയമനം നല്കണമെന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി വിധിച്ചിരുന്നു.

ഈ വിധി പിന്നീട് സുപ്രീംകോടതി ശരിവെക്കുകയും ചെയ്തു. 2021 ജൂലൈ മുതൽ ജോലി ചെയ്തുവരുന്ന 63 അധ്യാപകർക്ക് കഴിഞ്ഞ വർഷത്തെ ഫിക്സേഷനിൽ തസ്തിക നഷ്ടപ്പെട്ടു. കോടതിവഴി നിയമനം നേടിയ 47 പേരെയും ഫിക്സേഷനിൽ തസ്തിക നഷ്ടപ്പെട്ട 63 പേരെയും സംരക്ഷിക്കാനാണ് സർക്കാർ 110 സൂപ്പർ ന്യൂമറി തസ്തികകൾ സൃഷ്ടിച്ചത്.

ഈ തസ്തികകളിലേക്കുള്ള നിയമനം നടന്നുവരവേയാണ് മാർച്ച് 31ന് ഈ തസ്തികകൾ അവസാനിപ്പിക്കാനുള്ള സർക്കാർ ഉത്തരവ് പുറത്തിറങ്ങുന്നത്.

പി.എസ്.സി. വഴി നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ തൊഴിൽസുരക്ഷയാണ് ഇതോടെ ഇല്ലാതാകുന്നത്. വിരമിച്ച ഒഴിവുകളിലേക്കോ മറ്റ് ഒഴിവുള്ള തസ്തികകളിലേക്കോ ഈ അധ്യാപകരെ പുനർവിന്യസിച്ച് സേവന നൈരന്തര്യം ഉറപ്പാക്കേണ്ടതാണ്.

സൂപ്പർ ന്യൂമററി തസ്തികകൾ മാർച്ച് 31ന് ഇല്ലാതാകുമെന്ന് വ്യക്തമാക്കുന്ന മാർച്ച് രണ്ടിലെ ഉത്തരവ് പരിഷ്കരിച്ചും ഇവരുടെ ജോലിസുരക്ഷ ഉറപ്പാക്കാവുന്നതാണ്.

സാമ്പത്തിക ഞെരുക്കത്തിന്റെ പേരിൽ പി.എസ്.സി. നിയമനം ലഭിച്ച അധ്യാപകരെ പുറത്താക്കാനുള്ള തീരുമാനം ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. പരിഷ്കരിച്ച മാനദണ്ഡമനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെട്ടു.




**യു.സി.ഡബ്ല്യൂ.യു വാർഷിക സമ്മേളനം ബി.എം.എസ്. എറണാകുളം ജില്ലാ ഖജാൻജി കെ.എസ്.ശ്യാംജിത്ത് ഉദ്ഘാടനം ചെയ്യുന്നു.**

# അഖിലയുടെ സ്ഥലംമാറ്റം റദ്ദാക്കി തൊഴിലാളി ശക്തിയുടെ വിജയം



**കെ**.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം സ്ഥിരമായി വൈകിപ്പിക്കുന്നതിനെതിരെ ജീവനക്കാരും സംഘടനകളും നിരന്തരമായി വ്യത്യസ്ത സമരമാർഗ്ഗങ്ങളിലൂടെ സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുകയാണ്. അത്തരത്തിലൊരു സമരമുറ വൈക്കം ഡിപ്പോയിലെ കണ്ടക്ടർ അഖില എസ്. നായർ സ്വീകരിച്ചതാണ് അധികാരികളെ ചൊടിപ്പിച്ചത്. ജോലിയിൽനിന്ന് വിട്ടുനില്ക്കുകയോ കോർപറേഷന്റെ പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാക്കുകയോ ചെയ്യാതെ ''ശമ്പളരഹിത സേവനം 41-ാം ദിവസം'' എന്ന് രേഖപ്പെടുത്തിയ പേപ്പർ യൂണിഫോമിൽ പിൻ ചെയ്തിരിക്കുന്നതിനാണ് കണ്ടക്ടറെ സ്ഥലം മാറ്റത്തിലൂടെ ശിക്ഷിച്ചുകൊണ്ട് മാനേജ്മെന്റ് പക തീർത്തു.

വൈക്കം ഡിപ്പോയിൽനിന്നും പാലാ ഡിപ്പോയിലേക്കാണ് വനിതാ കണ്ടക്ടറെ സ്ഥലംമാറ്റിയത്. തൊഴിലാളികൾക്ക് കൃത്യസമയത്ത് ശമ്പളം കൊടുക്കാൻ നടപടിയുണ്ടാക്കാത്ത സർക്കാർ, ശമ്പളം ഗഡുക്കളായി നല്കുന്നതിന് പുറമേ ജീവനക്കാർക്കെതിരെ ഇത്തരം ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതിൽ പ്രതിഷേധം വ്യാപകമായി. അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും കാലണ വില നല്കാത്ത സർക്കാർ ഏകാംഗ സമരങ്ങളെപ്പോലും കനത്ത ശിക്ഷാനടപടിയിലൂടെ അടിച്ചമർത്താൻ ശ്രമിക്കുന്നത് നമ്പർ വൺ ഫാസിസം തന്നെയാണ്. ശമ്പളത്തിനായുള്ള തൊഴിലാളികളുടെ പ്രതിഷേധ സമരങ്ങളെ ശിക്ഷാനടപടികളിലൂടെ അടിച്ചമർത്തുന്നത് പ്രതിരോധിക്കുന്നത് ഇടതു സർക്കാരിന്റെ ഫാസിസ്റ്റു നയമാണ്.

തൊഴിലാളിവർഗ്ഗത്തിന്റെ പോരാട്ട ചരിത്രങ്ങൾ വീമ്പിളക്കുന്ന നേതാക്കൾ അവരുടെ ഭരണകാലത്ത് ഒരു വനിതാ ജീവനക്കാരിയുടെ ഒറ്റയാൾ സമരത്തെപ്പോലും സഹിഷ്ണുതയോടെ സമീപിക്കാത്തത് ഭരണകൂടത്തിന്റെ വലതുപക്ഷ വ്യതിയാനത്തിന്റെ തെളിവായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഉദ്യോഗസ്ഥ മേലാളന്മാർ പൊതുമേഖലാ സ്ഥാപനങ്ങളെ ഭരിച്ചുതകർക്കുന്നത് സർക്കാരിന്റെ പിടിപ്പുകേടായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പ്രതിഷേധം ശക്തമായപ്പോൾ ഇടതു സംഘടനകൾക്ക് പോലും സർക്കാരിനെ തള്ളിപറയേണ്ടി വന്നു. ഒടുവിൽ സ്ഥലം മാറ്റ ഉത്തരവ് റദ്ദാക്കാൻ സർക്കാർ നിർബന്ധിതരായി.

# സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളെ വഞ്ചിച്ചു

**എറണാകുളം:** കേന്ദ്രം പണം അനുവദിക്കുന്നില്ലെന്നു പറഞ്ഞു സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളികളെ വഞ്ചിക്കുകയായിരുന്നുവെന്ന് നാഷണൽ ഡെവലപ്മെന്റ് ബോർഡ് അംഗം എൻ.വി. രാധാകൃഷ്ണൻ പറഞ്ഞു വരാപ്പുഴ ടൗണിൽ മത്സ്യത്തൊഴിലാളിസംഘം എറണാകുളം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ധർണ്ണയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്രം അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് കേരളാ സർക്കാർ നല്കാത്തതിനാലാണ് ക്ഷേമപദ്ധതിയിൽ കിട്ടേണ്ട അവസാന ഗഡുവായ 1500 രൂപ മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ ലഭിക്കാഞ്ഞത് ക്ഷേമപദ്ധതിയിൽ കേന്ദ്രവിഹിതത്തിനായി കേരളം സമർപ്പിച്ച ശുപാർശയിൽ 54.83 കോടി രൂപയ്ക്ക് കേന്ദ്രസർക്കാർ അനമതി നല്കിയിരുന്നു. ഇതിൽ 17.62 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചു. ഇതിന്റെ തുക വിനിയോഗ സർട്ടിഫിക്കറ്റ് ഇതുവരെ സംസ്ഥാനം കേന്ദ്രത്തിനു സമർപ്പിച്ചിട്ടില്ലെന്നും അദ്ദേഹം ആരോപിച്ചു.

എൻ.എം. സതീശൻ (കേരളാപ്രദേശ് മത്സ്യത്തൊഴിലാളി സംഘം എറണാകുളം ജില്ലാപ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. മത്സ്യ മസ്ദൂർ മഹാസംഘ് (ബി.എം.എസ്). അഖിലേന്ത്യാ ട്രഷറർ എ.ഡി. ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സി.എസ്. സുനിൽ, സജിത്ത് ബോൾഗാട്ടി, പി.എസ്. ബെന്നി, സി.എസ്. സനീഷ്, പി.ആർ. രന്ദീപ്, ബി.ബി. അനിൽകുമാർ എന്നിവർ സംസാരിച്ചു. 300ഓളം തൊഴിലാളികൾ ധർണ്ണയിൽ പങ്കെടുത്തു.

# ആദരാഞ്ജലി




**ജെ. നന്ദകുമാറിന്റെ മാതാവ്**

**പ്രജ്ഞാപ്രവാഹ് ദേശീയ സംയോജക് ജെ. നന്ദകുമാറിന്റെ (നന്ദേട്ടൻ) മാതാവ് ജെ.ലീലാഭായ് (85) അന്തരിച്ചു. വാർദ്ധക്യസഹജമായ അസുഖങ്ങളെ തുടർന്ന് തിരുവല്ലയിൽ ചികിത്സയിലായിരുന്നു.**



**പ്രശസ്ത ചലച്ചിത്ര താരവും മുൻ എം.പിയുമായ ഇന്നസെന്റ്**



**കോഴിക്കോട് / കുന്ദമംഗലം.ബി.എം.എസ്. സംസ്ഥാന സമിതി അംഗം ശ്രീമതി റീനയുടെ ഭർത്താവ് സഹദേവൻ.**

# ഇടത് ഭരണം തൊഴിലാളിവിരുദ്ധം

**കാസറഗോഡ്:** സംസ്ഥാനത്തെ ഇടത് മുന്നണി ഭരണം തൊഴിലാളിവിരുദ്ധമാണെന്ന് ബി.എം.എസ്. സംസ്ഥാന സെക്രട്ടറി അഡ്വ. പി. മുരളീധരൻ പറഞ്ഞു.

നിർമ്മാണ തൊഴിലാളി സംഘം ജില്ലാസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫെഡറേഷൻ സെക്രട്ടറി കൃഷ്ണൻ കണ്ണൂർ, ബി.എം.എസ്. കാസറഗോഡ് ജില്ലാസെക്രട്ടറി ഗോവിന്ദൻ മടിക്കൈ, വൈസ്പ്രസിഡന്റ് കൃഷ്ണൻ, ട്രഷറർ അനിൽ ബി. നായർ, യൂണിയൻ ഭാരവാഹികളായ ഐത്തപ്പ, രാജ്മോഹൻ, വിനോദ്, ഹരീഷ്, ജനാർദ്ദന, ഹരീഷ്, ലക്ഷ്മണൻ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി അനിൽ ബി. നായർ-പ്രസിഡന്റ്, സത്യനാഥ്-സെക്രട്ടറി, ലക്ഷ്മണൻ-ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

# കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കണം

**കാസർഗോഡ്:** കേരളത്തിലെ കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കാൻ കേരളസർക്കാർ തയ്യാറാകണമെന്ന് കാഷ്യൂ മസ്ദൂർ സംഘം കാസർഗോഡ് ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു. കാസർഗോഡ് നടന്ന യൂണിയൻ സമ്മേളനം ബി.എം.എസ്. ജില്ലാ ഉപാദ്ധ്യക്ഷൻ കെ.എ. ശ്രീനിവാസൻ ഉദ്ഘാടനം ചെയ്തു., പ്രസിഡന്റ് അഡ്വ. പി. മുരളീധരൻ അദ്ധ്യക്ഷത വഹിച്ചു. വി.വി. ബാലകൃഷ്ണൻ, രാജേഷ് ബി.എം.എസ്.ആർ.എ. സംസ്ഥാന പ്രസിഡന്റ് പി. ഉപേന്ദ്രൻ, മിനി ശ്രീനിവാസൻ എന്നിവർ സംസാരിച്ചു.

## ഉപഭോക്തൃവില സൂചിക

കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലെ 2022 ഡിസംബർ, 2023 ജനുവരി മാസങ്ങളിലെ വില സൂചിക ഔദ്യോഗികമായി പ്രഖ്യാപിച്ച പട്ടികയാണ് ചുവടെ ചേർക്കുന്നത്. Department of economics and statistics Trivandrum Dated 21-03-2023 അടിസ്ഥാനവർഷം 1998 – 99 = 100

പഴയ സീരീസ് അനുസരിച്ച്

| | | ലിങ്കിങ് ഫാക്ടർ | വിലസൂചിക | | വിലസൂചിക | |
|---|---|---|---|---|---|---|
| | | | അടിസ്ഥാനവർഷം: 2011-12=100 | | അടിസ്ഥാനവർഷം: 1998-99=100 | |
| Sl. No. | സെന്റർ | | 2022 ഡിസംബർ | 2023 ജനുവരി | 2022 ഡിസംബർ | 2023 ജനുവരി |
| 1. | തിരുവനന്തപുരം | 2.11 | 194 | 196 | 409 | 414 |
| 2. | കൊല്ലം | 2.09 | 190 | 190 | 397 | 397 |
| 3. | പുനലൂർ | 2.10 | 193 | 193 | 405 | 405 |
| 4. | പത്തനംതിട്ട | 2.03 | 203 | 204 | 412 | 414 |
| 5. | ആലപ്പുഴ | 2.05 | 193 | 193 | 396 | 396 |
| 6. | കോട്ടയം | 2.08 | 197 | 197 | 410 | 410 |
| 7. | മുണ്ടക്കയം | 2.17 | 191 | 191 | 414 | 414 |
| 8. | ഇടുക്കി | 1.97 | 192 | 194 | 378 | 382 |
| 9. | എറണാകുളം | 2.03 | 190 | 191 | 386 | 388 |
| 10. | ചാലക്കുടി | 2.00 | 207 | 208 | 414 | 416 |
| 11. | തൃശൂർ | 1.87 | 201 | 201 | 376 | 376 |
| 12. | പാലക്കാട് | 2.09 | 184 | 185 | 385 | 387 |
| 13. | മലപ്പുറം | 2.00 | 189 | 188 | 378 | 376 |
| 14. | കോഴിക്കോട് | 2.02 | 197 | 198 | 398 | 400 |
| 15. | വയനാട് | 1.93 | 190 | 191 | 367 | 369 |
| 16. | കണ്ണൂർ | 2.02 | 196 | 197 | 396 | 398 |
| 17. | കാസർഗോഡ് | 2.05 | 198 | 200 | 406 | 410 |

# ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്യണം

**പാലക്കാട്:** 1978-ൽ നിയമസഭ പാസ്സാക്കുകയും 1984 മുതൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കുകയും ചെയ്ത കേരളാ ചുമട്ടുതൊഴിലാളി നിയമത്തിലെ പഴുതുകൾ ഉപയോഗിച്ചുകൊണ്ട് തൊഴിലുടമകളും വ്യവസായികളും തൊഴിലാളികളുടെ തൊഴിൽ നിഷേധിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുന്ന തരത്തിൽ ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്യണമെന്ന് ബി.എം.എസ്. ജില്ലാപ്രസിഡന്റ് സലിം തെന്നിലാപുരം ആവശ്യപ്പെട്ടു. ചുമട്ടുതൊഴിലാളി നിയമം ബാധകമാക്കിയ പദ്ധതിപ്രദേശത്തുപോലും അംഗീകൃത തൊഴിലാളികളെ ഒഴിവാക്കുന്ന തൊഴിലുടമകളുടെ നിലപാടിനെ ക്ഷേമബോർഡും സർക്കാരും കൂട്ടുനില്ക്കുന്നത് തൊഴിലാളിവിരുദ്ധ നടപടിയാണെന്നും അദ്ദേഹം പറഞ്ഞു. പാലക്കാട് ജില്ലാ ചുമട് മസ്ദൂർസംഘം (ബി.എം.എസ്.) ജില്ലാ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. യൂണിയൻ പ്രസിഡന്റ് വി. മണികണ്ഠൻ അദ്ധ്യക്ഷത വഹിച്ചു. ബി.എം.എസ്. ജില്ലാസെക്രട്ടറി വി. രാജേഷ് സമാപനപ്രസംഗം നടത്തി. ബി.എം.എസ്. ജില്ലാ വൈസ്പ്രസിഡന്റ് പി.കെ. രവീന്ദ്രനാഥ്, യൂണിയൻ ജനറൽസെക്രട്ടറി വി. മാധവൻ., എസ്. ബദരീനാഥ്, പി.എം. വേലു, എൻ. സുബ്രഹ്മണ്യൻ എന്നിവർ പ്രസംഗിച്ചു. അനധികൃത എ.എൽ.ഒ. കാർഡ് നല്കുന്നത് നിർത്തലാക്കുക, തൊഴിൽ സ്തംഭനാവസ്ഥ പരിഹരിക്കുക, സക്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ ആനുകൂല്യം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രമേയങ്ങൾ പാസ്സാക്കി. എം. ദണ്ഡപാണി സ്വാഗതവും ആർ. ഹരിദാസ് നന്ദിയും പറഞ്ഞു.

# ഓൺലൈൻ സേവനം: കോമൺസർവീസ് സെന്ററുകളുടെ പങ്ക് നിർണായകം

**കണ്ണൂർ:** ഭാരതീയ കോമൺ സർവീസ് സെന്റർ വർക്കേഴ്സ് സംഘ് (ബി.എം.എസ്.) കണ്ണൂർ ജില്ലാ സമ്മേളനം സ്വാമി വിവേകാനന്ദ വിദ്യാലയം തളിപ്പറമ്പിൽ വെച്ചുനടന്നു. ബി.എം.എസ്. കണ്ണൂർ ജില്ലാപ്രസിഡന്റ് സി.വി. തമ്പാന്റെ അദ്ധ്യക്ഷതയിൽ ഭാരതീയ കോമൺ വർക്കേഴ്സ് സംഘ് സംസ്ഥാന ജനറൽസെക്രട്ടറി ടി.ജെ. ജോബുലാൽ ഉദ്ഘാടനം ചെയ്തു.

ഓൺലൈൻ സേവനരംഗത്തു വിപ്ലവകരമായ മാറ്റം കൊണ്ടുവരാൻ കോമൺ സർവീസ് സെന്ററുകൾ (സി.എസ്.സി.) വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. സർക്കാർ പദ്ധതികളും സേവനങ്ങളും സാധാരണക്കാരിലേയ്ക്ക് നേരിട്ട് എത്താൻ സി.എസ്.സി.യിലൂടെ സാധിച്ചു എന്നും ഉദ്ഘാടന പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു.



ഭാരതീയ കോമൺ സർവീസ് സെന്റർ വർക്കേഴ്സ് സംഘ് കണ്ണൂർ ജില്ലാ സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ടി.ജെ.ജോബുലാൽ ഉദ്ഘാടനം ചെയ്യുന്നു.

കേരളത്തിൽ സി.എസ്.സി.കൾ നേരിടേണ്ടിവരുന്ന അവഗണനകൾക്കെതിരെ ശക്തമയി പ്രതിഷേധിക്കാനും കോമൺ സർവീസ് സെന്ററുകൾക്ക് സമാനമായ രീതിയിൽ വരുന്ന അനധികൃത ഓൺലൈൻ സേവനകേന്ദ്രങ്ങൾക്കെതിരെ കർശന നടപടി എടുക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ജില്ലാസെക്രട്ടറി ജഗൻ പയ്യന്നൂർ, ശ്യാംകുമാർ, അഭിലാഷ്, ഇ.വി. തുടങ്ങിയവർ സംസാരിച്ചു.

ഭാരവാഹികൾ

സി.വി. തമ്പാൻ-പ്രസിഡന്റ്, അജിത് നമ്പ്യാർ-വർക്കിങ് പ്രസിഡന്റ്, അഭിലാഷ്, ഇ.വി. അജിത്, ടി. വൈസ്പ്രസിഡന്റ്, ജഗദീശൻ, കെ.വി.-ജില്ലാസെക്രട്ടറി, ഷാരോൺ, ധനഞ്ജയൻ, നിഷാന്ത്, എൻ.ജോയിന്റ്-സെക്രട്ടറി, പ്രേംരാജ്-ടഷറർ.




ഡി.ആർ.കെ.എസ്. പാലക്കാട് ഡിവിഷണൽ കൗൺസിൽ ബി.എം.എസ്. ജില്ലാ പ്രസിഡന്റ് സലിം തെന്നിലാപുരം ഉദ്ഘാടനം ചെയ്യുന്നു.



അസംഘടിത തൊഴിലാളി സംഘം കാസർഗോഡ് ജില്ലാ വാർഷിക സമ്മേളനം ഫെഡറേഷൻ സെക്രട്ടറി ദേവുഉണ്ണി ഉദ്ഘാടനം ചെയ്യുന്നു.



എൻ.ജി.ഒ സംഘ് തൃശൂർ ജില്ലാ സമ്മേളനം സംസ്ഥാന ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എസ്.രാജേഷ് ഉദ്ഘാടനം ചെയ്യുന്നു.